
KNANAYADEEPAM
SINCE 1989

# ക്നാനായദീപം

Vol: 32 / Issue: 2 February 2021 ₹ :15/-



## നീതിമാന്റെ ഓർമ്മ അനുഗ്രഹത്തിനായിത്തീരട്ടെ



# ACHADIPURA HOMESTAY

Contact Mob: 9822123001, 9970445066
Email: achadipurahomestay@gmail.com
Visit us at: www.achadipurahomestay.com

Looking for a place for your wedding stay, short or long vacations, family get togethers near Chingavanam?

Achadipura Homestay offers a heritage home with 3 air conditioned bed rooms with attached changing rooms and bathrooms. It also has a drawing cum dining hall, a pantry and kitchen.

The long verandah with a decorative garden in serene surroundings provide an ideal location for photo shoots.

# ക്നാനായദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ ചെയ്യുന്നതിന് അവസരമുണ്ട്.




കോവിഡ് മഹാമാരിമൂലം യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുള്ള ഈ പശ്ചാത്തലത്തിൽ ക്നാനായ ദീപത്തിലേയ്ക്കുള്ള പരസ്യങ്ങളും, മാറ്ററുകളും ഓൺലൈൻ ആയി അയയ്ക്കാവുന്നതാണ്.

E-mail: kna.deepam@gmail.com,
Whats App No. 8547584440

പരസ്യചാർജ്ജുകളും, വരിസംഖ്യയും ഓൺലൈനായി ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാവുന്നതാണ്.

## Bank Details

A/c No: 57004254154
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam,
IFSC SBIN0070128

M/S Knanaya Deepam
A/c No: 12990200001178
Federal Bank,
Chingavanam
IFSC FDRL0001299

E-mail: kna.deepam@gmail.com, Whats App No. 8547584440

Contact : ഫാ. ജേക്കബ് കല്ലുകുളം, മാനേജിംഗ് എഡിറ്റർ
9447563240, 8547584440

# ക്നാനായ ദീപം

SINCE 1989

2021 ഫെബ്രുവരി പുസ്തകം 32 ലക്കം 2

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

കൃതജ്ഞതയുടെ മാധുര്യം 08
സി.കെ. ചാക്കോ കൊച്ചുപറമ്പിൽ

ചരിത്രം തിരുത്തിയ ആ വൻമതിൽ 09
സുനിൽ ഡി. കുരുവിള

വരവേൽപ്പ് 10
സണ്ണി ചാക്കോ കുഴിപറമ്പിൽ

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജയിംസ് തോട്ടത്തിൽ

ലക്ഷ്യം (ഗോൾ) 17
അനൂബ് ജോൺ ചക്രവേലിൽ

ഏവൻഗേലിയോൻ ദീപം 19
ഫാ. ലിജോ ഏലിയാസ് ജോസഫ്

മഞ്ഞനിക്കര കുന്നിലെ പരിമളം 21
ഫാ. ലിബിൻ എബ്രഹാം

വിവാഹം 22
ജയ്നമ്മ മർക്കോസ്

23 കാല്പ്പാടുകൾ
എബി

24 മലർവാടിക്കൂട്ടം

25 ക്ഷമയുടെ മാഹാത്മ്യം
റ്റി. സി. തോമസ് തോപ്പിൽ

26 മല്പാനോടു ചോദിക്കാം

35 നോമ്പുകാലം
ഫാ. ഷാജൻ കുര്യൻ

37 നിശ്ശബ്ദതയുടെ ശക്തി
ഡോ. ഐബി ജോസ് കിഴക്കേടത്ത്

40 അതെ ആ മനുഷ്യൻ നീ തന്നെ
റ്റി. കെ. തോമസ് തൈക്കുറിഞ്ഞിയിൽ

41 നേതൃത്വ വാസന
കെ. എം. മാനുവൽ

42 മാട്രിമോണിയൽ


ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)


**Visit www.knanayadeepam.in**



**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 85475 84440
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

**നമ്മുടെ ഉത്തമ സമ്പത്ത് സ്വർഗ്ഗത്തിലാണെന്നു നാം പറയുന്നു പക്ഷേ എല്ലാ സമ്പത്തും ഈ ഭൂമിയിലാണെന്നുള്ള മട്ടിലാണല്ലോ ജീവിക്കുന്നത്. പണത്തോട് അടുക്കുമ്പോൾ പലരുടെയും വിധം മാറുന്നു.**



# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

2021 ലെ ഒരു മാസം പിന്നിടുവാൻ ദൈവം നമ്മെ അനുവദിച്ചു. വരാമായിരുന്ന എല്ലാ അപകടങ്ങളിൽനിന്നും നമ്മെ പാലിച്ച ആ ദൈവത്തിന് ആയിരം ആയിരം നന്ദി.

'വേണ്ടാത്തതു വേണം വേണ്ടത് വേണ്ടാ ഇതാണ് ഇന്നത്തെ ലോകത്തിന്റെ ദീനം. നമ്മുടെ ദിനചര്യയിൽ പോലും ആവശ്യമില്ലാത്തത് പലതും നമുക്കുണ്ട്. ആവശ്യമുള്ളത് പലതും നമുക്കില്ല. ഇന്നു നമുക്ക് ഉള്ളതൊക്കെ ഒന്നു പരിശോധിച്ചാൽ ഇത് നിഷ്പ്രയാസം മനസ്സിലാക്കുവാൻ കഴിയും. എന്റെ ഏറ്റവും വലിയ ആവശ്യമെന്താണ്. ഈ ചോദ്യത്തിന് മറുപടി കണ്ടുപിടിക്കയും ആ വലിയ ആവശ്യം സാധിക്കുകയും ചെയ്യുകയാണ് ക്രിസ്തീയ ജീവിതത്തിന്റെ വിജയ രഹസ്യം. ഇതിന് പല ഉത്തരങ്ങളും പറയുവാൻ സാധിക്കും. എന്നാൽ ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് എന്റെ ഏറ്റവും വലിയ ആവശ്യം എന്ത്? നമ്മുടെ കർത്താവ് തന്നെ ഈ ചോദ്യത്തിന് നമുക്ക് മറുപടി നൽകട്ടെ. അല്പമേ വേണ്ടൂ. അല്ല ഒന്നു മതി. മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു അത് ആരും അവളോട് അപഹരിക്കുകയില്ല (ലൂക്കോ. 10:42). മറിയ തിരഞ്ഞെടുത്ത ആ നല്ല അംശം അതാണ്. അതു മാത്രമാണ് നമുക്ക് വേണ്ടത്. കർത്താവായ യേശുക്രിസ്തുവുമായുള്ള കൂട്ടായ്മ. വിശ്വാസികളായ നമ്മുടെ ഏറ്റവും വലിയ ആവശ്യമാണ് അത്. ലൂക്കോ. 22:54ൽ പത്രോസ് അകലം വിട്ട് പിൻചെന്നു എന്ന വാക്യം ശ്രദ്ധിക്കുക. പത്രോസ് പിൻചെന്നു പക്ഷേ അകലം വിട്ടാണ് നിന്നത്. തനിക്കും കർത്താവിനും ഇടയ്ക്ക് ഒരു അകലം അവൻ വിട്ടിരുന്നു. അപ്പോൾ ആ അകലം അല്പം ആവശ്യമാണെന്ന് അവനു തോന്നി. എന്നാൽ സംഭവിച്ചതെന്താണ്. കർത്താവിനെ മൂന്നു വട്ടം തള്ളിപ്പറയുവാൻ ഇടയായി. നിനക്കും കർത്താവിനും ഇടയിൽ ഒരു ചെറിയ അകലം ഉണ്ടോ എങ്കിൽ ഉടനെ അവനോട് അടുത്തു ചെല്ലുക അതാണ് നിന്റെ ഏറ്റവും വലിയ ആവശ്യം. എങ്കിലെ നമ്മുടെ ശശ്രൂഷ അനുഗ്രഹിക്കപ്പെടുകയുള്ളു. കർത്താവ് അപ്പോസ്തോലന്മാരെ നിയമിച്ചതെന്തിനാണെന്ന് ഇന്നത്തെ വൈദികരും, മേല്പട്ടക്കാരും, സുവിശേഷകരും ശ്രദ്ധിച്ചിരുന്നെങ്കിൽ എത്ര നല്ലതായിരുന്നു. മർക്കോ. 3:14. അവൻ തന്നോടുകൂടെ ഇരിപ്പാനും, പ്രസംഗിക്കേണ്ടതിനും ഭൂതങ്ങളെ പുറത്താക്കേണ്ടതിനും അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു. തന്നോടുകൂടെ വസിക്കാതെ ഫലം കായിപ്പാൻ സാധ്യമല്ല. എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല എന്നു കർത്താവ് പറയുന്നു. നമ്മുടെ ശുശ്രൂഷ അനുഗ്രഹകരമാകാൻ കർത്താവിനോട് പറ്റി ചേർന്നിരിക്കാം.

എന്നാൽ ഇന്നത്തെ ക്രിസ്ത്യാനികളെക്കുറിച്ച് നമുക്ക് ഒന്നു ചിന്തിക്കാം. "ഞാൻ ഏതായാലും കോടതിയിൽ സത്യം പറയുവാൻ പോകുകയാണ്. അദ്ദേഹത്തിന് കൃഷി ചെയ്യാൻ സ്ഥലം ഞാൻ കൊടുത്തതു തന്നെയാണ്. എപ്പോൾ ആവശ്യപ്പെട്ടാലും വിട്ടു തരാമെന്ന് അന്ന് പറഞ്ഞതായിരുന്നു. ഒരു ക്രിസ്ത്യാനി ആണല്ലോ എന്ന് ഞാൻ ഓർത്തു." ഒരു നായർ സ്നേഹിതൻ പറഞ്ഞതാണ്. അയാൾ സ്ഥലം കൊടുത്ത വിശ്വാസി ഇപ്പോൾ സ്ഥലം വിട്ടു കൊടുക്കുകയില്ല. ഇപ്പോഴത്തെ ഭൂനിയമം അനുസരിച്ചു കുറേ സ്ഥലം സ്വന്തമായി വേണമെന്നാണ് പറയുന്നത്. കേസ് നടക്കുകയാണ്. നിയമത്തിന്റെ മുമ്പിൽ വിശ്വാസി ജയിച്ചേക്കാം. അന്യന്റെ കുറെ സ്ഥലം സ്വന്തമായി കിട്ടിയെന്നു വരും പക്ഷേ വിശ്വാസികൾ എന്ന് നാട്ടുകാർ പറയും ക്രിസ്തീയ സാക്ഷ്യം നഷ്ടപ്പെടും അത്രമാത്രം.

യാക്കോബായക്കാർ കഷ്ടപ്പെട്ട് ഭീമമായ തുക മുടക്കി മനോഹരമായി പണിത തങ്ങളുടെ സ്വന്തമായ പള്ളികൾ 52 എണ്ണം 34 ലെ നിയമം വച്ച് കോടതി വിധി ഉണ്ടാക്കി പിടിച്ചെടുത്തതിന്റെ അനന്തരഫലം എന്ത് എന്ന് വായിക്കുന്നവൻ ചിന്തിക്കട്ടെ. സ്വർഗ്ഗത്തിൽ നിലനിൽക്കുന്ന ഉത്തമ സമ്പത്ത് നിങ്ങൾക്ക് ഉണ്ട് എന്നറിഞ്ഞ് സമ്പത്തുകളുടെ അപഹാരം സന്തോഷത്തോട് സഹിച്ചുവല്ലോ എന്നാണ് വിശ്വാസികളെപ്പറ്റി എബ്രായാ ലേഖകൻ എഴുതിയത്. നമ്മുടെ ഉത്തമ സമ്പത്ത് സ്വർഗ്ഗത്തിലാണെന്നു നാം പറയുന്നു പക്ഷേ എല്ലാ സമ്പത്തും ഈ ഭൂമിയിലാണെന്നുള്ള മട്ടിലാണല്ലോ ജീവിക്കുന്നത്. പണത്തോട് അടുക്കുമ്പോൾ പലരുടെയും വിധം മാറുന്നു. ഭൂമിയിൽ സമ്പത്ത് സ്വരൂപിക്കുവാനായി അക്ഷീണ പരിശ്രമം ചെയ്യുന്ന വിശ്വാസികളാണ് പലരും. ആ പരിശ്രമത്തിന്റെ ഫലമായി നാട്ടിലെ സമ്പന്നന്മാരിൽ മുമ്പന്മാരായി ത്തീർന്ന പലരും ഉണ്ട്. നമ്മുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. നമ്മേ പറ്റി മറ്റുള്ളവർ എന്തു പറയുന്നു എന്ന് ചിന്തിച്ച് സാക്ഷ്യമുള്ള ജീവിതം നയിക്കാൻ ക്രിസ്തുവിനോട് പറ്റിച്ചേർന്നിരിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ
എന്ന്
**നിങ്ങളുടെ സ്വന്തം റോയി അച്ചൻ**



## സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

2021 ലെ വലിയ നോമ്പ് ഫെബ്രുവരി 15 ന് ആരംഭിക്കുകയാണല്ലോ. കഴിഞ്ഞ വലിയ നോമ്പ്ദിവസങ്ങളിലായിരുന്നു കൊറോണ വൈറസ് ലോകം മുഴുവൻ വ്യാപിച്ചത്, തന്മൂലം നമ്മിൽ അനേകർക്ക് യേശുവിന്റെ ഉയിർപ്പു പെരുന്നാളിൽപോലും ദൈവാലയത്തിൽ പോയി ആരാധനയിൽ സംബന്ധിക്കുവാൻ സാധിച്ചില്ല. ദൈവസന്നിധിയിലുള്ള പ്രാർത്ഥനയോടെ ഈ വർഷത്തെ വലിയ നോമ്പിലേക്ക് പ്രവേശിക്കാം.

ഈ വർഷത്തെ നോമ്പ് നമ്മുടെ ജീവിതത്തിൽ ഒരു 'തിരുത്തലിന്റെ അവസരമാകേണ്ടതുണ്ട്.' നമ്മുടെ തെറ്റായ ജീവിത രീതികളെയും, സമീപനങ്ങളേയും, കാഴ്ചപ്പാടുകളേയും തിരുത്തേണ്ടതായിട്ടുണ്ട്. ഇപ്പോഴത്തെ പെൻസിൽ ശ്രദ്ധിച്ചാൽ എഴുതുവാൻ ഒരു അഗ്രമുണ്ട്. അതിന്റെ മറ്റേ അറ്റത്ത് ഒരു റബർ ഉണ്ട്. അതിന്റെ ഉദ്ദേശം വ്യക്തമാണ്. തെറ്റുകൾ ഉണ്ടാകുമ്പോൾ തിരുത്തുക. ഇത് നമ്മുടെ ജീവിതത്തിലും ഉണ്ടാകണം. നോമ്പിന്റെ യാത്രയിൽ വിശ്വാസിയുടെ ജീവിതത്തിൽ ഉണ്ടായ തെറ്റുകളെക്കുറിച്ച് അനുതപിക്കുക. അവയെ തിരുത്തുവാനുള്ള ഒരുക്കം ഉണ്ടാകേണ്ടതുണ്ട്.

നോമ്പ് നമുക്ക് നല്കുന്ന മറ്റൊരു ആഹ്വാനം 'ക്രിസ്തുവിന് മുഖ്യമായ സ്ഥാനം ജീവിതത്തിൽ നല്കണമെന്നതാണ്. ലൗകികമായ ആസക്തികളിൽ നാം ആയിരിക്കുമ്പോൾ നാം ഓരോരുത്തരും ചോദിക്കേണ്ട ഒരു ചോദ്യമാണ് എന്റെ വിശ്വാസ ജീവിതയാത്രയിൽ ക്രിസ്തുവിന് എന്ത് സ്ഥാനം നല്കുന്നു എന്നത്. ഇന്ന് ക്രിസ്തുവിനെ ജീവിതത്തിൽ നിന്നു സൗകര്യപ്രദമായി മാറ്റി നിർത്തി സകല ദുഷ്ടതകളും പ്രവർത്തിക്കുമ്പോൾ ഓർക്കണം 'Christ is the Unseen Guest in our midst who is Watching all our deeds' ഇത് ചിന്തിച്ച് ജീവിതത്തെ നവീകരിക്കുവാൻ നോമ്പ് ഉപയുക്തമാകണം.

നോമ്പ് വിശ്വാസത്തിൽ ആഴപ്പെടാനും നിഷ്ഠയുള്ള ജീവിതത്തിനും പ്രേരണയാകണം. അതുപോലെ നമ്മിൽനിന്ന് കാരുണ്യത്തിന്റെ ഹസ്തങ്ങൾ നീട്ടപ്പെടാനും ഇടയാകണം. ഈ വർഷത്തെ നോമ്പ് ദിനങ്ങൾ നമ്മിൽ വലിയൊരു വ്യതിയാനത്തിന്റെയും, നവീകരണത്തിന്റെയും വിത്തു പാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

19-ാം ക്നാനായ കൺവൻഷൻ നമ്മുടെ കറ്റോട് പള്ളിയുടെ അങ്കണത്തിൽ 17-ാം തീയതി മുതൽ 21 വരെ കോവിഡ് നിയന്ത്രണങ്ങളോടെ നടത്തുവാനായി എല്ലാ ക്രമീകരണങ്ങളും മലങ്കര സുറിയാനി ക്നാനായ സുവിശേഷ സമാജം നടത്തിക്കൊണ്ടിരിക്കുന്നു. ലൈവ് ടെലികാസ്റ്റ് ക്രമീകരിച്ചിട്ടുണ്ട്. ഇതിന്റെ അനുഗ്രഹത്തിനായി ഏവരും പ്രാർത്ഥിക്കണം. ഈ ദിവസങ്ങളിൽ കുടുംബമായി ഓൺലൈനിൽ വചന ശുശ്രൂഷകളിൽ പങ്കെടുക്കണം. അതിലൂടെ വചനം നമ്മെ രൂപപ്പെടുത്തട്ടെ എന്ന് ആശംസിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവരേയും അനുമോദിക്കുന്നു. 2021 ലെ ക്നാനായ കൺവൻഷൻ അനുഗ്രഹീതമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

രാജ്യ തലസ്ഥാന പരിസരത്ത് ആഴ്ചകളായി കർഷകർ സമരം നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. സർക്കാർ പുതുതായി അവതരിപ്പിച്ച ബില്ലുകൾ പരമ്പരാഗതരായ കർഷകർക്ക് വിനയാകുമെന്നും, കൃഷി കുത്തക കമ്പനികളുടെ സ്വന്തമായി തീരുമെന്ന ആശങ്കകളുമാണല്ലോ കർഷകരെ സമരമുഖത്തേക്ക് നയിച്ചത്. കർഷകരാണ് നമ്മുടെ അന്നം വിളയിക്കുന്നവർ എന്നത് ഉൾക്കൊണ്ട് അനുയോജ്യമായ തീരുമാനങ്ങൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം

CSI മദ്ധ്യകേരള ഇടവകയ്ക്ക് പുതിയ ഇടയനെ ലഭിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. ദൈവത്താൽ വിളിച്ച് വേർതിരിക്കപ്പെട്ട സഭയുടെ മുഖ്യ ശുശ്രൂഷകനായ റൈറ്റ്. റവ.ഡോ. മലയിൽ സാബു കോശി ചെറിയാൻ ബിഷപ്പിനെ പ്രത്യേകം അനുമോദിക്കുന്നു. നവാഭിഷിക്തനായ ബിഷപ്പിന് തന്റെ കർമ്മ മണ്ഡലങ്ങളിൽ കൂടുതൽ പ്രവർത്തിക്കുവാൻ ദൈവം ഇടയാക്കട്ടെ.

കോവിഡ് വ്യാപനം കൂടുതലായികൊണ്ടിരിക്കുന്ന സാഹചര്യമാണല്ലോ. വാക്സിനുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. സാമൂഹിക അകലം പാലിച്ച്, മാസ്ക്കുകൾ ഉപയോഗിച്ച് പരമാവധി ഈ സാംക്രമിക രോഗത്തെ ചെറുക്കുവാൻ ശ്രമിക്കാം.

നോമ്പു കാലത്തിൽ ലോകത്തിന്റെ രുചികളെ വെടിഞ്ഞ് ദൈവമാകുന്ന രുചിയെ സ്വീകരിക്കുവാൻ ഏവർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

**സമുദായ മെത്രാപ്പോലീത്താ**

**നോമ്പ് വിശ്വാസത്തിൽ ആഴപ്പെടാനും നിഷ്ഠയുള്ള ജീവിതത്തിനും പ്രേരണയാകണം. അതുപോലെ നമ്മിൽനിന്ന് കാരുണ്യത്തിന്റെ ഹസ്തങ്ങൾ നീട്ടപ്പെടാനും ഇടയാകണം. ഈ വർഷത്തെ നോമ്പ് ദിനങ്ങൾ നമ്മിൽ വലിയൊരു വ്യതിയാനത്തിന്റെയും, നവീകരണത്തിന്റെയും വിത്തു പാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.**



റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

ക്നാനായ സമുദായ ദിനമായ ജനുവരി 15 ഉം, സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ പതിനേഴാമത് മെത്രാഭിഷേകദിനവും ആഘോഷങ്ങളില്ലാതെ പ്രാർത്ഥനാപൂർവ്വം 2021 –എന്ന ഈ പുതുവർഷത്തിൽ ആഘോഷിക്കുവാൻ ദൈവം തമ്പുരാൻ അവസരം നൽകി. സമുദായ മെത്രാപ്പോലീത്ത ആയ നമ്മുടെ ഗോത്ര പിതാവിന് മെത്രാഭിഷേക ദിനത്തിൽ ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്ന ക്നാനായ മക്കൾ ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ അർപ്പിച്ചു. മുമ്പിൽ നിന്ന് നേതൃത്വം നൽകി ക്നാനായ മക്കളോടും ഞങ്ങൾ കമ്മറ്റിക്കാരോടും ഒപ്പം നിന്ന് നയിക്കുന്ന പിതാവിന് അഭിവാദ്യങ്ങൾ അർപ്പിക്കുന്നു. ഇപ്പോഴത്തെ മാനേജിംഗ് കമ്മിറ്റി നിലവിൽ വന്നതിനുശേഷം സമുദായ മെത്രാപ്പോലീത്തായുടെ ഓരോ മെത്രാഭിഷേകവർഷങ്ങളിലും ഓരോ പുതിയ പ്രോജക്ടുകൾ ആരംഭിക്കുവാൻ കമ്മിറ്റിക്ക് സാധിച്ചു എന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.

14–ാമത്തെ മെത്രാഭിഷേക വർഷം നമ്മുടെ പൂർവ്വപിതാക്കന്മാർ വന്നിറങ്ങിയ കൊടുങ്ങല്ലൂരിൽ സമുദായത്തിന് സ്വന്തമായി സ്ഥലം വാങ്ങിച്ചു സ്മാരക നിർമ്മാണം തുടങ്ങി. കോവിഡ് 19 മൂലം ചില പ്രതിസന്ധികൾ ഉണ്ടായിരുന്നതുകൊണ്ട് കാലതാമസം ഉണ്ടായി എങ്കിലും ഈ വരുന്ന മാർച്ചിൽ പൈതൃകസ്മാരകം കൂദാശ ചെയ്യുവാൻ കഴിയും എന്ന് ദൈവത്തിൽ പ്രത്യാശിക്കുന്നു.

15–ാമത് മെത്രാഭിഷേക വർഷം നിലമ്പൂർ വടപുറം സ്കൂളിനു സേവേറിയോസ് ബ്ലോക്ക് എന്ന നാമത്തിൽ പുതിയ കോൺക്രീറ്റ് കെട്ടിട സമുച്ചയം നിർമ്മിച്ചു കൂദാശ ചെയ്തു.

16–ാമത് മെത്രാഭിഷേക വർഷത്തിൽ, യാതൊരു അറ്റകുറ്റപ്പണികളും നടത്താതെ പത്തു വർഷത്തിൽ അധികം ജീർണ്ണിച്ചു കിടന്ന മോർ അപ്രേം സെമിനാരി ആധുനീകരിച്ചു വാസയോഗ്യം ആക്കി. സാമ്പത്തിക പ്രതിസന്ധി മൂലം അപ്രേം സെമിനാരിയുടെ ഫർണിഷിംഗ് മുഴുവൻ പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. മാർച്ചിന് മുമ്പ് തന്നെ ഇതര സഭകളുടെ ആസ്ഥാന മന്ദിരത്തിനൊപ്പം നമ്മൾക്കും അഭിമാനിക്കാവുന്ന രീതിയിൽ ഫർണിഷിങ്ങ് ചെയ്തു പൂർത്തികരിച്ചു കൂദാശ ചെയ്യുവാൻ ദൈവത്തിൽ ശരണപ്പെടുന്നു.

ചിങ്ങവനത്ത് പുതുതായി ക്നാനായ മെഡിക്കൽ മിഷൻ ഹോസ്പിറ്റലിനും സേവേറിയോസ് പാലിയേറ്റീവ് കെയർ സെന്ററിനും തുടക്കം കുറിച്ചതും 16–ാം മെത്രാഭിഷേക വർഷം ആയിരുന്നു.

17–ാമത് മെത്രാഭിഷേക വർഷം പത്തേക്കർ സ്ഥലം സമുദായത്തിന് സ്വന്തമായി വാങ്ങി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ചു.

സമുദായത്തിന്റെ സ്വപ്ന പദ്ധതിയായ കോളേജ് സമുച്ചയം അവിടെ ആരംഭിക്കുന്നതിനുള്ള പ്രാരംഭ ജോലികൾ തുടങ്ങിക്കഴിഞ്ഞു. ധാരാളം സമുദായ അംഗങ്ങൾക്ക് ജോലി ലഭിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് ആ സ്ഥലത്ത് വിഭാവനം ചെയ്തുകൊണ്ടിരിക്കുന്നത്.

ഇനിയുള്ള വർഷങ്ങൾ സമുദായം വികസനക്കുതിപ്പിലൂടെ മുന്നേറുവാൻ എല്ലാവരുടെയും അകമഴിഞ്ഞ പ്രാർത്ഥന ഉണ്ടാവണം എന്ന് അഭ്യർത്ഥിക്കുന്നു. ക്നാനായ കമ്മിറ്റി വികസന പ്രവർത്തനങ്ങൾക്ക് മുൻകൈ എടുത്ത് പ്രവർത്തിക്കുമ്പോൾ അതിനെ നിരുത്സാഹപ്പെടുത്തുന്ന രീതിയിൽ സോഷ്യൽ മീഡിയയിൽ കൂടി കുപ്രചരണങ്ങൾ നടത്തുന്നത് വളരെ വേദനാജനകമാണ്. ഇപ്പോൾ പത്തേക്കർ സ്ഥലം സമുദായം സ്വന്തമാക്കി ഇതുമായി ബന്ധപ്പെട്ട് ഇറങ്ങുന്ന കുപ്രചരണങ്ങളിൽ സമുദായ ജനം വശംവദരാകില്ല എന്ന് ഉറപ്പ് ഉണ്ട്. യഥാർത്ഥ വസ്തുതകൾ കോളേജിന്റെ സെക്രട്ടറി ഷെവ. പ്രസാദ് കോയിക്കൽ സോഷ്യൽ മീഡിയയിൽ കൂടി ജനങ്ങളെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ കഴിഞ്ഞ ദിവസം അഭിവന്ദ്യ സമുദായ മെത്രാപ്പോലീത്ത കുര്യാക്കോസ് മോർ സേവേറിയോസ് തിരുമേനി ചാന്നാനിക്കാട് ദേവാലയത്തിൽ നടത്തിയ പ്രസംഗത്തിൽ അക്കാര്യം വിശദീകരിക്കുകയും ചെയ്തു.




സമുദായ അംഗങ്ങളെ ഏറ്റവും അധികം വേദനിപ്പിച്ച ഒരു സംഭവമായിരുന്നു ജനുവരി മാസം 24–ാം

തീയതി ഞായറാഴ്ച സമുദായ മെത്രാപ്പോലീത്തായെയും സമുദായ സെക്രട്ടറിയെയും അധിക്ഷേപിച്ചു കൊണ്ട് ഒരു മീറ്റിങ്ങ് മുൻ സമുദായ ഭാരവാഹികളും ഇപ്പോഴത്തെ 2 ഭാരവാഹികളും ലൈവ് ടെലികാസ്റ്റ് ചെയ്തതും സാമൂഹ്യ മാധ്യമങ്ങളിൽ കൂടി പ്രചരിപ്പിച്ചതും. ഇതിനെതിരെ ഒരു പ്രതിഷേധ മീറ്റിംഗ് ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ 31-01-2021 ൽ ചിങ്ങവനത്ത് ക്ലീമീസ് സെന്ററിൽ നടത്തുകയുണ്ടായി. ഈ മീറ്റിങ്ങുകളുടെ വിശദീകരണത്തിലേക്കു പോകുവാൻ ആഗ്രഹിക്കുന്നില്ല. ഇപ്പോഴും സോഷ്യൽ മീഡിയയിൽ അത് പ്രചരിച്ചുകൊണ്ടിരിക്കുകയാണ്.

01-02-2021 ന് അപ്രേം സെമിനാരിയിൽ നടന്ന ക്നാനായ കമ്മിറ്റിയിൽ ഏകകണ്ഠേന രണ്ട് തീരുമാനങ്ങൾ പാസ്സാക്കി.

ആദ്യ തീരുമാനം, സമുദായ മെത്രാപ്പോലീത്തയെ പരസ്യമായി അവഹേളിക്കുകയും, അപകീർത്തിപ്പെടുത്തി പ്രസംഗിച്ച് അത് സോഷ്യൽ മീഡിയയിൽ കൂടി പ്രസിദ്ധപ്പെടുത്തി സമുദായത്തിന് അപമാനം ഉണ്ടാക്കുകയും ചെയ്തവർക്ക് എതിരായി നടപടി എടുക്കണമെന്നും രണ്ടാമത്തെ തീരുമാനം ക്നാനായ സമുദായ അസ്സോസിയേഷൻ ഹാൾ അതിന്റെ പ്രവർത്തനത്തിന് ഉതകുന്ന രീതിയിൽ പൂർവ്വസ്ഥിതിയിലാക്കണം എന്നുമാണ്.

12 പേർ പങ്കെടുത്ത കമ്മിറ്റിയിൽ ഒരാൾ ബഹിഷ്കരിച്ചു പുറത്തുപോയി. ശേഷം ഉണ്ടായിരുന്ന 11 കമ്മിറ്റി അംഗങ്ങൾ രണ്ട് തീരുമാനങ്ങളും ഏകകണ്ഠേന പാസ്സാക്കി സമുദായ മെത്രാപ്പോലീത്തായ്ക്ക് സമർപ്പിച്ചു

ബഹുമാനപ്പെട്ട വൈദിക ശ്രേഷ്ടരെ,

ഇപ്പോഴത്തെ കമ്മിറ്റി നിലവിൽ വന്നപ്പോൾ ആദ്യം എടുത്ത തീരുമാനം വൈദികരുടെ ശമ്പളസ്കെയിൽ വർദ്ധിപ്പിക്കുക എന്നതായിരുന്നു. അതിനുവേണ്ടി പല കമ്മിറ്റികളും കൂടി എടുത്ത തീരുമാനം നിലവിൽ 9190 രൂപ ഉണ്ടായിരുന്ന വൈദിക ശമ്പളം 16500 രൂപയായി വർദ്ധിപ്പിക്കുകയും, 17420 രൂപ ആയിരുന്ന ഉയർന്ന ശമ്പളം 25200 രൂപയിൽ വർദ്ധിപ്പിക്കുകയും ചെയ്തു. ഇത് അസ്സോസിയേഷനിൽ വച്ച് പാസ്സാക്കി നടപ്പിൽ വരുത്തി. ഒറ്റ അടിക്ക് ഇത്രയും വലിയ വർദ്ധനവ് ഏതാണ്ട് 80% വരെ ശമ്പള വർദ്ധനവ് വരുത്തിയ ഒരു കമ്മിറ്റി മുമ്പ് സമുദായത്തിൽ ഉണ്ടായിട്ടുണ്ടോ എന്ന് അവരവരുടെ മനസ്സാക്ഷിയോട് ചോദിക്കുക.

കോവിഡ് -19 ആരംഭിച്ചപ്പോൾ മുതൽ പല ക്രിസ്തീയ സഭകളുടെയും എന്തിനു പറയുന്നു യാക്കോബായ സഭയിലെ കോട്ടയം ഭദ്രാസനം വരെ വൈദിക ശമ്പളം 50% വരെ വെട്ടിച്ചുരുക്കിയപ്പോഴും, സമുദായ ട്രസ്റ്റി വൈദികരുടെ ശമ്പളം പകുതി കൊടുത്താൽ മതിയെന്ന് ഓഫീസിൽ നിർദ്ദേശം കൊടുത്തപ്പോളും, (മൂന്ന് മാസം ശമ്പളം മുടങ്ങിയത് ഒഴിച്ചാൽ) ഒരു രൂപാ പോലും കുറയാതെ മുടങ്ങിക്കിടക്കുന്ന ശമ്പളം ഉൾപ്പെടെ മുഴുവൻ ശമ്പളവും വിദേശത്തും നാട്ടിലുമുള്ള പള്ളികളുടെ സഹകരണവും ഒക്കെ മൂലം വൈദികർക്ക് കൊടുക്കുവാൻ ഇപ്പോൾ നിലവിൽ ഉള്ള കമ്മിറ്റിക്ക് കഴിഞ്ഞു എന്നത് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

കൂടാതെ P.F ന്റെ കാര്യമെടുത്താൽ 2018 ഓഗസ്റ്റ് മാസം ഇപ്പോഴത്തെ ക്നാനായ കമ്മിറ്റി നിലവിൽ വന്നപ്പോൾ വൈദികരുടെ പി എഫ് കുടിശ്ശിഖ 10 ലക്ഷം രൂപ ആയിരുന്നു. ഞങ്ങൾ ചുമതലയേറ്റു കഴിഞ്ഞു 2019 മാർച്ചിൽ ഞങ്ങളുടെ സമയത്തു ഉണ്ടായിരുന്ന ആറുമാസം കുടിശ്ശിഖ 3 ലക്ഷം രൂപയും 2019 മാർച്ച് മുതൽ 2020 മാർച്ച് വരെയുള്ള കുടിശിഖ 616783 രൂപയുമാണ്. ഇങ്ങനെ ഞങ്ങളുടെ സമയത്ത് അടയ്ക്കുവാനുള്ള തുക 916783 രൂപ മാത്രം. അതിൽ ഈ മാസം 336888 രൂപ ഞങ്ങൾ P.F അടച്ചു. ഇനിയും ഞങ്ങളുടെ കാലയളവിലെ P.F ൽ അടയ്ക്കുവാനുള്ള തുക 6 ലക്ഷം രൂപ മാത്രമെ ഉള്ളു. അത് താമസിക്കാതെ അടക്കുകയും ചെയ്യും.

കോവിഡിന്റെ പശ്ചാത്തലത്തിലും 80% ശമ്പള വർദ്ധനവ് വർദ്ധിപ്പിച്ചത് കൊണ്ടുമാണ് ഈ ആറ് ലക്ഷം രൂപ അടയ്ക്കുവാൻ കഴിയാതെ വന്നത് എന്ന് ഓർക്കുക, എന്നു വിചാരിച്ച് 2012 മുതൽ 2018 വരെയുള്ള P.F കുടിശ്ശിഖയായ 10 ലക്ഷം രൂപ ഞങ്ങൾ അടയ്ക്കുകയില്ല എന്ന് തെറ്റിദ്ധരിപ്പിക്കുന്നത് തികച്ചും പൈശാചികം ആണ്. അത് അടച്ചിരിക്കും, ദോഷൈകദൃക്കുകൾ ദുർലാക്കോടെ ഉള്ള കുപ്രചാരങ്ങളിൽ വശംവദർ ആവരുതേ എന്ന് അപേക്ഷിക്കുന്നു.

മുൻ ഭാരവാഹികൾ വരുത്തി വച്ച ബാധ്യതകൾ കുറെശ്ശെയായി ഞങ്ങൾ തീർത്തുകൊണ്ടിരിക്കുകയാണ് എന്നുള്ള വിവരം ബഹുമാനപ്പെട്ട വൈദികരെ അറിയിക്കുന്നു. നിങ്ങളുടെ സഹകരണവും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഭരണഘടന പ്രകാരവും കോടതി വിധി പ്രകാരവും സമുദായ മെത്രാപ്പോലീത്തായ്ക്ക് വൈദികരുടെ സ്ഥലമാറ്റം നടത്തുന്നതിനും, ശെമ്മാശൻ പട്ടം കൊടുക്കുന്നതിനും ഒരു തടസ്സവും ഇല്ല എന്നുള്ള വിവരം സമുദായ അംഗങ്ങളെ അറിയിച്ചുകൊള്ളുന്നു. ഈ വക സമുദായ ആഭ്യന്തര കാര്യങ്ങൾ എന്തുകൊണ്ട് നടക്കുന്നില്ല. അതിന് വിലങ്ങു തടി ആരൊക്കെ ആണ് എന്നും, എന്തൊക്കെ ആണ് എന്നുമുള്ള കാര്യം സമുദായത്തെ സ്നേഹിക്കുന്ന സമുദായ മക്കളുടെ അന്വേഷണത്തിനായി വിടുന്നു.

കമ്മിറ്റിയെ സംബന്ധിച്ചിടത്തോളം സമുദായത്തിൽ സമാധാനം ഉണ്ടാകണമെന്നാണ് ആഗ്രഹം. അതിന് ഏത് ചർച്ചയ്ക്കും കമ്മിറ്റി അംഗങ്ങൾ തയ്യാറാണ് എന്നും സമുദായ അംഗങ്ങളെ ഒരിക്കൽ കൂടി അറിയിച്ചുകൊണ്ട് ക്നാനായ സമുദായത്തിലെ ശാശ്വത സമാധാനത്തിനു വേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചു കൊണ്ടും ദൈവത്തിൽ ശരണപ്പെട്ടു നിർത്തുന്നു.

എന്ന്
ക്നാനായ കമ്മിറ്റിക്കുവേണ്ടി
സമുദായ സെക്രട്ടറി
**റ്റി.ഒ. ഏബ്രഹാം, തോട്ടത്തിൽ**



# വിരമിച്ചു

**വെള്ളുത്തുരുത്തി സെന്റ് മേരീസ് ക്നാനായ പള്ളിയിൽ 38 വർഷക്കാലം ശുശ്രൂഷകനായി സേവനം ചെയ്ത റ്റോമി സഖറിയ ഇടവഴിക്കൽ**

# കൃതജ്ഞതയുടെ മാധുര്യം

സി.കെ. ചാക്കോ കൊച്ചുപറമ്പിൽ

ജീവിതം മാധുര്യപൂർണ്ണമാക്കുന്ന ഒന്നാണ് കൃതജ്ഞത. അത് ഹൃദയത്തിന്റെ സംഗീതമാണെന്ന് വിശേഷിപ്പിക്കാം. സംഗീതം ഒരേ സമയം ആലപിക്കുന്ന ആളിനേയും ശ്രോതാവിനേയും ആനന്ദിപ്പിക്കുന്നു. കൃതജ്ഞതാ പ്രകാശത്തിലും ഇതു സംഭവിക്കുന്നു. പക്ഷേ, അത് ആത്മാർത്ഥവും വ്യക്തിപരവുമായിരിക്കണം.

നാമൊരു പ്രവൃത്തി ചെയ്താൽ അത് അംഗീകരിക്കാതെയോ അതിന് നന്ദി പ്രകാശിപ്പിക്കാതെയോ ഇരുന്നാൽ ഏത് സാത്വികനും നിരാശജനിച്ചുവെന്നു വരാം. ക്രിസ്തുവിനുണ്ടായ ഒരനുഭവത്തെപ്പറ്റി സുവിശേഷത്തിൽ വെളിപ്പെടുത്തുന്നു. അവിടുന്ന് പത്തു കുഷ്ഠരോഗികളെ സൗഖ്യമാക്കി. അവരിൽ ഒരാൾ മാത്രമേ കൃതജ്ഞത അർപ്പിക്കുവാൻ ക്രിസ്തുവിന്റെ സന്നിധിയിൽ എത്തുന്നുള്ളൂ. അപ്പോൾ അവിടുന്നു ചോദിച്ചു; എവിടെയാണ് മറ്റുള്ള ഒമ്പതുപേർ? ആ മടങ്ങി വന്നവനാകട്ടെ യഹൂദസമൂഹം വെറുത്ത ശമര്യവർഗ്ഗത്തിൽപെട്ടവനായിരുന്നു. (വി.ലൂക്കോസ് 17:11–19). രണ്ടുകാര്യമാണ് സുവിശേഷകൻ ഈ സംഭവത്തിൽകൂടി ചൂണ്ടിക്കാണിക്കുന്നത്. ഒന്ന്, ഭ്രഷ്ഠരെന്നു കരുതപ്പെടുന്നവരിൽ കുലീനന്മാർ എന്നവകാശപ്പെടുന്നവരേക്കാൾ അധികം നന്മ ചിലപ്പോൾ കണ്ടെത്താം. രണ്ട്, ഒമ്പതുപേരും കൃതഘ്നരായി കടന്നുപോയതിൽ ക്രിസ്തുവിനുണ്ടായ അമർഷം വെളിപ്പെടുത്തുന്നു. ലഭിക്കുന്ന നന്മകൾക്കും സഹായങ്ങൾക്കും ദൈവത്തോടായാലും മറ്റുള്ളവരോടായാലും ഉചിതമായ വിധത്തിൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ നമുക്കു കഴിയേണ്ടതാണ്. നായ്ക്കൾപോലും വാലാട്ടിയും ദേഹത്ത് ഉരുമ്മിയും ചെറിയ ശബ്ദം പുറപ്പെടുവിച്ചും അവയുടെ നന്ദി പ്രകാശിപ്പിക്കാറുണ്ട്.

രോഗാവസ്ഥയിൽ ആശുപത്രിയിൽ വച്ച് ഒരാളുടെ രക്തം സ്വീകരിച്ച ഒരു വനിത, അവൾക്ക് രക്തം ദാനം ചെയ്ത വ്യക്തിയെ തിരിച്ചറിഞ്ഞു കൃതജ്ഞത പ്രകടിപ്പിക്കുവാൻ അത്യധികം ശ്രമിച്ചു. സാധിക്കാത്തതിനാൽ ആണ്ടുതോറും രക്തബാങ്കിൽ ചെന്ന് കൃതജ്ഞതാ സൂചകമായി അവരുടെ രക്തം ദാനം ചെയ്യുമായിരുന്നു. ഈ ഒരു സേവനം കൃത്യമായി ചെയ്യുന്നതിന്റെ കാരണം ആരോ ചോദിച്ചപ്പോൾ ഞാൻ അറിയാതെ ആരോ ഒരാൾ എനിക്കുവേണ്ടി രക്തം തന്നു അതിനുള്ള നന്ദി ഞാൻ ഇങ്ങനെ പ്രദർശിപ്പിക്കുകയാണ്.



ഏതെങ്കിലും സഹായമോ, സേവനമോ നാം ചെയ്താൽ അതിനുള്ള നന്ദി ആജീവനാന്തം പുലർത്തുന്ന ചില വ്യക്തികൾ ഉള്ളത് ഹൃദയത്തിനു കുളിർമ്മ നൽകുന്ന അനുഭവമാണ്. ചെറിയ കാര്യങ്ങൾക്കായാലും നിത്യവും നാം ഇടപെടുന്ന വ്യക്തികളോടായാലും തൽസമയം നന്ദി പ്രകാശിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. 'താങ്ക് യൂ' (നന്ദി) എന്നുള്ള വാക്ക്, അത് പുഞ്ചിരി വിടരുന്ന മുഖത്തുനിന്നാകുമ്പോൾ വ്യക്തിബന്ധങ്ങളെ ഊട്ടിയുറപ്പിക്കും.

കാര്യമായ രോഗങ്ങളൊന്നുമില്ലാതെ അവിടെ വേദന, ഇവിടെ വേദന എന്നൊക്കെ പറഞ്ഞു ഡോക്ടറെ സമീപിക്കുന്ന ചിലരുണ്ട്. അവർ തികച്ചും അസ്വസ്ഥരും നിരാശ നിറഞ്ഞവരുമായിരിക്കും. അങ്ങനെയെത്തുന്ന രോഗികളോട് ഒരു ഡോക്ടർ നൽകിയ നിർദ്ദേശം ശ്രദ്ധേയമാണ്. അടുത്ത ആറാഴ്ചത്തേയ്ക്ക് ആരെങ്കിലും നിങ്ങൾക്ക് എന്തെങ്കിലും സഹായമോ സേവനമോ ചെയ്താൽ അത് എത്ര നിസ്സാരമായാലും ആ വ്യക്തിയോട് നിങ്ങൾ ഹൃദയംഗമായി നന്ദി എന്നു പുഞ്ചിരിക്കുന്ന മുഖത്തോടെ ആത്മാർത്ഥമായി പറയുക. ഏതാനും ആഴ്ചകൾക്കു ശേഷം പല രോഗങ്ങളും മാറിയതായി പലരും സാക്ഷ്യപ്പെടുത്തി.

ഡെയിൽ കാർനഗി പറയുന്നത്: ലോകത്തിലെ ഏറ്റവും പഴക്കമുള്ള പരാതി മക്കൾ അവരവരുടെ മാതാപിതാക്കളോട് കൃതജ്ഞത പ്രകാശിപ്പിക്കുന്നില്ല എന്നുള്ളതാണ്. ഇന്ന് ഈ പരാതി വളരെ വർദ്ധിച്ചിട്ടുണ്ട്. കിങ് ലീയർ എന്ന നാടകത്തിൽ ഷേക്സ്പിയർ ഇതേപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ കാർനഗി പറയുന്നത് മക്കളെ അത്തരക്കാരാക്കി തീർക്കുന്നതിൽ മാതാപിതാക്കൾക്ക് പങ്കുണ്ട്. ചെറുപ്പത്തിൽ തന്നെ മറ്റുള്ളവരോട് നന്ദിയും സന്തോഷവും പ്രകടിപ്പിക്കാൻ പഠിപ്പിക്കാത്തതുകൊണ്ടാണ് പിൽക്കാലത്ത് മക്കൾ കൃതഘ്നരായി പോകുന്നത്.

ക്രിസ്തീയ സഭയുടെ വലിയ ധർമ്മം ആരാധനയാണെന്നു പറയുന്നു. ആരാധനയാകട്ടെ കൃതജ്ഞതാർപ്പണം എന്ന് വിശേഷിക്കപ്പെടുന്നു. ഈശ്വരനോടുള്ള നന്ദിയാണ് ആരാധനയുടെ മുഖ്യഭാവം. അതുകൊണ്ട് പറയുന്നു:

'സ്തുതിയും സ്തോത്രവും അനവരതം ഞങ്ങൾ സമർപ്പിക്കുന്നു'. ആ നന്ദിയുടെ ബഹിർ സ്ഫുരണമാണ് നേർച്ചകളും കാഴ്ചകളും. അല്ലാതെ എന്തെങ്കിലും നേടുന്നതിനുള്ള കൈക്കൂലി കൊടുക്കുന്ന അനുഭവമല്ല. മാനുഷിക ബന്ധങ്ങളിലും കൃതജ്ഞതയാണ് ഹൃദയത്തിന്റെ സാന്ദ്രസംഗീതം.

# ചരിത്രം തിരുത്തിയ ആ വൻമതിൽ



സുനിൽ ഡി. കുരുവിള

"അച്ഛൻ ഇങ്ങു വീട്ടിൽ എത്തട്ടെ,
ആ മുറിവുകളെല്ലാം ഞാൻ ഉമ്മ വച്ച് സുഖപ്പെടുത്തും.

ഇന്ത്യ ഓസ്ട്രേലിയ ക്രിക്കറ്റ് പരമ്പരയിൽ ഓസ്ട്രേലിയയുടെ തീ പാറുന്ന ബൗളിങ്ങിന് മുമ്പിൽ ഉരുക്കുകോട്ട തീർത്ത ചേതേശ്വർ പൂജാരയുടെ രണ്ടു വയസ്സുള്ള മകൾ അഥിതിയുടെ വാക്കുകളാണ് ഇത്.

ബ്രിസ്ബൈനിൽ നടന്ന നാലാമത്തെ ടെസ്റ്റിൽ പതിനൊന്നു തവണയാണ് തീ ഗോളങ്ങൾ പോലെ ഓസിസ് ബൗളർമാർ അദ്ദേഹത്തിന്റെ ശരീരത്തിൽ എറിഞ്ഞത്; അല്ലെങ്കിൽ രാജ്യത്തിന്റെ വിജയം ലക്ഷ്യം വെച്ച് അദ്ദേഹം ശരീരം കൊണ്ട് അത് നേരിട്ടത്.

ഒരു വൻമതിൽപോലെ ഉയർന്നു ക്രീസിൽ നിന്ന പൂജാര; പിതാവിന്റെ ദേഹത്തു അതിവേഗത്തിൽ പതിക്കുന്ന ബോളുകൾ TVയിൽ മോള് കാണാതിരിക്കാൻ പലപ്പോഴും അവളുടെ അമ്മ കണ്ണ് മറയ്ക്കുന്നുണ്ടായിരുന്നു!

ചേതേശ്വർ പൂജാരയ്ക്കു എട്ടു വയസ്സ് കഷ്ടിച്ചുള്ളപ്പോഴാണ് അവന്റെ പിതാവ് അവനെ cricket പരിശീലിപ്പിക്കാൻ തുടങ്ങിയത്. പിതാവ് അരവിന്ദ് ഒരു രഞ്ജി ട്രോഫി വിക്കറ്റ് കീപ്പർ ബാറ്റ്സ്മാൻ ആയിരുന്നു. സ്പോർട്സ് ക്വോട്ടയിൽ railway യിൽ ക്ലാർക്കായി ഉദ്യോഗം നയിക്കുകയായിരുന്നു അരവിന്ദ്.

എല്ലാവരും പൂജാരയെ Chintu എന്നാണ് വിളിച്ചിരുന്നത്. രാജ്കോട്ടിലെ റെയിൽവേയുടെ കൊത്തി കോമ്പൗണ്ട് കോളനി.... എല്ലാ ദിവസവും മകനുമായി വൈകുന്നേരം വേപ്പ് മരത്തിന്റെ തണലിൽ കളിക്കാനെത്തുന്നു അച്ഛനും മകനും.

90 കളുടെ അവസാനത്തിൽ രാജ്കോട്ടിലെ cricket പ്രേമികൾ എല്ലാം ഈ അച്ഛനെയും മകനെയും സ്ഥിരം കളിക്കളത്തിൽ കണ്ടിട്ടുണ്ടാവും... ഓർക്കുന്നുണ്ടാവും. എല്ലാ കുട്ടികളും ടെന്നീസ് ബോൾ കൊണ്ട് നന്നായി ബൗൺസ് ചെയ്തു അടിച്ചു കളിക്കുമ്പോൾ ചേതേശ്വർ-നു straight ആയി മാത്രം ബൗൾ ചെയ്തു കൊടുക്കുന്ന പിതാവ്. കൃത്യമായി അത് defend ചെയ്തു തിരികെ പിതാവിന്റെ അടുത്തേക്ക് അയക്കുന്ന മകൻ.

അതും cricket ball കൊണ്ട് മാത്രമുള്ള കളി.

എല്ലാവരേം അടിച്ചു തകർക്കാൻ പ്രേരിപ്പിക്കുന്ന one day ക്രിക്കറ്റിന്റെയും ട്വന്റി ട്വന്റി യുടെയും യുഗത്തിൽ ക്ഷമയോടെ straight ആയി ബാറ്റ് ചെയ്യാൻ പഠിപ്പിച്ച പിതാവ്.

ക്രിക്കറ്റ് കളിക്കാൻ പഠിപ്പിക്കുന്നതിൽ ഉപരി correct ആയി കളിക്കാൻ മാത്രം പരിശീലിപ്പിച്ച പിതാവ്.

പലരും പറഞ്ഞു "ഈ കാലത്ത് നന്നായി അടിച്ചു കളിക്കാൻ പഠിച്ചില്ലെങ്കിൽ കാര്യമില്ല. ഈ കുട്ടിക്ക് ആധുനിക ക്രിക്കറ്റിൽ ഭാവിയില്ല." "ഇത് ട്വന്റി ട്വന്റിയുടെ കാലം."

ആ അച്ഛനും മകനും ലോകത്തിന്റെ പുറകിനു പോയില്ല. അവരുടെ ലക്ഷ്യം അവർക്കു കൃത്യമായിരുന്നു. കൂടെ കൊത്തി കോമ്പൗണ്ടിൽ കളിച്ച പല കുട്ടികളും കളിയൊക്കെ മടുത്തു computer game ലേക്കും bike ലേക്കും ഒക്കെ തിരിഞ്ഞു. ചേതേശ്വർ കൂടുതൽ കൂടുതൽ കളിച്ചു. ഇഷ്ടപ്പെട്ടു കളിച്ചു. രാവിലെയും വൈകിട്ടും കളിച്ചു. വേനലിലും ശൈത്യത്തിലും കളിച്ചു.

ഒരാളുടെ മാത്രം ചെറിയ ശമ്പളത്തിൽ ഒരു cricket സ്വപ്നം മകനിൽ നിലനിർത്താൻ ആ പിതാവ് നന്നേ പാടുപെട്ടു. "cricket പണക്കാരുടെ കളിയാണ്. സാധാരണക്കാർക്ക് വല്ലതും രണ്ടക്ഷരം പഠിച്ചു രക്ഷപെടാൻ നോക്കാം". പലരും ഉപദേശിക്കുന്നുണ്ടായിരുന്നു.




13 വയസ്സിൽ പൂജാര രാജ്കോട്ട് U 16 ടീമിൽ എത്തി. അമ്മ മകന് കഷ്ടപ്പെട്ടാണെങ്കിലും എന്നും കളി കഴിഞ്ഞു വരുമ്പോൾ dry fruits ഉം കരിക്കിൻ വെള്ളവും നൽകാൻ ശ്രദ്ധിച്ചു. U 16 ടീമിൽ കളിയ്ക്കാൻ ഒരിക്കൽ നല്ല ഒരു ബാറ്റില്ലാതെ അരവിന്ദ് മകന്റെ സ്കൂളിലെ PT മാസ്റ്ററിന്റെ അടുത്ത് ചെന്നു. കടമായി സ്കൂളിൽനിന്ന് ഒരു ബാറ്റ് വാങ്ങാൻ.

വളരെ ആക്ഷേപിച്ചുവെങ്കിലും അദ്ദേഹം ബാറ്റ് വാങ്ങി തന്നെ മടങ്ങി.

അന്നത്തെ കളിയിൽ U 16 ടീമിനുവേണ്ടി പൂജാര 300 runs അടിച്ചു. ഏഷ്യ കപ്പ് ടീമിലേക്കു selection കിട്ടും എന്ന് കരുതി. കിട്ടിയില്ല. selectors പറഞ്ഞത് പൂജാരയുടെ സ്ട്രൈക്ക് റേറ്റ് വളരെ മോശം എന്നാണ്. പിതാവ് മകനെ

motivate ചെയ്തു. "You are special."

ബാറ്റു പിടിക്കുന്ന രീതി മാറ്റാനും ബാറ്റിഗ് രീതി മാറ്റാനും ഒക്കെ പല പരിശീലകരും നിർബന്ധിച്ചു. പൂജാര തന്റെ cricket വിശ്വാസങ്ങളിൽ ഉറച്ചുനിന്നു Straight ആയി മാത്രം ബാറ്റു ചെയ്തു...മറ്റാരുമാകാൻ ശ്രമിച്ചില്ല!

2006–ൽ രാഹുൽ ദ്രാവിഡ് പൂജാരക്കെതിരെ Renji cricket കളിച്ചപ്പോൾ ആ കളിക്കാരന്റെ ഭാവി തിരിച്ചറിഞ്ഞു. അദ്ദേഹം officials നോട് പറഞ്ഞു. "Take care of this boy''!

"First they ignore you, then they laugh, at you then they fight you, then you win". Klein Nicholas.

2010 ഇന്ത്യൻ ടീമിൽ എത്തി. 2018–ൽ ഓസ്ട്രേലിയൻ മണ്ണിൽ അവരെ തോൽപ്പിച്ചു ഇന്ത്യ ചരിത്ര വിജയം നേടുമ്പോൾ കളിയിലെ കേമനും സീരീസിലെ കേമനും ഈ 'കൊട്ടി–കൊട്ടി' കളിക്കുന്ന കളിക്കാരൻ ആയിരുന്നു. അന്ന് ലോക ബാറ്റിംഗ് ഇതിഹാസം വിവിയൻ റിച്ചാർഡ്സ് പൂജാരയെ വിശേഷിപ്പിച്ചത് "pure gold" എന്നാണ്.

അവസാനം Gabba യിൽ ഇന്ത്യ ചരിത്രം തിരുത്തിയപ്പോൾ ആ 'വന്മതിൽ' ഇതിഹാസമായി. സ്വയം സ്റ്റാർ ആയി അല്ല; മറിച്ച് ഒരുപറ്റം ചെറുപ്പക്കാരായ പോരാളികളെ നക്ഷത്രങ്ങൾ ആകാൻ സഹായിക്കുകയായിരുന്നു!

Cricket fans took to social media to dub him "the great wall". Many even joked that he should be sponsored by a cement company. കളിയിലും കളിക്കാരിലും ഒക്കെ ഒരുപാടു പഠിക്കാനുണ്ട്.

ആത്മവിശ്വാസം, അച്ചടക്കം, തീവ്രപരിശീലനം; ടീമിനും രാജ്യത്തിനും വേണ്ടി ഏതു ത്യാഗവും പ്രതീക്ഷയും ഏറ്റെടുക്കാനുള്ള കരുത്ത്... ആർക്കു തോൽപ്പിക്കാൻ കഴിയും ഈ ജനുസ്സിൽ ഉള്ളവരെ?? Fortune favours the brave! ഇതു പോലെയുള്ള ചില silent warriors ആണ് ഉന്നതമായ മത്സരങ്ങളിൽ വിജയങ്ങളുടെ നങ്കൂരമിടുന്നത്.

പലപ്പോഴും ഇങ്ങനെയുള്ളവരുടെ വിജയത്തിലെ പങ്കു നമ്മൾ തിരിച്ചറിയാതെ പോകും.

നമ്മുടെയൊക്കെ ജീവിത വിജയത്തിലും ഇതുപോലെയുള്ള നിശബ്ദ പോരാളികൾ ഉണ്ട് ഓർക്കാം. അമ്മയാകാം. അച്ഛനാകാം.. ഗുരുവാകാം! കഠിനമായ പോരാട്ടങ്ങളിൽ depend ചെയ്യാൻ കഴിയുന്നവരാണ് യഥാർത്ഥ പോരാളികൾ.

ലോകത്തിന്റെ പുറകിനു ഓടിയവരല്ല അവനവനിൽ വിശ്വസിച്ചവർ ആണ് ആത്യന്തിക വിജയം നേടുക!

ടെസ്റ്റ് ക്രിക്കറ്റിന്റെ ആഴവും സൗന്ദര്യവും പോരാട്ടവും തിരിച്ചു പിടിച്ച; പുലികളെ അതിന്റെ മടയിൽ തന്നെ പോയി ആക്രമിച്ചു കീഴ്പ്പെടുത്തിയ പോരാളിക്ക് അഭിനന്ദനങ്ങൾ! ടീം ഇന്ത്യയുടെ നങ്കൂരമായി വന്മതിലായി ഏറെ നാൾ പൂജാര വാഴട്ടെ.

നമ്മുടെ ഓരോ കുട്ടികളും unique ആണ് special ആണ്. അവർ മറ്റുള്ളവരുമായി താരതമ്യം ചെയ്യപ്പെടേണ്ടവർ അല്ല... ലോകത്തിന്റെ പുറകെ ഓടേണ്ടവർ അല്ല. ആരുമായും മത്സരിക്കേണ്ടവരും അല്ല. അവർ പൂർത്തീകരിക്കപ്പെടേണ്ടവർ ആണ്. അവരിൽ ഈശ്വരൻ നൽകിയ വ്യത്യസ്ഥതകളെ പൂർത്തീകരിക്കാം!

Excellence എല്ലാ മേഖലയിലും ഉണ്ട്. ജ്ഞാനത്തോടെ ആസൂത്രണം ചെയ്യുകയും വിവേകത്തോടെ തയ്യാറെടുക്കുകയും വേണം.

കുറുക്കു വഴിയും പെട്ടെന്ന് 'കൈയ്യടി' വാങ്ങാനുള്ള ആർത്തിയും ആരെയും അധികം കാലം രക്ഷിക്കില്ല. Let's work for 'pure' gold!

●

# വരവേൽപ്പ്

**സണ്ണി ചാക്കോ, കുഴിപറമ്പിൽ, കറ്റോട്**

തടുത്തുകൂട്ടി നീ നിറച്ചതൊക്കെയും
കളപ്പുരകളിൽ അടുക്കി വയ്ക്കുമോ
വലിച്ച നിശ്വാസം പുറത്തുവിട്ടില്ലേൽ
കടുത്ത വാക്കുകൾ കണക്ക് തെറ്റിക്കും
മനുഷ്യൻ എത്രനാൾ ജീവിച്ചുവെന്നല്ല
എങ്ങനെ ജീവിച്ചു എന്നതാ വിഷയം
ഓക്കുമരങ്ങളായ് വളർന്നുപൊങ്ങാതെ
സുരഭില ശോശന്ന പുഷ്പങ്ങളായിടാം
ഞാനെന്നഭാവം ഉപേക്ഷിച്ചീടുക
ഗർവിഷ്ടനായവൻ നിന്നിലെ നീ തന്നെ
അഹങ്കാരമൊക്കെയും അധഃപ്പതിച്ചീടുവാൻ
താഴ്മയാണുത്തമം കൃപ ലഭിച്ചീടുവാൻ
ലഭിച്ചതൊക്കെയും നിനക്കു തന്നെയോ
നിറഞ്ഞ കണ്ണുകൾ നിനക്കു ചുറ്റിലും
അടർത്തി മാറ്റിടാം കുറച്ചു ഭാഗങ്ങൾ
നിറഞ്ഞു പാത്രങ്ങൾ പൊലിച്ചു പൊങ്ങിടും
ഒരിക്കൽ ഈ ലോകം കൊടും മുഴക്കത്താൽ
ഒഴിഞ്ഞു മാറി പോം തകർത്തിടും ദൈവം
പുതിയ ആകാശം പുതിയ ഭൂമിയും
സഹസ്ര വാഴ്ചക്കായ് ഒരുങ്ങികൊള്ളുക
കടന്നുവന്നവൻ കണക്കു തീർത്തിടും
പ്രതിഫലം ഉണ്ടവന്റെ കൈകളിൽ
വിരിച്ച സർപ്പത്തിൻ ഫണം തകർത്തിടും
പിടിച്ചു കെട്ടിടം കിലുക്കം ചങ്ങല
വിളിച്ച ദൈവം വിശ്വസ്തനല്ലയോ
വിശ്വസ്ത സാക്ഷിയായ് വിളങ്ങി നിൽക്കുക
കലഹം ഇല്ലാത്ത രാജ്യം സ്ഥാപിപ്പാൻ
വരുന്ന രാജാവ് വരം ലഭിച്ചിടും
മഹത്വവർണ്ണമീ ആകാശമൊക്കെയും
വിതാനമൊക്കെയും വിദഗ്ധ കൈവേല
നവഗ്രഹങ്ങളിൽ സുവർണ്ണമീ ലോകം
സ്വർഗ്ഗരാജ്യമോ തികഞ്ഞ വിസ്മയം
സ്ഥലം ഒരുക്കുവാൻ കടന്നു പോയവൻ
തിരിച്ചു വന്നിടും സർവ്വ സന്നാഹം
സ്തുതിച്ചു വാഴ്ത്തിടാം പരമനാഥനെ
മഹത്വമല്ലയോ അവന് സംപൂജ്യം
ഒരിക്കൽ നാഥനെന്റരികിലെത്തുമെന്ന്
ഉറച്ച വിശ്വാസം പുലർത്തിടുന്നു ഞാൻ
കരഞ്ഞ കണ്ണുനീർ തുടച്ചു മാറ്റിടും
ഉയർന്ന കൈകളാൽ സ്തുതിച്ചു വാഴ്ത്തിടും
കടന്നു വന്നിടും കള്ളനെപ്പോലവൻ
ഉണർന്നിരിക്കുക ഉറക്കം പിന്നാകാം
നിതാന്ത ജാഗ്രത, പുലർത്തിക്കൊള്ളുക
'വരവേല്പിനായ്' ഒരുങ്ങിക്കൊള്ളുക
കൂടാരമായ എൻ ഭൗമഭവനമേ
അഴിഞ്ഞു പോകും നീ അധികം വൈകാതെ
കൈപ്പണിയല്ലാത്ത നിത്യഭവനമേ
അനാദിയായി നീ വിളങ്ങി നിൽക്കുന്നു.

# കാരുണ്യത്തിന്റെ പൊൻ കതിരൊളി– ശ്രീ. ബാബു പട്ടുകാലായിൽ



കോവിഡ്–19 പല തരത്തിലുള്ള പ്രതിസന്ധികൾ നമ്മിൽ സൃഷ്ടിച്ചു. നമ്മുടെ പ്രിയപ്പെട്ട അനേകർ ഈ രോഗം ബാധിച്ച് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയി. അനേകർക്ക് ജോലി നഷ്ടപ്പെട്ടു. ഉപജീവന മാർഗ്ഗം തന്നെ ഇല്ലാതായി. സാമ്പത്തിക പ്രതിസന്ധികൾ മൂലം പല കുട്ടികളുടെയും തുടർപഠനം മുടങ്ങി. ഭവന നിർമ്മാണം നടത്തിക്കൊണ്ടിരുന്നവർക്ക് സാമ്പത്തിക പ്രയാസം മൂലം അത് നിർത്തി വയ്ക്കേണ്ടിവന്നു.

അങ്ങനെ പല തരത്തിൽ മാനസിക വ്യഥകളും, ക്ലേശങ്ങളും നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന ദിനങ്ങളും, മാസങ്ങളും കടന്ന് ഒരു പുതു വർഷത്തിലേക്ക് എത്തുന്നു. ഇതിന്റെയൊക്കെ മദ്ധ്യത്തിൽ ഇനി എന്ത്? ഓരോ ദിവസവും എങ്ങനെ ആയിത്തീരുമെന്ന ആശങ്ക അനേകരെ രോഗികളാക്കി മാറ്റി. തന്മൂലം ജീവിതത്തിന്റെ സർവ്വ സന്തോഷവും ഇല്ലാതായി, ദുഃഖവും, നെടുവീർപ്പുകളും നിറഞ്ഞ ഭവനങ്ങളായി മാറി.

എന്നാൽ ഇതിന്റെയൊക്കെ നടുവിലും രാത്രിയിൽ മിന്നാമിനുങ്ങിന്റെ അല്പ വെട്ടം, അന്ധകാരത്തെ ദൂരെയാക്കി പ്രകാശകാന്തി ചൊരിയുന്നതുപോലെ ചിലരെ നമുക്ക് കൈത്താങ്ങായി ദൈവം ഒരുക്കി. തങ്ങളുടെ സഹോദരർ അനുഭവിക്കുന്ന പ്രതിസന്ധികളിൽ, കാരുണ്യത്തിന്റെ പൊൻ കതിരായി ചിലർ പ്രവർത്തിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

നമ്മുടെ സമുദായത്തിൽപ്പെട്ട അനേകർ സഹായ ഹസ്തം നമ്മിൽ അനേകർക്ക് നീട്ടിയതിൽ അതിയായ സന്തോഷമുണ്ട്. ദൈവമാണ് തങ്ങൾക്ക് സകലവും നല്കിയെന്ന തിരിച്ചറിവാണ് കാരുണ്യത്തിന്റെ ഹസ്തം നീട്ടാൻ പ്രേരണയായത്. അതിൽ പ്രത്യേകമായി സൂചിപ്പിക്കേണ്ട പ്രവർത്തനമാണ് നമ്മുടെ ഇരവിപേരൂർ പള്ളി ഇടവകാംഗം ഇപ്പോൾ ബഹറനിൽ താമസിക്കുന്ന പട്ടുകാലായിൽ ശ്രീ. ബാബു ഏബ്രഹാം. കോവിഡ് പ്രതിസന്ധി രൂക്ഷമായ ഈ സമയത്ത് നമ്മുടെ സമുദായത്തിലെ വൈദികർ, സുവിശേഷകർ, കന്യാസ്ത്രീകൾ, ശെമ്മാശന്മാർ, വൈദിക വിദ്യാർത്ഥികൾ, എല്ലാ പള്ളികളിലെയും മുഖ്യ ശുശ്രൂഷകർ, അപ്രേം സെമിനാരി സ്റ്റാഫ്, ക്നാനായദീപം സ്റ്റാഫ്, ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിലെ അനേകം കുടുംബങ്ങൾക്കു ധനസഹായം, നമ്മുടെ ഇരവിപേരൂർ, വള്ളംകുളം, കുറ്റൂർ പ്രദേശത്ത് അനേകം കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് ഉൾപ്പെടെ ഒരു കോടിയിൽ അധികം രൂപ നല്കിയതിനെ നന്ദിയോടെ സ്മരിക്കുന്നു.

'ഈ ചെറിയവരിൽ ഒരുവന് ചെയ്യുന്നത് എനിക്കാണ് ചെയ്യുന്നത്' എന്ന ക്രിസ്തു വചനം അന്വർത്ഥമാകത്തക്കവിധത്തിൽ പ്രവർത്തിച്ച ആ കുടുംബത്തേയും കാരുണ്യത്തിന്റെ സഹായ ഹസ്തം നീട്ടിയവരെ എല്ലാം ദൈവം അനുഗ്രഹിക്കട്ടെ. ഇത്തരം പ്രവർത്തികൾ നമുക്ക് ഒരു മാതൃകയാകേണ്ടതായിട്ടുണ്ട്. ദൈവദാനമായി നമുക്ക് ലഭിച്ചതിൽ നിന്നും, കഷ്ടതകളും പ്രതിസന്ധികളും അനുഭവിക്കുന്നവർക്ക് കാരുണ്യത്തിന്റെ പൊൻ കതിരൊളിയായിത്തീരാൻ നമുക്കേവർക്കും സാധിക്കട്ടെ.

**കുറിയാക്കോസ് മോർ സേവേറിയോസ്**
**സമുദായ മെത്രാപ്പോലീത്താ**

# വിവാഹിതരായി



കോട്ടയം സെന്റ് മേരീസ് സിറിയൻ ക്നാനായ വലിയപള്ളി ഇടവകയിൽ ഓണാട്ട് ബാബു തോമസിന്റെയും ജെസ്സി തോമസിന്റെയും മകൻ **ജെബിൻ തോമസും** തുരുത്തിക്കാട് സെന്റ് ജോൺസ് സിറിയൻ ക്നാനായപള്ളി ഇടവകയിൽ ഇളപ്പുങ്കൽ സുബാഷ് ഫിലിപ്പിന്റെയും ജൂബി സുബാഷിന്റെയും മകൾ **രേഷ്മ സുബാഷും** തമ്മിലുള്ള വിവാഹം 2021 ജനുവരി 23–ാം തീയതി **അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പൊലിത്ത**യുടെ പ്രധാന കാർമ്മികത്വത്തിൽ കോട്ടയം സെന്റ് മേരീസ് സിറിയൻ ക്നാനായ വലിയപള്ളിയിൽ വച്ച് നടത്തപ്പെട്ടു.

Advt -O

# വിവാഹിതരായി



മാന്നാർ സെന്റ് മേരീസ് ക്നാനായപള്ളി ഇടവകയിൽ കൊറ്റംകുഴിയിൽ കെ. പി. തോമസിന്റെയും സുജയുടെയും മകൻ **മെബിനും** ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽ കൊച്ചുപറമ്പിൽ എൻ.റ്റി. അന്ത്രയോസിന്റെയും ലീജയുടെയും മകൾ **മിന്നുവും** തമ്മിലുള്ള വിവാഹം 2021 ജനുവരി 14–ന് മാന്നാർ സെന്റ് മേരീസ് പള്ളിയിൽ വച്ച് **അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ**യുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt -S

# വിവാഹിതരായി



ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ ചക്കാലത്ര മനോജ് ഏബ്രഹാമിന്റെയും ജയിസ് മനോജിന്റെയും മകൻ **ഏബ്രഹാം സി. മനോജും** ഇതേ ഇടവകയിൽ തോട്ടത്തിൽ റ്റിസി.ജോസിന്റെയും വിജി ജോസിന്റെയും മകൾ **ജൂലി ജോസും** തമ്മിലുള്ള വിവാഹം 2021 ജനുവരി 11–ാം തീയതി **അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**യുടെ പ്രധാന കാർമ്മികത്വത്തിൽ ഇരവിപേരൂർ സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

Advt -O

# വിവാഹിതരായി



വെൺപാല സെന്റ് ജോർജ് ക്നാനായ പള്ളി ഇടവകയിൽ പീലിത്തറയിൽ തോമസ് ചാക്കോയുടെയും ഡെയിസ്സമ്മ തോമസിന്റെയും മകൻ DARVIN THOMAS-ഉം ആനപ്രമ്പാൽ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ ആഞ്ഞിലിമൂട്ടിൽ തോമസ് കുറിയാക്കോസിന്റെയും ഷൈനി തോമസിന്റെയും മകൾ HARSHA THOMAS-ഉം തമ്മിലുള്ള വിവാഹം 2021 ജനുവരി 23–ന് **അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്താ**യുടെ മുഖ്യ കാർമ്മികത്വത്തിൽ വെൺപാല സെന്റ് ജോർജ് ക്നാനായ പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

Advt -O





# 60–ാം വിവാഹ വാർഷികം


## 06–02–2021



## പി.റ്റി.കുര്യൻ (Rtd.AE.KSEB)& അമ്മിണി കുര്യൻ

Age : 85 Age : 80

## പുറത്തയിൽ ഇരവിപേരൂർ





### കരുണാമയനായ ദൈവമേ!

കഴിഞ്ഞ 60 വർഷക്കാലമായി അങ്ങയുടെ കൃപയിലും തണലിലും ഞങ്ങളെ ജയോത്സവമായി നയിച്ച അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങയ്ക്ക് സകുടുംബം പുകഴ്ച അർപ്പിക്കുന്നു. ഞങ്ങളുടെ ആയുഷ്കാലം മുഴുവൻ അവ ഞങ്ങളെ പിന്തുടരേണമേ എന്ന് അപേക്ഷിക്കുന്നു.

സ്നേഹനിർഭരമായ പ്രാർത്ഥനയോടെ :
മക്കൾ ,മരുമക്കൾ ,കൊച്ചുമക്കൾ



Advt -R

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫലപ്രദമായ പേരന്റിംഗ്**

അച്ചൻ ഒരു ചോദ്യത്തോടെയാണ് ക്ലാസ്സ് ആരംഭിച്ചത്.

"മക്കളുണ്ടാകാൻ വിവാഹം കഴിക്കണമോ"?

എല്ലാവരും പെട്ടെന്ന് നിശബ്ദരായി. എവിടെയും പ്രതികരിക്കുന്ന ടോണിപോലും ചമ്മിയിട്ട് തല ഉയർത്താതിരിക്കയാണ്. അച്ചൻ തന്നെ ഉത്തരം പറഞ്ഞു.

"വേണ്ട, വിവാഹം കഴിച്ചില്ലെങ്കിലും മക്കൾ ജനിക്കും. വിവാഹം വേണമെന്നില്ല."

വീണ്ടും ഓഡിയൻസ് നിശബ്ദം.

"എന്നാൽ നല്ലമക്കൾ ജനിക്കണമെങ്കിൽ വിവാഹം കഴിക്കണം. വിവാഹം ഒരു വി. കൂദാശയാണ്. അതിനാൽ വിവാഹത്തിലൂടെ ലഭിക്കുന്ന മക്കൾ നല്ലവരും വിശുദ്ധരുമാണ്". അച്ചൻ പറഞ്ഞുനിർത്തി.

ഇപ്പോഴാണ് എല്ലാവർക്കും ശ്വാസം നേരെ വീണത്.

"എന്റെ അച്ചോ വിഷമിപ്പിച്ചുകളഞ്ഞല്ലോ."

ടോണിയാണ് ആരംഭം കുറിക്കുന്നത്.

എന്താ ടോണി തെറ്റിദ്ധരിച്ചുപോയോ? എല്ലാവരും അറിഞ്ഞിരിക്കേണ്ട സത്യം ഞാൻ പറഞ്ഞതാണ്. വിവാഹിതരുടെ കിടക്ക നിർമ്മലവും പരിശുദ്ധവുമാണ്. "വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ; എന്നാൽ ദുർനടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും"(എബ്രാ.13:4). വിവാഹം എന്ന കൂദാശയിലൂടെ അടുത്ത തലമുറയെ ജനിപ്പിക്കുവാനുള്ള വരം ദൈവം സഭ മുഖാന്തിരം സഭാമക്കൾക്ക് നൽകുന്നു. ആയതിനാൽ ദൈവീക ദാനമാണ് മക്കൾ. ദൈവം വരമായി നൽകിയ അടുത്ത തലമുറയെ വാർത്തെടുക്കുവാൻ വേണ്ടിയുള്ള മാർഗ്ഗമാണ്. വി. വിവാഹം എന്ന കൂദാശ. ലൈംഗികതയെ മ്ലേഛമായി കാണരുത്. അത് ദിവ്യമാണ്; ശ്രേഷ്ഠമാണ്. അപ്രകാരം ദൈവം നൽകിയ മക്കളെ ദൈവീക പദ്ധതിക്കനുസരിച്ച് വളർത്തുന്നതിനെയാണ് പേരന്റിംഗ് എന്നു പറയുന്നത്. ഫലപ്രദമായ പേരന്റിംഗ് (Effective Parenting) എന്നതാണ് ഇന്നത്തെ നമ്മുടെ ചർച്ചാവിഷയം. ആമുഖമായി ഇത്രയും പറഞ്ഞ് ഞാൻ എന്റെ വിഷയത്തിലേക്കു വരട്ടെ.

**നിങ്ങളുടെ മക്കളെ മനസ്സിലാക്കുക**

ഒരു സ്ക്കൂൾ ടീച്ചറിനെ പരിചയപ്പെടുത്തിക്കൊണ്ട് ഇന്നത്തെ സെക്ഷൻ ആരംഭിക്കാം. ടീച്ചറിന്റെ പേര് ആനി തോംസൺ. സ്കൂളിലെയും സൺഡേസ്കൂളിലെയും ടീച്ചർമാരുടെ ഒരു നിരതന്നെ ഈ കൂട്ടത്തിലുണ്ടെന്ന് അറിയാം. നിങ്ങളെപ്പോലെയൊരു ടീച്ചർ തന്റെ വിദ്യാർത്ഥിയെ എങ്ങനെ മനസ്സിലാക്കിയിരുന്നുവെന്ന് ശ്രദ്ധിക്കാം. ഈ കഥയിലൂടെ മക്കളെ തിരിച്ചറിയേണ്ടതിന്റെ ആവശ്യകത മാതാപിതാക്കൾക്കും മനസ്സിലാകുമെന്ന് പ്രതീക്ഷിക്കുന്നു.

അഞ്ചാം ക്ലാസ്സിലെ അദ്ധ്യാപികയായ ആനി തോംസൺ തന്റെ ക്ലാസ്സിലെ വിദ്യാർത്ഥിയായ ടെഡി സ്റ്റൊടാർട്ട് (Teddy Stoddart) നെക്കുറിച്ച് എപ്പോഴും പരാതി പറയുമായിരുന്നു. ക്ലാസ്സിലെ ഏറ്റവും മോശമായ കുട്ടി. യാതൊന്നും പഠിക്കുകയില്ല; അശ്രദ്ധയാണ്. ക്ലാസ്സിലിരുന്നു ഉറക്കം തൂങ്ങും. വൃത്തിഹീനനാണ്. അന്തർമുഖനാണ്. ഒട്ടും ആക്ടീവ് അല്ല. ഇങ്ങനെ ധാരാളം പരാതികളുണ്ട് ടീച്ചറിന്. ഒരിക്കൽ പ്രിൻസിപ്പൽ ആനി തോംസനോട് കുട്ടികളുടെ പഠന ഡയറികൾ വായിച്ചുനോക്കുവാൻ ആവശ്യപ്പെട്ടു. മുൻകാല ക്ലാസ്സുകളിലെ റിപ്പോർട്ട് വായിച്ചു നോക്കിയാൽ ഓരോ കുട്ടിയെയും മനസ്സിലാക്കുവാൻ കഴിയും. അങ്ങനെ Teddy യുടെ ഡയറി കിട്ടി. താൽപര്യമില്ലാതെ വായിച്ചു തുടങ്ങി.

ഒന്നാം ക്ലാസ്സിലെ അദ്ധ്യാപിക എഴുതിയിരിക്കുന്നു. "ക്ലാസ്സിലെ ഏറ്റവും സമർത്ഥനായ കുട്ടിയാണ് Teddy. ധാരാളം കഴിവുള്ളവൻ. പഠനത്തിൽ മാത്രമല്ല പാഠ്യേതര വിഷയങ്ങളിലും മിടുക്കൻ. എല്ലാം ക്രമീകൃതമായി ചെയ്യുന്നവൻ. അവനെ നന്നായി ശ്രദ്ധിച്ചാൽ ഉയരങ്ങൾ കീഴടക്കും".

ആനിയുടെ കണ്ണു മിഴിച്ചുപോയി. പിന്നീട് വല്ലാത്ത ഒരു ആവേശമായിരുന്നു. തുടർന്നുള്ള അദ്ധ്യാപകരുടെ അഭിപ്രായങ്ങൾ വായിക്കാൻ ആനി ധൃതികൂട്ടി. രണ്ടാം ക്ലാസ്സിലെ അദ്ധ്യാപികയുടെ റിപ്പോർട്ട് ലഭിച്ചപ്പോൾ ആവേശത്തോടെയാണ് ആ വരികളിലൂടെ കണ്ണോടിച്ചത്.

"ബുദ്ധിമാൻ, അദ്ധ്യാപകർക്കും കൂട്ടുകാർക്കും പ്രിയങ്കരൻ. നല്ല മിടുക്കനായ കുട്ടി. പക്ഷെ അമ്മയ്ക്ക് കാൻസർ രോഗമായതിൽ അവൻ അസ്വസ്ഥനാണ്. അവന് നല്ല പിൻതുണ കൊടുക്കണം.

ആനി ടിച്ചറിന്റെ ഉള്ളിൽ വല്ലാത്ത ഒരു ഭാരം. അടുത്ത ടീച്ചറിന്റെ റിപ്പോർട്ട് വായിക്കാൻ തിടുക്കമായി. മൂന്നാം ക്ലാസ്സിലെ ടീച്ചറിന്റെ റിപ്പോർട്ടെടുത്തു.

"മിടുക്കനായിരുന്ന Teddy പക്ഷെ മാതാവിന്റെ മരണം അവനെ തളർത്തി. പിതാവിന്റെ പരിഗണന ലഭിക്കാഞ്ഞതിനാൽ പഠനത്തിൽ വിമുഖത കാണിച്ചു. എല്ലാറ്റിൽ നിന്നും അകന്നു നിൽക്കുന്ന അന്തർമുഖനായി മാറി. ശ്രദ്ധിച്ചില്ലെങ്കിൽ Teddy യുടെ ജീവിതം താറുമാറാകും"

നിറഞ്ഞ കണ്ണുകളോടെയാണ് ആനി ടീച്ചർ ആ റിപ്പോർട്ട് വായിച്ചത്. കുറ്റബോധംകൊണ്ട് നീറിയ മനസ്സുമായി നാലാം ക്ലാസ്സിലെ റിപ്പോർട്ട് വായിച്ചു തുടങ്ങിയപ്പോൾ അക്ഷരങ്ങൾ കാണാൻ കഴിഞ്ഞില്ല.

"Teddy അന്തർമുഖനാണ്. പഠനത്തിൽ താൽപര്യമില്ല; കൂട്ടുകാരില്ല; കളിയും ചിരിയുമില്ല. ക്ലാസ്സിലിരുന്ന് ഉറക്കം തൂങ്ങുന്നു.

കുറ്റബോധത്തോടെ ആനി ടീച്ചർ പൊട്ടിക്കരഞ്ഞു. പശ്ചാത്താപ വിവശയായ ടീച്ചർ ഇനി മുതൽ Teddy യെ ശ്രദ്ധിക്കുമെന്ന് ഉറച്ച തീരുമാനമെടുത്തു. അമ്മയുടെ മരണം അവനിലുണ്ടാക്കിയ ആഘാതവും പിതാവിന്റെ അശ്രദ്ധയുമാണ് Teddy യ്ക്ക് ഇങ്ങനെയൊക്കെ സംഭവിച്ചതിന്റെ കാരണമെന്ന് മനസ്സിലാക്കാതിരുന്ന തന്നോട് തന്നെ ആനിടീച്ചറിന് പുച്ഛം തോന്നി.

പിറ്റേദിവസം Teddy ക്ലാസ്സിൽ വരുന്നത് കാത്തിരിക്കയായിരുന്നു ടീച്ചർ. ക്ലാസ്സിൽ വന്നയുടനെ ടീച്ചർ അവന്റെ അടുക്കൽ ചെന്ന് അവന്റെ തലമുടിയിൽ വിരലോടിച്ചുകൊണ്ട് വീട്ടുകാര്യം അന്വേഷിച്ചു. അതിശയത്തോടെ Teddy ടീച്ചറെ നോക്കി. ടീച്ചറിന്റെ കണ്ണുകളിൽ അവനോടുള്ള സ്നേഹം തുളുമ്പി നിൽക്കുന്നത് അവൻ അത്ഭുതത്തോടെ നോക്കിനിന്നു. ക്ലാസ്സ് കഴിഞ്ഞ് എല്ലാവരും പുറത്തേക്കു പോയപ്പോൾ അവൻ ടീച്ചറെ നോക്കി ഹൃദയം നിറഞ്ഞ് പുഞ്ചിരിച്ചു. ഇങ്ങനെയൊരു പുഞ്ചിരി Teddy യിൽ ആദ്യമായിട്ടാണ് ടീച്ചർ കാണുന്നത്. നിറഞ്ഞ മനസ്സോടെ അവന്റെ അടുക്കൽ ചെന്ന് ഒരു അമ്മയുടെ സ്നേഹത്തോടെ കവിളിൽ തലോടി. അവൻ ടീച്ചറിന്റെ കൈപിടിച്ച് ഒരു മകന്റെ സ്നേഹത്തോടെ അതിൽ ചുംബിച്ചു. ടീച്ചറിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

പിറ്റേദിവസം Teddy വളരെ ഉത്സാഹത്തോടെ എല്ലാവരെയുംകാൾ മുൻപിൽ സ്കൂളിൽ എത്തി. അവന്റെ കണ്ണുകൾ ടീച്ചറിനായി പരതി. ആനിക്കും അവന്റെ ഉത്സാഹം കണ്ട് സന്തോഷമായി. Teddy നന്നായി പഠിക്കുവാൻ തുടങ്ങി. നന്നായി വസ്ത്രം ധരിച്ചു തുടങ്ങി. കൂട്ടുകാരോടൊപ്പം ചേർന്നു. പാഠ്യേതര വിഷയങ്ങളിൽ മികവു കാട്ടി. ആനി ടീച്ചർ മാത്രമല്ല മറ്റുള്ള ടീച്ചർമാരും അത്ഭുതത്തോടെയാണ് Teddy യുടെ മാറ്റങ്ങളെ ശ്രദ്ധിച്ചിരുന്നത്.

അങ്ങനെയിരിക്കെ ഒരിക്കൽ ടീച്ചറിന്റെ ബർത്ത്ഡേ വന്നു. കുട്ടികളെല്ലാവരും ഏറ്റവും നല്ല സമ്മാനങ്ങൾ നൽകാൻ മത്സരിച്ചപ്പോൾ ദരിദ്രനായ Teddy വിലകുറഞ്ഞ ഒരു കല്ലുമാലയും മുക്കാൽഭാഗത്തോളം ഉപയോഗിച്ചുതീർന്ന ഒരു അത്തർകുപ്പിയും മാത്രമാണ് നൽകിയത്. അതുകണ്ട മറ്റ് കുട്ടികൾ കളിയാക്കി. Teddy യെ സമാധാനിപ്പിക്കാൻ ടീച്ചർ Teddy നൽകിയ സമ്മാനമാണ് ഏറ്റവും ഇഷ്ടപ്പെട്ടതെന്ന് പറഞ്ഞു. അപ്പോൾ Teddy പറഞ്ഞു "എന്റെ അമ്മയുടെ കല്ലുമാലയും അമ്മ ഉപയോഗിച്ച അത്തറുമാണ് അവ".

പിറ്റേദിവസം ടീച്ചർ ഈ അത്തർപൂശി കല്ലുമാലയും അണിഞ്ഞാണ് സ്കൂളിൽ വന്നത്. Teddy ക്കു പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷമായി. ക്ലാസ്സിൽ നിന്നും കുട്ടികളെല്ലാം ഇറങ്ങിയ സമയത്ത് ടീച്ചറിന്റെ സമീപം ചെന്നു Teddy പറഞ്ഞു.

"ടീച്ചറിനിപ്പോൾ എന്റെ അമ്മയുടെ മണമാണ്".

ആനി Teddy യെ ചേർത്ത് പിടിച്ച് പൊട്ടിക്കരഞ്ഞു. അമ്മയുടെ സ്നേഹം കൊതിക്കുന്ന Teddy യെ തിരിച്ചറിയാൻ ടീച്ചർ വല്ലാതെ താമസിച്ചുപോയി.

ടീച്ചറിന്റെ പ്രത്യേക പരിഗണനയും ശ്രദ്ധയും കിട്ടിയ Teddy സമർത്ഥരായ മറ്റുകുട്ടികൾക്കൊപ്പമായി. അവന്റെ ഉന്മേഷവും പ്രസരിപ്പും തിരിച്ചുവന്നു. ക്ലാസ്സുകൾ അവസാനിക്കാറായി. ഈ വർഷം കഴിഞ്ഞാൽ Teddy ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുവാൻ മറ്റൊരു സ്കൂളിലേയ്ക്ക് പോകുകയാണ്. ഒരു ദിവസം Teddy ആനിക്കൊരു കുറിപ്പു നൽകി.

"എന്റെ ജീവിതത്തിൽ ഞാൻ കണ്ട ഏറ്റവും നല്ല അദ്ധ്യാപികയാണ് ടീച്ചർ. മാത്രമല്ല എന്റെ അമ്മയെ ഞാൻ ടീച്ചറിൽ കാണുന്നു".

ആനിയ്ക്ക് സംതൃപ്തി തോന്നി. Teddy യെ മടക്കിക്കൊണ്ടു വരുവാൻ തനിക്കു കഴിഞ്ഞല്ലോ. ആ വർഷം കഴിഞ്ഞപ്പോൾ Teddy സ്കൂൾ മാറി.

പിന്നീട് വർഷങ്ങൾക്കുശേഷം ഒരു മെഡിക്കൽ കോളജിൽ നിന്ന് ഒരു ക്ഷണക്കത്ത് ലഭിച്ചു.അവിടുത്തെ Graduation Ceremony (Convocation ബിരുദദാനച്ചടങ്ങ്)-ൽ സംബന്ധിക്കുവാനുള്ള കത്താണ്. വളരെ ശ്രദ്ധാപൂർവ്വം വായിച്ചപ്പോഴാണ് Teddy Stoddart ന്റെ അമ്മയുടെ സ്ഥാനത്ത് നിൽക്കുവാനുള്ള ക്ഷണക്കത്താണ്. പണ്ട് Teddy സമ്മാനിച്ച കല്ലുമാലയും അത്തറും അണിഞ്ഞ് ആ ചടങ്ങിൽ Teddy യുടെ അമ്മയായ ആനി എത്തി. Dr. Teddy Stoddart ആയിത്തീരുവാൻ ആനി ടീച്ചർ Teddy യ്ക്കു നൽകിയ പിൻതുണയായിരുന്നു ഈ വലിയ വിജയത്തിന്റെ പിന്നിൽ.

വികാര നിർഭരമായ കഥ കേട്ട് എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞിരുന്നു. അച്ചൻ തുടർന്നു.

ആനിടീച്ചർ Teddy യെ മനസ്സിലാക്കുവാൻ താമസിച്ചെങ്കിൽ നമ്മിൽ പലർക്കും നമ്മുടെ കുഞ്ഞുങ്ങളെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പലപ്പോഴും നമ്മുടെ വശത്തു നിന്നാണ് കുട്ടികളെ നാം കാണുന്നത്. എന്തുകൊണ്ട് അവരുടെ വശത്ത് നിന്ന് അവരെ മനസ്സിലാക്കുവാൻ നമുക്കു കഴിയാതെ പോകുന്നു? നമ്മുടെ ഇഷ്ടങ്ങൾ അനുസരിക്കുന്ന നമ്മുടെ പ്രതീക്ഷപോലെ പ്രവർത്തിക്കുന്ന പാവയല്ല കുട്ടികൾ. അവർക്ക് സ്വന്തമായ വ്യക്തിത്വമുണ്ട്, കാഴ്ചപ്പാടുകൾ ഉണ്ട്. അവരുടെ വികാരത്തെ നാം മാനിക്കണം. കുഞ്ഞുകുട്ടികളായാലും അവരുടേതായ വ്യക്തിത്വം അവർക്കുമുണ്ട്. അതിനെ തിരിച്ചറിയാത്തതാണ് ഇന്നത്തെ കുടുംബ പ്രശ്നങ്ങളിൽ മുഖ്യമായത്. മാതാപിതാക്കളും കുഞ്ഞുങ്ങളും തമ്മിലുള്ള പ്രശ്നങ്ങൾക്ക് Generation gap എന്ന പേരിട്ട് അതിനെ നിസ്സാരവൽക്കരിക്കുന്നതാണ് ഇന്നത്തെ പ്രവണത. എല്ലാവരും കൂടുതൽ ഉത്സാഹത്തോടെ അച്ചന്റെ വാക്കുകളെ ശ്രദ്ധിക്കുവാൻ മുന്നോട്ട് ആഞ്ഞിരുന്നു. അച്ചൻ വളരെ ഭംഗിയായി മക്കളുടെ വളർച്ചയിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ പറയുവാനായി തയ്യാറെടുത്തു.

**(തുടരും)**

# ലക്ഷ്യം (ഗോൾ)

അനൂബ് ജോൺ, ചക്രവേലിൽ, രാമമംഗലം (ഹൈസ്കൂൾ അദ്ധ്യാപകൻ )

ലോകത്തെ ഏറ്റവും ജനപ്രിയ കായിക ഇനം ഏതാണ് എന്നു ചോദിച്ചാൽ ഒറ്റ ഉത്തരമേയുള്ളൂ, ഫുട്ബോൾ എന്നാണ് ആ ഉത്തരം. ചെറിയ കുട്ടികൾ മുതൽ പ്രായം ഉള്ളവർവരെ ഒരുപോലെ ആസ്വദിക്കുന്ന കാൽപന്തുകളിക്ക് തലമുറകൾ കഴിയുംതോറും ജനപ്രിയത കൂടിവരുന്നു. ഇതിഹാസ താരങ്ങളായ മറഡോണയും പെലെയും പിന്നീട് ഡേവിഡ് ബെക്കാം മുതൽ സാക്ഷാൽ ലയണൽ മെസ്സി, ക്രിസ്റ്റിയാനോ റൊണാൾഡോ. നെയ്മർ അങ്ങനെ നീളുന്നു കാൽപന്തുകളിയുടെ താര രാജാക്കന്മാർ.

ഫുട്ബോൾ കളിയുടെ പ്രത്യേകതകൾ പരിശോധിക്കുമ്പോൾ കളിക്കാരന് വേണ്ട കഴിവുകൾ എന്തൊക്കെയാണെന്ന് തിരിച്ചറിയാൻ നമുക്ക് കഴിയും. ടീം വർക്ക്, ഫിസിക്കൽ മെന്റൽ ഫിറ്റ്നസ്, ആത്മ വിശ്വാസം, കഠിനാധ്വാനം, തന്ത്രം, ഡിസിഷൻ മേക്കിങ്ങ്, കഴിവ്, അച്ചടക്കം, ഒത്തൊരുമ, സ്പോർട്സ്മാൻ സ്പിരിറ്റ് അങ്ങനെ നീളുന്നു. ഓരോ കളിക്കും മുമ്പ് കളിക്കാരും ടീമും വലിയ സ്വപ്നങ്ങൾ കാണാറുണ്ട്. ആദ്യത്തെ സ്വപ്നം നാളെ നടക്കുന്ന കളിയിൽ വിജയിക്കുക. അങ്ങനെ വിജയിച്ച് അടുത്ത ഘട്ടത്തിൽ പ്രവേശിക്കുക അതുവഴി ടൂർണമെന്റ് വിജയിക്കുക. ഇവിടെ കളിയുടെ ലക്ഷ്യത്തെ രണ്ടായി തിരിക്കാം.

1. കളി ജയിക്കുക (ഹ്രസ്വ ലക്ഷ്യങ്ങൾ, Short term goal)
2. കളി ജയിച്ചു അടുത്ത കളിയിൽ പ്രവേശിച്ചു ടൂർണമെന്റു ജയിക്കുക (ദീർഘ ദൂര ലക്ഷ്യം, long term goal)

നല്ല സ്വപ്നം കാണാൻ നമ്മെ പഠിപ്പിച്ച എ.പി.ജെ അബ്ദുൽ കലാമിനെയാണ് ഇപ്പോൾ ഓർമ്മ വരുന്നത്. നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ നിരന്തരമായ പരിശ്രമം വേണ്ടിവരും.

**ഗോൾ**

ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ ആഗ്രഹിച്ച കാര്യങ്ങൾ നേടിയെടുക്കുന്നതാണ് ഗോൾ.

**ഗോൾ സെറ്റ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടത്**

പേർസണൽ നടപ്പിലാക്കാൻ സാധിക്കുന്നത് (Achievable) പോസിറ്റീവ് ആയിരിക്കണം.,

നിശ്ചിത സമയ പരിധി നിർണ്ണയിക്കണം (time based)

അളന്നു തിട്ടപ്പെടുത്താവുന്നത് (Measurable)

**ഗോൾ സെറ്റിങ്ങ്**

ഒരു ലക്ഷ്യത്തിലേക്ക് ഒരു ഗ്രൂപ്പിനെയോ വ്യക്തിയെയോ പ്രചോദിപ്പിക്കാനും നയിക്കാനും രൂപ കൽപന ചെയ്തിരിക്കുന്ന പ്രവർത്തന പദ്ധതിയാണ് ഗോൾ സെറ്റിങ്ങ്.

വിവിധ തരത്തിലുള്ള ലക്ഷ്യങ്ങൾ നമുക്കുണ്ട്. ആദ്യമേ അതു ചിത്ര രൂപത്തിൽ മനസ്സിൽ കാണുക.

day goal, week goal, month goal, year goal, life time goal,

ആദ്യം തന്നെ To do list തയ്യാറാക്കണം നമ്മുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും അതിൽ ഉൾപ്പെട്ടിരിക്കണം. അതിനെ മുകളിൽ കൊടുത്തിരിക്കുന്ന തരത്തിൽ തരം തിരിക്കുക എന്നതാണ് ഏറ്റവും പ്രധാനം. ചുരുക്കത്തിൽ പറഞ്ഞാൽ ഗോളുകളെ short term goal, long term goal കളായി തരം തിരിക്കുക.

ഉദാഹരണത്തിന് ശരീരഭാരം കുറയ്ക്കുക എന്നത് നമ്മുടെ ലക്ഷ്യമായി നിർണയിച്ചാൽ

അതൊരു month goal ആണ്. ഗോൾ സെറ്റ് ചെയ്യുമ്പോൾ ഒരുപാട് തടസ്സങ്ങൾ ഉണ്ടാകും ആയതിനെ മറികടക്കുക എന്നതാണ് പ്രധാനപ്പെട്ട കാര്യം. അതിനു വേണ്ടത്.

**ആത്മവിശ്വാസം**

തനിക്കു സാധിക്കില്ല എന്ന ചിന്ത മാറ്റുകയാണ് ആദ്യം വേണ്ടത്. താൻ സെറ്റ് ചെയ്തിരിക്കുന്ന കാര്യങ്ങളിൽ എത്ര തടസ്സങ്ങൾ വന്നാലും ലക്ഷ്യം നേടിയിരിക്കും എന്ന ബോധ്യം സ്വയം ഉറപ്പ് വരുത്തുക. Yes I can എന്നു പറയാനുള്ള ആത്മ വിശ്വാസം സ്വയം സൃഷ്ടിക്കുക.




**നെഗറ്റീവ് ചിന്തകൾ ഒഴിവാക്കി പോസിറ്റീവ് ചിന്തകൾ കൊണ്ടു മനസ്സ് നിറയ്ക്കുക.**

ഒരു സ്വഭാവരീതി നിർണ്ണയിക്കുന്നതിനു അവന്റെ മാതാപിതാക്കളും കുടുംബ പശ്ചാത്തലവും വളർന്നു വരുന്ന കാലഘട്ടത്തിലെ സാഹചര്യങ്ങളും വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. മാതാപിതാക്കൾ ചെറുപ്പം

*(ശേഷം പേജ് 20–ൽ)*

# മാർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ് (തുടർച്ച)

ക്നാനായ അതിഭദ്രാസനത്തിലെ സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ആരംഭിച്ച മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റിൽ നിന്നും നിലവിൽ 55 ഇടവകകളിലെ 654 വിദ്യാർത്ഥികൾക്ക് 2,48,92414 രൂപാ നൽകിയിട്ടുണ്ട് അതിൽ പഠനം പൂർത്തിയായി ജോലിയിൽ പ്രവേശിച്ചിട്ടും തിരിച്ചടയ്ക്കുവാനുള്ളതും 80 ലക്ഷം രൂപയാണ്. കാലാവധി കഴിഞ്ഞും ഈ തുക തിരിച്ചടയ്ക്കാത്തതിനാൽ അർഹരായ ധാരാളം കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുവാൻ സാധിക്കുന്നില്ല. ഇപ്പോൾ കോവിഡിന്റെ പശ്ചാത്തലം കൂടി ആയതിനാൽ പള്ളികളിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുവാനും സാധിക്കുന്നില്ല. ആയതുകൊണ്ട് വായ്പത്തുക കാലാവധി കഴിഞ്ഞിട്ടും തിരിച്ചടക്കാത്തവരുടെ ലിസ്റ്റ് ഖണ്ഡശ്ശ പ്രസിദ്ധീകരിക്കുകയാണ്.

വായ്പത്തുക തിരിച്ചടക്കാനുള്ളവർ നേരിട്ടോ ബാങ്ക് മുഖേനയോ തിരികെ അടയ്ക്കുണമെന്ന് ഓർമ്മിപ്പിക്കുന്നു.

എക്സിക്യൂട്ടീവ് ട്രസ്റ്റികൾ

ഫാ.എ.പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ ശ്രീ.തോമസ് ജോൺ കുളങ്ങര

**മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ്, മോർ അപ്രേം സെമ്മിനാരി, ചിങ്ങവനം, കോട്ടയം**

**SBI Chingavanam Acc. No. 57004254347, IFSC SBIN 0070128**

| | |
|---|---|
| **ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി** | |
| ദിലീപ് കുറിയാക്കോസ്,പുളിവേലികരോട്ട്,ചാന്നാനിക്കാട് | 2,533 |
| ചിന്നമ്മ സക്കറിയാ, മണിമല | 7,581 |
| അനിറ്റ് പുന്നൂസ്, കാലായിൽപറമ്പിൽ, ചാന്നാനിക്കാട് | 3,740 |
| മഞ്ചു കെ. ജോസഫ്, കൊല്ലംപറമ്പിൽ | 21,500 |
| ആഷാ തോമസ്, മൂഴിപ്പാറ | 2,371 |
| സിജി കെ. ജോസഫ്, കൊല്ലംപറമ്പിൽ | 15,000 |
| ഷൈജു കുര്യൻ, ഇലമ്പലാശ്ശേരിൽ | 6,000 |
| ലിന്റാ കെ. പി., കട്ടയിൽ, ഇത്തിത്താനം | 7,000 |
| അജു ചെറിയാൻ, പുള്ളിയിൽ | 15,000 |
| മീതു കുരുവിള, ഒറ്റതൈയ്ക്കൽ | 4,000 |
| ചിന്നു ഫിലിപ്പ്, കോഴിമറ്റത്തിൽ | 7,000 |
| മഞ്ചു കെ.പി., കാഞ്ഞീത്തറ | 15,000 |
| നീതു തോമസ്, കൊച്ചുപറമ്പിൽ | 15,000 |
| ലിയാ ബാബു, മാമൂട്ടിൽ | 15,000 |
| ജിഷാ തോമസ്, വല്യത്തിൽ | 15,000 |
| നിഥിൻ ഷിബു, മാലത്തുശ്ശേരിൽ, ചിങ്ങവനം | 40,000 |
| വീണാ അന്നു ജേക്കബ്,കൊന്നയ്ക്കൽ,ചിങ്ങവനം | 26,000 |
| ജെസിൽ കുറിയാക്കോസ്, താഴ്ചയിൽ, ചാന്നാനിക്കാട് | 5,000 |
| നീതു മാത്യു, പാട്ടാശ്ശേരിൽ, പള്ളം | 20,000 |
| **ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി** | |
| ഹണി ഏബ്രഹാം കുന്നേൽ | 13,000 |
| സ്മിതാ തോമസ് തെക്കേകരോട്ട് | 7,000 |
| ജോബി ചാക്കോ, കിഴക്കേകളം | 7,000 |
| മരിയാ സ്ക്കറിയാ, മുക്കാട്ട് | 10,000 |
| സിഞ്ചുമോൾ മാത്യു, കളപ്പുരതട്ടേൽ | 10,000 |
| റ്റീനു സ്ക്കറിയാ, കണ്ണൻങ്കേരിൽ | 354,454 |
| സ്നേഹാ മാത്യു, കളപ്പുരതട്ടേൽ,ചിങ്ങവനം | 10,000 |
| അപ്പൂസ് കെ.ജേക്കബ്, കാരിയിൽ, ചാന്നാനിക്കാട് | 40,000 |
| ചിന്നു ജോയി, മങ്ങാട്ട്. എസ്.പുരം | 25,000 |
| റമിൻ ഫിലിപ്പ്, വട്ടത്തകിടിൽ, ചിങ്ങവനം | 20,000 |
| നീമാ ബേബി, കണ്ണങ്കേരിൽ, എസ്.പുരം | 10,000 |
| രേഷ്മാ എലിസബേത്ത്, തെക്കേപറമ്പിൽ | **2,0000** |
| ചിന്നു കെ. മാത്യു, കാരിയിൽ, ചാന്നാനിക്കാട് | **25,000** |
| **ഇരവിപേരൂർ സെന്റ് മേരീസ് പള്ളി** | |
| അനു രാജു മടത്തുങ്കൽ | 8,000 |
| ഫെബിൻ രാജു പുളിക്കാവിൽ | 15,000 |
| ഫെനിയ രാജു പുളിയ്ക്കാവിൽ | 20,000 |
| ജോബിൻ കെ. ഏബ്രഹാം, കുന്നുംപുറത്ത് | 30,000 |
| നിഥിൻ സണ്ണി, തെങ്ങേലിമണ്ണിൽ | 30,000 |
| മാത്യു തോമസ്, വള്ളിയിൽ | 30,000 |
| **ഗുരുനാഥമണ്ണ് സെന്റ് ജോർജ് പള്ളി** | |
| ഷിജോ കെ. രാജൻ, കന്യയിൽ | 5,000 |
| **കല്ലിശ്ശേരി സെന്റ് മേരീസ് വലിയപള്ളി** | |
| ജിൻസി സി. ജെ., ചരിവുപറമ്പിൽ | 10,000 |
| ജിറ്റി സി. ജെ., ചരിവുപറമ്പിൽ | 4,500 |
| ബിബിൻ മാത്യു, പള്ളിയമ്പിൽ | 15,000 |
| റീനാ തോമസ്, ആലുമൂട്ടിൽ | 10,000 |
| ഷൈബി ഇടുക്കുള, ആലുമൂട്ടിൽ | 10,000 |
| ഷീനാ ഇടുക്കുള, ആലുംമൂട്ടിൽ | 10,000 |
| നിഖിൽ ഏബ്രഹാം, കാരയ്ക്കാട്ട് | 5,000 |
| ഷിജി ചാക്കോ, ചരിവുപറമ്പിൽ | 10,000 |
| റോബിൻ മാത്യു, പള്ളിയമ്പിൽ, മഞ്ചാടി | 35,000 |
| റ്റിന്റു കുര്യൻ താഴ്ചയിൽ, പടിഞ്ഞാറ്റോതറ | 25,000 |
| ചിഞ്ചു ജോസഫ്, തൈക്കയ്ക്കകത്ത്, പാണ്ടനാട് | 20,000 |
| ഷീനാ ചാക്കോ, ചരിവുപറമ്പിൽ, കല്ലിശ്ശേരി | 45,000 |
| സൗമ്യ സാബു, തൈയ്ക്കകത്ത്, പാണ്ടനാട് | 45,000 |
| റിയാ ജോസ്, പറങ്കാമൂട്ടിൽ, കല്ലിശ്ശേരി | 5,000 |
| ജോബിൻ ബാബു, ഇടയാടിൽ, കല്ലിശ്ശേരി | **70,000** |
| ജിന്റു ജേക്കബ്, കുറ്റിയിൽ പാറയിൽ, കല്ലിശ്ശേരി | **100000** |
| പ്രേണു സി. ജേക്കബ്, ചരിവുപറമ്പിൽ, കല്ലിശ്ശേരി | **75,000** |
| ഷൈജു സാബു, തൈയ്ക്കാത്തു,,പാണ്ടനാട് | **3,0000** |
| **കണമല സെന്റ് ജോർജ് പള്ളി** | |
| അനീറ്റാ മാത്യു, മള്ളൂശ്ശേരിൽ, കണമല | **25,000** |
| സിനുമോൾ ഏബ്രഹാം, കിടങ്ങിൽ, തുലാപ്പള്ളി | 40,000 |
| റ്റിന്റു മറിയം തോമസ്, കിടങ്ങിൽ, തുലാപ്പള്ളി | 40,000 |
| സ്നേഹാമോൾ വി.കെ, കിടങ്ങിൽ, തുലാപ്പള്ളി | 20,000 |
| **കട്ടപ്പന സെന്റ് മേരീസ്പള്ളി** | |
| ഷൈജു സ്ക്കറിയാ, വളയംതറയിൽ | 10,000 |
| ജിന്റു ജേക്കബ്, വളയംതറ | 4,200 |
| ജോബിൻ ജോസഫ്, പുഞ്ചക്കറയിൽ | 15,000 |
| സ്റ്റെഫി ഫിലിപ്പ്, മാമ്മലശ്ശേരിൽ | 20,000 |
| റിയാ മാത്യു, വളയംതറ, കട്ടപ്പന | 25,000 |
| എബിൻ ജേക്കബ്,വളയംതറ, വാഴാവര | 15,000 |
| ഷേർലിൻ ഷാജി, വളയൻതറ,വാഴാവാര | **7,0000** |
| **കറ്റോട് സെന്റ് മേരീസ്പള്ളി** | |
| ജോബിൻ പി.ചാക്കോ, പൂവത്തുംപറമ്പിൽ | 40,000 |
| ജെയിനി പി. ചാക്കോ, പൂവത്തുംപറമ്പിൽ | 20,000 |
| അരുൺ കുറിയാക്കോസ്, പൂവത്തുംപറമ്പിൽ | 30,000 |
| അഞ്ചു കുറിയാക്കോസ്, പൂവത്തുംപറമ്പിൽ | 40,000 |
| അഞ്ചു അലക്സാണ്ടർ, കൊച്ചാലമുറ്റത്ത്,വള്ളംകുളം | 45,000 |
| നീനാ തോമസ്, താഴ്ചപറമ്പിൽ, തിരുവല്ല | 35,000 |
| നീതു തോമസ്, താഴ്ചപറമ്പിൽ, തിരുവല്ല | 35,000 |
| ജിനുമോൾ കെ.ഏബ്രഹാം, കൊന്നയിൽമലയിൽ | 7,0000 |
| **കാവാലം സെന്റ് ജോർജ്പള്ളി** | |
| എലിസബത്ത് കെ. ഇട്ടി, കണിച്ചേരിൽ | 10,000 |
| സുമി സ്കറിയ, ആറ്റുമംഗലം, കാവാലം | 10,000 |
| നിമിഷാ കുര്യൻ, കൊച്ചുപറമ്പിൽ, കാവാലം | 85,000 |
| **മടന്തമൺ സെന്റ് ജോർജ് കുരിശുപള്ളി** | |
| സുജിത്ത് ഏബ്രഹാം, കണ്ണംങ്കര | 5,000 |
| റിറ്റു കുര്യൻ, പയ്യനാട്ട് | 15,000 |
| **മാന്നാർ സെന്റ് മേരീസ് പള്ളി** | |
| റ്റിജോ ഏബ്രഹാം, പുരയ്ക്കൽ, കിഴക്കുഭാഗം | 24,000 |
| **മാന്നാർ പാവൂക്കര സെന്റ് മേരീസ് പള്ളി** | |
| ഡെൽസൺ മാത്യു പുപ്പതിൽ | 6,000 |
| സഞ്ചു റ്റി. തങ്കച്ചൻ, തോട്ടുങ്കൽ | 5,000 |
| നിഷാ മാത്യു പുപ്പാതിൽ | 11,500 |
| നീതു ഏബ്രഹാം വാണിയപുരയ്ക്കൽ,മേൽപ്പാടം | 40,000 |




**ഫാ. ലിജോ ഏലിയാസ് ജോസഫ് പട്ടുകാലായിൽ,**
**(വികാരി, കുമളി മർത്തോമൻ പള്ളി)**

**ഗർബോ ഞായർ 21-2-2021**

**(വി. ലൂക്കോസ് 5:12-16, 4:40-41)**

സൗഖ്യദായകനായ യേശുവിനെയാണ് ഇന്നത്തെ വചനഭാഗത്ത് നമുക്ക് കാണുവാൻ സാധിക്കുന്നത്. പാപത്താൻ കളങ്കപ്പെട്ട സൃഷ്ടി കഴിഞ്ഞ ഞായറാഴ്ച (കൊത്ത്നേ) പുതുക്കപ്പെട്ടു. എങ്കിലും പാപത്തിന്റെ അണുക്കളാൽ ബാധിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെ സ്വഭാവം എപ്പോഴും ദുഷിച്ചിരിക്കുന്നതാകയാൽ അതിനെ സുഖപ്പെടുത്താൻ ഒരു വൈദ്യൻ ആവശ്യമാണ്. യേശു മശിഹാ എന്ന വൈദ്യൻ നമ്മുടെ സമീപേ ഉണ്ട്.

കുഷ്ഠരോഗവും പാപവും തമ്മിൽ വളരെ സാമ്യമുണ്ട്. കുഷ്ഠരോഗം ശരീരത്തിൽ ചെറിയ സ്ഥലത്ത് കാണുകയും പിന്നീട് ശരീരം മുഴുവൻ പടർന്ന് വ്രണപ്പെടുത്തുകയും ചെയ്യുന്നു. പാപാവസ്ഥയും ഇതുപോലെ മനുഷ്യാത്മാവിനെ നാശത്തിലേക്ക് നയിക്കുന്നു. ന്യായപ്രമാണം അനുസരിച്ച് കുഷ്ഠരോഗി ഞാൻ അശുദ്ധൻ എന്ന് ഉറക്കെ വിളിച്ച് പറഞ്ഞ് പാളയത്തിന് പുറത്ത് പോകണം (ലേവ്യർ. 14-ാം അദ്ധ്യായം). ഇപ്രകാരം പാപി അനുതാപപ്പെട്ട് ഞാൻ പാപി, അശുദ്ധൻ എന്ന് ദൈവ തിരുമുമ്പാകെ ഏറ്റു പറയണം.

മ്ശിഹായ്ക്ക് മനസ്സായി, രോഗിയെ സുഖപ്പെടുത്തിയ ശേഷം അവനോട് കൽപ്പിക്കുന്നത്, നീ ചെന്ന് പുരോഹിതർക്ക് നിന്നെത്തന്നെ കാണിച്ചു കൊടുക്കുക എന്നാണ്. യേശു, സഭയേയും, ദൈവാലയത്തേയും, പൗരോഹിത്യ ധർമ്മത്തെയും, ന്യായപ്രമാണത്തെയും നിഷേധിക്കുന്നില്ല. പുരോഹിതന് നിന്നെത്തന്നെ കാണിച്ചുകൊടുക്കുക എന്നാണ് കല്പന. പുരോഹിതന് സൗഖ്യം നൽകാൻ കഴിഞ്ഞില്ല. ദൈവമാണ് സൗഖ്യം നൽകുന്നത്. ദൈവം നൽകിയ ന്യായപ്രമാണം ഇവിടെ സഫലമാകുന്നു.

**മ്ശറിയൊ ഞായർ 28-2-2021**

**(വി. മർക്കോസ് 2:1-12)**

യേശുക്രിസ്തു ജഡം ധരിച്ച ദൈവവും, പാപവിമോചകനും ആണെന്നും, താൻ ശബ്ബത്തിനും കർത്താവാണെന്നും ഇന്നത്തെ വേദഭാഗം തെളിയിക്കുന്നു. കർത്താവിന്റെ അത്ഭുതങ്ങൾ വെറും അതിശയ വിഷയങ്ങൾ മാത്രമല്ല, അവ വഴിയായി അവയുടെ കേന്ദ്രമായ ഉപദേശങ്ങളെ പഠിപ്പിക്കുവാൻ കൂടി ഉദ്ദേശിച്ചിട്ടുള്ളതാണ്. പക്ഷവാതക്കാരനെ സുഖപ്പെടുത്തിയതുകൊണ്ട്, താൻ ദൈവവും, പ്രകൃതിയുടെ നിർമ്മാതാവും, സകല രോഗങ്ങളും സുഖപ്പെടുത്തുന്ന വൈദ്യനുമാണെന്നും കാണിക്കുന്നു. ഇതുപോലെ തന്നെ രോഗത്തെ മാത്രമല്ല രോഗകാരണമായ പാപത്തെയും സൗഖ്യമാക്കുമെന്നും, മനുഷ്യനെ മുഴുവനായി ആരോഗ്യവാനാക്കുമെന്നും തെളിയിക്കുന്നു.

ഇന്നത്തെ വേദഭാഗത്തിലൂടെ ചിന്തിച്ചാൽ പാപവും രോഗവും തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാൻ കഴിയും. പാപത്തിന്റെ ശമ്പളം മരണമാകുന്നുവെങ്കിൽ രോഗം അതിന്റെ ശിക്ഷയുമാകുന്നു. പാപത്തിന് രണ്ടു മുള്ളുകൾ ഉണ്ട്.

1. ദുഃഖം കൊണ്ട് ആത്മാവിനെയും
2. വേദനകൊണ്ട് ശരീരത്തെയും ദണ്ഡിപ്പിക്കുന്നു.

ഒരാളെ മാത്രമല്ല സമൂഹത്തെയും പാപം നശിപ്പിക്കും (എസക്കിയേൽ 33:23)

പക്ഷപാതക്കാരന് പാപശാന്തിയും രോഗശാന്തിയും വരുന്നതിൽ പ്രേരകമായിരുന്ന പ്രധാന ഘടകം കർത്താവിന്റെ സന്നിധിയിൽ അവനെ എത്തിച്ചവരുടെ മനസ്സൊരുക്കവും ദൃഢനിശ്ചയവും, വിശ്വാസവും ആയിരുന്നു. മറ്റുള്ളവർക്കു വേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന ദൈവം സ്വീകരിക്കുന്നു. അത് ഒരിക്കലും മുടങ്ങാതെ നടക്കണമെന്ന് മാത്രമല്ല; ശത്രു മിത്ര ഭേദമെന്യേ എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ നമുക്ക് ചുമതലയുണ്ട്. എന്നാൽ, മദ്ധ്യസ്ഥത ചെയ്യുന്നവരും, മദ്ധ്യസ്ഥ പ്രാർത്ഥന അണക്കുന്നവരും സൗഖ്യദായകനിൽ പൂർണ്ണ വിശ്വാസമുള്ളവർ ആയിരിക്കണം. വിശ്വസിക്കാത്തവരുടെ ഇടയിൽ ചിലപ്പോൾ ദൈവത്തിന് ഒന്നും ചെയ്യാനാവില്ല. കാരണം അവിശ്വാസം ദൈവ കൃപയെയും തടഞ്ഞു നിർത്തുന്നതാണ്.

പരിപാവനമാം നോമ്പരിയാം സാത്താനെ നേർക്കും
വിജയ-കൊടിയുമഹോ- തോൽക്കാത്തോരായുധവും തൻ...

ഒരു നോമ്പു കാലം കൂടി ആഗമനമായിരിക്കുന്നു. കനാൻ ദേശത്തേക്കുള്ള യിസ്രായേൽ മക്കളുടെ മരുഭൂയാത്ര പോലെയാണ്, ഉയിർപ്പ് പെരുന്നാളിന്റെ സ്വർഗ്ഗീയ അനുഭവത്തിലേക്കുള്ള ഈ തീർത്ഥയാത്ര. ഈ യാത്രയിൽ, പരി. നോമ്പ്, ദുഷ്ടനായ സാത്താനിൽ നിന്ന് നമ്മെ രക്ഷിക്കുന്ന തോൽക്കാത്ത ആയുധമാണ്. "ഓരോരുത്തൻ, താന്താന്റെ ദുർമാർഗ്ഗം താന്താന്റെ കൈക്കലുള്ള സാഹസവും വിട്ട് മനം തിരിയുകയും വേണം". (യോന.3:8). നിനുവായിലെ ജനത്തിനുള്ള രാജാവിന്റെ കല്പനയാണിത് യോനായിലൂടെ ദൈവീക അരുളപ്പാട് ലഭിച്ചപ്പോൾ, നിനുവയിലെ അരചനും ജനനവും ഒരു നവീകരണം അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞു. ഓരോ നോമ്പുകാലവും നമ്മുടെ നവീകരണത്തിനായുള്ള കാലമായി നാം കരുതണം.

**ക്നാനൈത്തോ ഞായർ 7-3-21**

**(വി. മത്തായി.15:21-31)**

അവൻ സകലവും നന്നായി ചെയ്യുന്നു. (മർക്കോസ്. 7:37) യേശുവിനെപ്പറ്റിയുള്ള പൊതുജന സാക്ഷ്യമാണിത്. ചെകിടർക്ക് കേൾവിയും, ഊമർക്ക് സംസാര ശക്തിയും, അന്ധർക്ക് കാഴ്ച ശക്തിയും നൽകിയും, ദൈവസ്നേഹത്തെക്കുറിച്ച് പഠിപ്പിച്ചുംകൊണ്ട് അദ്ദേഹം സഞ്ചരിച്ചുകൊണ്ടിരുന്നു.

ഈ സഞ്ചാരവേളയിൽ തന്റെ മകളുടെ ഭൂതബാധ അകറ്റാൻ അപേക്ഷയുമായി എത്തിയ ഒരു വീട്ടമ്മ പുറജാതിക്കാരിയായിരുന്നു. കനാന്യർ സങ്കര വർഗ്ഗമായിരുന്നതിനാൽ അവർക്ക് തെരഞ്ഞെടുക്കപ്പെട്ട മാന്യ സമൂഹവുമായി സമ്പർക്കമുണ്ടായിരുന്നില്ല. സ്വന്തം 'ജാതി' മഹാത്മ്യത്തെപ്പറ്റി അഭിമാനം കൊള്ളുന്നവർക്ക് ബാക്കിയെല്ലാം പുറജാതികളാണ്. എന്നാൽ ലോകരക്ഷകന്റെ ദൃഷ്ടിയിൽ ആരും പുറത്തുള്ളവരല്ല. കള്ളന്മാരുടെ ആക്രമണത്തിൽ സാരമായി മുറിവേറ്റു കിടന്ന് 'യഹൂദനെ' പരിചരിച്ച് ചികിത്സ നൽകി ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നത് ശമര്യക്കാരനാണ് (ലൂക്കോ. 5:10). ആ ശമര്യനെ യഹൂദന്റെ 'കൂട്ടുകാരനായി' യേശു ഉയർത്തി കാട്ടുന്നു. ആരെയും, അവഗണിക്കാനും, പുച്ഛിക്കാനും, തള്ളിക്കളയാനും ആർക്കും അവകാശമില്ല. കനാന്യ സ്ത്രീയുമായുള്ള സംസാര രംഗം വെളിവാക്കുന്ന സത്യവും ഇതുതന്നെ.

മക്കൾ, പുറജാതി എന്ന തരം തിരിപ്പ് ഇവിടെ അസ്തമിക്കുന്നു. 'മക്കളുടെ അതേ അവകാശവും, സ്വാതന്ത്ര്യവും പുറജാതിക്കാരിയായ സ്ത്രീക്കും കുടുബത്തിനും ലഭിച്ചു. കാരണം അവളെയും മകളായി സ്വീകരിച്ചു. കന്യാന്യസ്ത്രീയുടെ വിശ്വാസമാണ് ഇതിന് വഴിവന്നത്. അപ്പോൾ ആരാണ് മക്കൾ? "വിശ്വാസം പാലിക്കുന്നതാണ് ഇവിടെ മാനദണ്ഡം. വലുതായ വിശ്വാസമുണ്ടായിരുന്ന പുറജാതിക്കാരിക്ക് അവൾ ആഗ്രഹിച്ചതെല്ലാം നൽകപ്പെട്ടു.

നാം ഓരോരുത്തരും മക്കളാണോ, നായ്ക്കളാണോ എന്ന് പരിശോധിക്കണം. മക്കളെങ്കിൽ പിതാവിന്റെ മേശയിലേക്ക് വരുവാൻ അവൻ നമ്മെ ആഹ്വാനം ചെയ്യുന്നു. നായ്ക്കളാണെങ്കിലോ പുറത്താണ് നമ്മുടെ സ്ഥാനം (വെളി. 22:15)

**ക്ഫിഫ്ത്തോ ഞായർ 14-3-2021**

**(വി. ലൂക്കോസ്.13:10-17)**

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ, തന്റെ സദൃശ്യമാകുന്ന വിശുദ്ധി, നീതി, മരണമില്ലായ്മ എന്നിവയിലാണ് അവനെ സൃഷ്ടിച്ചത്. ആദാമ്യ പാപം മൂലം ഈ സാദൃശ്യം നഷ്ടപ്പെടുകയും അവന്റെ പല അവകാശങ്ങളും നഷ്ടപ്പെടുകയും ശത്രുവായ സാത്താന് കീഴ്പ്പെടേണ്ടി വരികയും ചെയ്തു. അതിനാൽ അവൻ ദൈവത്തോട് നിലവിളിക്കുകയും അതിനു പ്രതിഫലമായി ദൈവം, സ്വർഗ്ഗം വാഗ്ദത്തം ചെയ്യുകയും ചെയ്തു.

ഈ കൂനിയായ സ്ത്രീ മനുഷ്യരാശിയുടെ സാദൃശ്യമാകുന്നു. മനുഷ്യൻ മേല്പോട്ട്, അതായത്, വിശുദ്ധി, സത്യം, മുതലായ ഗുണങ്ങളിലേക്ക് നോക്കുന്നതിന് പകരം മൃഗങ്ങളെപ്പെലെ കുനിയുകയും, ഭൗമീക വ്യാമോഹങ്ങളിൽ ഉല്ലസിക്കുകയും ചെയ്തു. ക്രിസ്തു പാപസ്വഭാവത്തെ തൊടുകയും അതിനെ ചൊവ്വാക്കുകയും ചെയ്തു. (ലൂക്കോ. 13:10-17)

പാതിനോമ്പ് കഴിഞ്ഞ ഈ സന്ദർഭത്തിൽ, പാപദംശനമേറ്റ് നിലം പരിശായ നാം ഗോഗുൽത്തായുടെ മുകളിൽ നാട്ടപ്പെട്ട ജീവസ്ലീബായെ നോക്കി പാപക്കൂനു നിവർത്തി നിത്യജീവൻ പ്രാപ്തമാക്കുവാൻ ഇടയാകണം. ●

## ശുഭചിന്തകൾ

**ആരെയും പരിഹസിക്കാതിരിക്കാം- ആത്മാർത്ഥ സുഹൃത്തായാൽപോലും. ന്യൂനതകളില്ലാത്ത മനുഷ്യരില്ലല്ലോ... എല്ലാം തികഞ്ഞവരായി മനുഷ്യരെ ദൈവം സൃഷ്ടിച്ചിട്ടുമില്ല.**

## ലക്ഷ്യം (ഗോൾ)

*(പേജ് 17 തുടർച്ച)*

മുതൽ അരുത് എന്നു മാത്രം പറഞ്ഞു വളർത്തിയ കുട്ടികളിൽ നെഗറ്റീവ് ചിന്തകൾ മാത്രമേ ഉണ്ടാവുകയുള്ളു. പോസിറ്റീവ് ചിന്ത നൽകുന്ന പുസ്തകങ്ങൾ വായിക്കുക, സിനിമ കാണുക, അനുഭവ കഥകൾ, ജീവിത വിജയം നേടിയവരുടെ ജീവിത ചരിത്രം തുടങ്ങിയവയൊക്കെ വായിച്ചാൽ മനസ്സിൽ പോസിറ്റീവ് ചിന്തകൾകൊണ്ടു നിറയ്ക്കാം.

ഇൻപുട്ട് നെഗറ്റീവ് ആണെങ്കിൽ ഔട്ട്പുട്ട് നെഗറ്റീവ് ആയിരിക്കും. ഇൻപുട്ട് പോസിറ്റീവ് ആണെങ്കിൽ ഔട്ട്പുട്ട് പോസിറ്റീവ് ആയിരിക്കും. നാം നമ്മുടെ പോസിറ്റീവ് കഴിവുകളെക്കുറിച്ചു അന്വേഷിക്കുകയും ചിന്തിക്കുകയും ചെയ്താൽ മതി നമ്മുടെ നെഗറ്റീവുകളെയും ഇല്ലായ്മകളെയും നാട്ടുകാർ കണ്ടെത്തികൊള്ളുമെന്ന് തമാശ ആയിട്ടാണെങ്കിലും പറയാറുണ്ട്. തമാശ ആണെങ്കിലും അതിലും കാര്യമില്ലാതില്ല.

ഗോൾ സെറ്റ് ചെയ്യുമ്പോൾ അതു Smart Goal ആയിരിക്കണം.

S - Specific
M - Measurable
A - Achievable
R - Relevant
T - Time bound

പുതിയ വാഹനം വാങ്ങുക, പുതിയ വീട്, ഭാരം കുറയ്ക്കുക, സിഗരറ്റ്, മദ്യം ഉപയോഗം നിർത്തുക, ഡിഗ്രി പഠിക്കുക, സിവിൽ സർവ്വീസ് നേടുക, വിവാഹം ചെയ്യുക, നല്ല ഭർത്താവ്/ഭാര്യ ആവുക അങ്ങനെ നിരവധി ഗോൾ ഉണ്ടാകും. നിങ്ങളുടെ ഗോളിന് പരിധി വയ്ക്കരുത്. പലതരത്തിൽ ഉള്ള ഗോൾ ഉണ്ട്. ഗോൾ എന്നത് കൊണ്ടു പലരും വിചാരിക്കുന്നത് പഠിച്ചു ജോലി നേടുക എന്നത് മാത്രമാണ്. എന്നാൽ അതു മാത്രമല്ല നമ്മുടെ ലക്ഷ്യം എന്ന തിരിച്ചറിവ് ഉണ്ടാകണം.

ആർട്ടിസ്റ്റിക് ഗോൾ, ഫാമിലി ഗോൾ, കരിയർ ഗോൾ, സ്വഭാവം, വിദ്യാഭ്യാസം, സാമ്പത്തിക ഗോൾ പൊതുജനക്ഷേമം, തുടങ്ങി അനവധി മേഖലകളിൽ നമുക്ക് ഗോൾ സെറ്റ് ചെയ്യാവുന്നതാണ്.

**ഗോൾ സെറ്റ് ചെയ്ത ശേഷം ചെയ്യേണ്ട കാര്യങ്ങൾ**

**Vision Board**

നമ്മുടെ ഗോൾ നമുക്ക് കാണാവുന്ന രീതിയിൽ പ്രദർശിപ്പിക്കാം. കിടക്കുന്നതിനു മുമ്പും രാവിലെ എഴുന്നേറ്റും ഗോൾ വായിച്ചു ഉറപ്പ് വരുത്തുക.

**Self ടോക്ക്**

ഓരോ ദിനവും സ്വയം സംസാരിച്ചു തുടങ്ങുക. കണ്ണാടിയിൽ നോക്കി സ്വന്തം കഴിവുകളെക്കുറിച്ച് സംസാരിക്കുക (mirror talk). ആത്മ വിശ്വാസം നിറയ്ക്കുന്നതിനു ഇതു സഹായിക്കുന്നു.

ചില ഘട്ടങ്ങളിൽ നമ്മൾ സെറ്റ് ചെയ്തിരിക്കുന്ന ഗോളിലേക്കുള്ള യാത്രയിൽ പ്രതിസന്ധികളും പരാജയങ്ങളും സംഭവിക്കാം. എന്നാൽ നിരന്തരമായ പരിശ്രമത്തിലൂടെ ചെറിയ ചെറിയ പരാജയങ്ങളെ വലിയ ജീവിത വിജയങ്ങളാക്കി മാറ്റാം. ●

# മഞ്ഞനിക്കര കുന്നിലെ പരിമളം

**ഫാ. ലിബിൻ ഏബ്രഹാം കന്നാക്കുഴിമലയിൽ**

സുറിയാനിസഭാ ചരിത്രത്തിൽ ഇടം നേടിയ പട്ടണമായ തുർക്കിയിലെ മർദ്ദീനിൽ അബ്രഹാം കോർ എപ്പിസ്കോപ്പയുടെയും മറിയത്തിന്റെയും മകനായി 1867 ഒക്ടോബർ 30ന് പ. പിതാവ് ഭൂജാതനായി. എല്ലാവരും ആ ശിശുവിനെ സ്നേഹപൂർവ്വം നസ്റി എന്ന് വിളിച്ചിരുന്നു. നസ്റിയുടെ ബാല്യത്തിൽ തന്നെ മാതാവ് മരണപ്പെട്ടതിനാൽ ജ്യേഷ്ഠ സഹോദരി ഹെലനിയുടെ പരിപാലനയിലാണ് ബാലൻ വളർന്നത്. നന്നെ ചെറുപ്പം മുതൽ തന്നെ ബാലൻ ദൈവാലയ ശുശ്രൂഷയിലും പ്രാർത്ഥനയിലും വളരെ ഔത്സുക്യം പ്രകടിപ്പിച്ചിരുന്നു. കൗമാരപ്രായത്തിൽ സ്വർണ്ണപ്പണിയും പിന്നീട് മൂന്ന് മാസം ഓട്ടോമാൻ ഭരണത്തിന് കീഴിലും ജോലി ചെയ്തു.

പ. പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ നിർദ്ദേശ പ്രകാരം 1887-ൽ നാല്പതു സഹദേന്മാരുടെ നാമത്തിലുള്ള സെമിനാരിയിൽ ചേരുകയും പിന്നീട് മോർ ഹാനനിയാ ദയറായിൽ ചേർന്ന് ശെമ്മാശുപട്ടം സ്വീകരിക്കുകയും ചെയ്തു. 1889-ൽ പൂർണ്ണ സന്യാസി (ശർബോ ദയറൂസോ) സ്ഥാനവും ഏലിയാസ് എന്ന നാമവും സ്വീകരിച്ചു. 1892 ൽ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. 1895-ലെ ഡയബക്കിർ കൂട്ടക്കൊലയെ തുടർന്ന് അഭയാർത്ഥികളായ 7000-ഓളം അർമ്മീനിയൻ വംശജർക്ക് മോർ കുറിയാക്കോസ് ദയറായിൽ അദ്ദേഹം അഭയം നൽകി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ സന്തുഷ്ടനായ പാത്രിയർക്കീസ് അദ്ദേഹത്തെ മോർ കുറിയാക്കോസ്, മോർ ഹനനിയാ എന്നീ ദയറാകളുടെ പ്രധാന ചുമതലക്കാരനായി നിയമിച്ചു.



വേദശാസ്ത്രം, തത്വശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അസാമാന്യമായ അറിവ് സമ്പാദിക്കുകയും സന്യാസജീവിതനിഷ്ഠകളായ ധ്യാനം, പ്രാർത്ഥന, ഉപവാസം, മൗനം എന്നിവ ജീവിതചര്യയായി സ്വീകരിക്കുകയും ചെയ്തു. 1908-ൽ ഏലിയാസ് റമ്പാച്ചനെ ആമീദിലെ മെത്രാപ്പോലീത്തായായി മോർ ഈവാനിയോസ് എന്ന പേരിൽ പ. അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് വാഴിച്ചു. 1912-ൽ മോർ ഈവാനിയോസിന് മൂസൽ ഭദ്രാസനത്തിന്റെ ചുമതല നൽകി. ഈ കാലയളവിൽ അദ്ദേഹം അനേകം സ്കൂളുകൾ, ആശ്രമങ്ങൾ, ദൈവാലയങ്ങൾ എന്നിവ നിർമ്മിക്കുകയും വിശ്വാസികൾക്കായി ആത്മീകവും ഭൗതികവുമായ അനേകം കർമ്മപദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തു.

1915-ൽ പ. അബ്ദുള്ള രണ്ടാമൻ കാലം ചെയ്തപ്പോൾ, തിരുമേനി കൈമാഖാമായി ചുമതലയേറ്റു. 1917-ൽ സുറിയാനി സഭയുടെ 119-ാം പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ടു.. തന്റെ ഭരണകാലത്ത് 6 തവണ മൂറോൻ കൂദാശ നിർവ്വഹിക്കുകയും ക്നാനായ സമുദായത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്തയായ ദീയസ്കോറോസ് ഉൾപ്പെടെ 3 മലയാളികളെയും 7 സുറിയാനിക്കാരെയും മെത്രാപ്പോലീത്താമാരാക്കുകയും ചെയ്തു.

മലങ്കരയിലെ കക്ഷിവഴക്കിൽ അദ്ദേഹം വളരെ അസ്വസ്ഥനായിരുന്നു. അതുകൊണ്ടാണ് ഹൃദ്രോഗത്തിന്റെ കടുത്ത ബുദ്ധിമുട്ടുകൾക്ക് ഇടയിലും മലങ്കരയിൽ എഴുന്നെള്ളിവന്ന് സമാധാനം സ്ഥാപിക്കുവാൻ മുന്നിട്ടിറങ്ങിയത്. 1930-ൽ മത്തായി ദയറായിൽ സുറിയാനി സഭയുടെ സുന്നഹദോസ് വിളിച്ചുകൂട്ടുകയും ഭരണക്രമീകരണങ്ങൾക്കുള്ള നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. 1931 കുംഭം 21 -ന് കപ്പൽ മാർഗ്ഗം കറാച്ചിയിൽ വന്നിറങ്ങി. അവിടെ നിന്ന് ട്രെയിൻ വഴിയായി ഡൽഹിയിൽ എത്തി വൈസ്രോയിയുടെ അതിഥിയായി താമസിച്ചു. 1931 മീനം -8ന് ട്രെയിൻ മാർഗ്ഗം ആലുവായിൽ എത്തിച്ചേർന്നു. മിഖായേൽ മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ പ. പാത്രിയർക്കീസിനെ മലങ്കരയിലേക്ക് വരവേറ്റു. തൃക്കുന്നത്ത് സെമിനാരിയിലേക്ക് മലങ്കരമക്കൾ അദ്ദേഹത്തെ സ്വീകരിച്ച് ആനയിച്ചു. അദ്ദേഹത്തിന്റെ സന്ദർശനത്തിന്റെ മൂന്നാം ദിവസം മുടക്കപ്പെട്ട വട്ടശ്ശേരിൽ ഗീവർഗീസ് മോർ ദീവന്നാസ്യോസ് പ. പിതാവിനെ സന്ദർശിക്കുകയും പശ്ചാത്തപിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മുടക്ക് തീർക്കുകയും സഭയിലേക്ക് സ്വീകരിക്കുകയും ചെയ്തു. തന്റെ ശ്ലൈഹികസന്ദർശന കാലത്ത് അദ്ദേഹം അനേകം ദൈവാലയങ്ങൾ സന്ദർശിക്കുകയും സഭയിൽ പരിപൂർണ്ണ സമാധാനം കൈവരുത്തുവാനുള്ള പരിശ്രമങ്ങൾ നടത്തുകയും ചെയ്തു.

ആലുവായിലെ താമസകാലത്ത് രണ്ട് ദയറാകൾ സ്ഥാപിക്കുന്നതിന് പരിശുദ്ധ പിതാവ് അനുമതി നൽകി. പുരുഷന്മാർക്ക് വേണ്ടി പിറമാടത്ത് മോർ അത്താനാസിയോസ് എന്ന പേരിലും സ്ത്രീകൾക്ക് വേണ്ടി കിഴക്കമ്പലത്ത് സെന്റ് മേരീസ് എന്ന പേരിലും ദയറാകൾ സ്ഥാപിക്കപ്പെട്ടു.

വടക്കൻ പ്രദേശങ്ങളിലെ ദൈവാലയ സന്ദർശനങ്ങൾക്ക് ശേഷം ക്നാനായ സമുദായ മെത്രാപ്പോലീത്താ ദീയസ്കോറോസിന്റെ ക്ഷണപ്രകാരം ക്നാനായ ഇടവകകൾ സന്ദർശിക്കുന്നതിനുവേണ്ടി ചിങ്ങവനത്തേക്ക് എഴുന്നെള്ളിവന്നു. ചിങ്ങവനം, കോട്ടയം, കുറിച്ചി, നീലംപേരൂർ എന്നിങ്ങനെ വിവധ ഇടവകകൾ അദ്ദേഹം സന്ദർശിച്ചു. കുറിച്ചിയിൽ വി. മഗ്ദലന മറിയത്തിന്റെ നാമത്തിൽ ഒരു വനിതാ മന്ദിരത്തിനും സ്കൂളിനും തറക്കല്ലിട്ടു. റാന്നി, ഐത്തല തുടങ്ങിയ മലങ്കരയിലെ വിവിധ ഇടവകകൾ സന്ദർച്ച് വിശ്വാസികളെ സത്യവിശ്വാസത്തിൽ സ്ഥിരപ്പെടുത്തി. കല്ലിശ്ശേരി, കുറ്റൂർ തുടങ്ങിയ ഇടവകകൾ സന്ദർശിച്ച ശേഷം മോറാൻ മഞ്ഞനിക്കരയ്ക്ക് യാത്രയായി. പരിശുദ്ധ പിതാവിന്റെ സന്ദർശനത്തോടെ മലങ്കരയിലെ ഒരു സാധാരണ ഗ്രാമമായിരുന്ന മഞ്ഞനിക്കരയിലെ ചെറിയ പള്ളി മലങ്കരസഭാചരിത്രത്തിലെ സുവർണ്ണലിപികളാൽ അലംകൃതമായ ദൈവാലയമായി ത്തീർന്നു. 1932 ഫെബ്രുവരി 13-ാം തീയതി ആ പരിശുദ്ധ പിതാവ് താൻ ഏറ്റം പ്രിയംവച്ച അരുമനാഥന്റെ അടുക്കലേക്ക് യാത്രയായി. 55 വർഷങ്ങൾക്ക് ശേഷം 1987-ൽ പ. ഇഗ്നാത്തിയോസ് സാക്കാ പ്രഥമൻ പാത്രിയർക്കീസ് ആ പരിശുദ്ധ പിതാവിന്റെ നാമം 5-ാം തുബ്ദേനിൽ ചേർത്ത് കല്പന പുറപ്പെടുവിച്ചു.

വി. യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നപോലെ യഥാർത്ഥമായ നല്ല ഇടയന് ചേരുന്ന എല്ലാ വിശിഷ്ട ഗുണങ്ങളുടെയും സത്തയായിരുന്നു ആ പരിശുദ്ധ പിതാവ്. മലങ്കരയിലെ സഭയോടും അവിടുത്തെ ആളുകളോടുമുള്ള അനന്തമായ സ്നേഹത്തിന്റെ പ്രകടഭാവമായിരുന്നു വാർദ്ധക്യത്തിന്റെ അവശതകൾക്കിടയിലുമുള്ള അദ്ദേഹത്തിന്റെ മലങ്കരയിലേക്കുള്ള എഴുന്നെള്ളത്ത്. അതുകൊണ്ടാണ് മഞ്ഞനിക്കരക്കുന്ന് അനുഗ്രഹത്തിന്റെ വറ്റാത്ത സ്രോതസ്സായി നിലകൊള്ളുന്നത്. അഭയയാചനകളുമായി കണ്ണീരണിഞ്ഞ് ആ കബറിടത്തിൽ അണയുന്ന ഏതൊരു വ്യക്തിയും ആ പരിശുദ്ധന്റെ മദ്ധ്യസ്ഥത മൂലം ആനന്ദാശ്രുക്കൾ പൊഴിച്ചു തിരികെവരുന്നതു കാണുവാൻ കഴിയും. തണ്ടിന്മേൽ സ്ഥാപിച്ച ദീപം പോലെ, മലമേൽ നാട്ടിയ വിളക്ക് പോലെ സർവ്വ ജനത്തിന്റെയും ആശ്വാസവും അഭയവുമായി ആ പരിശുദ്ധന്റെ കബറിടം കുടികൊള്ളുന്നു. അന്ത്യോക്യായും മലങ്കരയുമായുള്ള അഭേദ്യ ബന്ധത്തിന്റെ അടയാളമായ ഈ കബറിടം ഓരോ ക്നാനായക്കാരന്റെയും ഹൃദയത്തിൽ ദീപ്തമായി നിലകൊള്ളട്ടെ. ●

## ശുഭചിന്തകൾ

**അകലെ നിൽക്കുമ്പോൾ അത്ഭുതമെന്നും അതിസുന്ദരമെന്നും തോന്നുന്ന പലതും കൈക്കുള്ളിൽ ഒതുങ്ങിയാൽ അരോചകമായി തോന്നാം.**

**പുറം കാഴ്ചകളിലെ ആകർഷണീയത അവഗണിക്കാം. യാഥാർത്ഥ്യ ബോധത്തിലേക്ക് മടങ്ങാം**

**കവിത**

# വിവാഹം

**ജയ്നമ്മ മർക്കോസ്,**
**നടുവിലേപറമ്പിൽ, കുഴിമറ്റം**

വാക്കിനാൽ ഭൂമിയെ സൃഷ്ടിച്ചോരീശൻ
കുടുംബത്തിന് ഒന്നാം സ്ഥാനം കൊടുത്തു
വിവാഹബന്ധം ഉറപ്പിച്ചുകൊണ്ട്
ആദിമ മക്കളെ ഏദനിലാക്കി!
അന്യോന്യം ജീവിതം ശുദ്ധീകരിക്കാൻ
കുറവുള്ള മക്കളെ ഒരുക്കികൊണ്ടീശൻ
വിവാഹമെന്ന കൂദാശയിൽ കൂടി
ദാമ്പത്യ ജീവിതം നൽകീടുന്നു (2)
കുടുംബസ്ഥരെ നിങ്ങൾ അറിഞ്ഞീടുക
വിധേയത്വമുള്ള മക്കളെ കിട്ടാൻ
ഉത്തരവാദിത്വം ഏറ്റെടുത്ത്
അന്യോന്യം ബലിയായി തീർന്നീടുക (2)
കർത്തൻ നൽകുന്ന നിമിഷങ്ങളൊക്കെ
ഏറ്റം വിലപ്പെട്ടതായിടുന്നു
നിറമുള്ള മക്കളെ വാർത്തെടുക്കാൻ
കർത്തനോടൊത്തു ചേർന്നിരിക്കൂ!
നരനിൽ ഉറങ്ങുന്ന നാരിയെ
വിവാഹത്തിൽ കൂടി സ്വന്തമാക്കി
മനുഷ്യൻ പൂർണ്ണനായിക്കൊണ്ടു
ദാമ്പത്യ ജീവിതം പങ്കിടുന്നു.
പ്രാർത്ഥനാ ജീവിതം കുറഞ്ഞിടുമ്പോൾ
ഭവനത്തിൽ സാത്താൻ കയറീടുന്നു
പോരിന്റെ ആത്മാവിറക്കിക്കൊണ്ട്
ജീവിതം തട്ടി തകർത്തിടുന്നു.
ഉല്പത്തിയിൽ കുടുംബം സ്ഥാപിച്ചോരീശൻ
വെളിപ്പാടിൽ കാന്തയെ തേടിവരുന്നു
വരം ഉള്ള മക്കൾ വിവാഹം കഴിച്ച്
മക്കൾക്ക് ജന്മം കൊടുത്തിടുന്നു.
കുത്തി നോവിച്ച ഭാര്യയെകൊണ്ട്
ജോബിനെ പരിശുദ്ധനാക്കിയപ്പോൾ
കുറവുള്ള മക്കളെ നിറമുള്ളതാക്കാൻ
ജീവിത പങ്കാളിയെ ചേർത്തു പിടിക്കൂ!
യേശു, താൻ വധുവാം സഭയെ
വെള്ളത്താൽ കഴുകി വചനം നിറച്ചപ്പോൾ
കുറവുകളൊക്കെ നീക്കിക്കൊണ്ട് ഈശോ
നീ, വന്നു എന്നിൽ നിറഞ്ഞീടുക!
ലോകജീവിതം തള്ളിക്കൊണ്ട്
ത്യാഗജീവിതം ഏറ്റെടുത്ത
സന്ന്യസ്ഥരേ നിങ്ങൾ ഭാഗ്യവാന്മാർ
ക്രിസ്തു നിങ്ങളുടെ കാന്തനല്ലോ. (2)
വീടിന് വേലികെട്ടിക്കൊണ്ട്
കർത്തനെ പാടി സ്തുതിച്ചീടുക
പെറ്റുപെരുകി വംശം വർദ്ധിക്കാൻ
വിവാഹ ജീവിതം ധന്യമാക്കൂ! (2) ●


# ലാൽബഹദൂർ ശാസ്ത്രി

## പൊക്കമില്ലാത്ത പ്രധാനമന്ത്രി

എബി

റെയിൽവേയിൽ ഗാർഡ് പരീക്ഷയെഴുതി സെലക്ഷൻ കിട്ടാതെപോയ ഉദ്യോഗാർത്ഥി പിന്നീട് റെയിൽവേ മന്ത്രിയാകുന്നു. 1956–ൽ അരിയല്ലൂർ റെയിൽവേ ആക്സിഡന്റിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് മന്ത്രിപദം രാജിവയ്ക്കുന്നു. 1965 ലെ ഇൻഡോ –പാക് യുദ്ധത്തിൽ 'ജയ് ജവാൻ ജയ് കിസാൻ' എന്ന മന്ത്രത്തിലൂടെ രാജ്യത്തെ വിജയത്തിലേക്കു നയിക്കുന്നു. അതാണ് ഇൻഡ്യയുടെ രണ്ടാമത്തെ പ്രധാനമന്ത്രിയായ ലാൽ ബഹദൂർ ശാസ്ത്രി.

ലാൽ ബഹദൂർ ശാസ്ത്രി എന്ന പേരിലാണ് അറിയപ്പെടുന്നതെങ്കിലും അദ്ദേഹത്തിന്റെ ശരിയായ പേര് ലാൽ ബഹദൂർ ശ്രീവാസ്തവ എന്നായിരുന്നു. ശ്രീവാസ്തവ എന്ന പേര് ജാതിയെ സൂചിപ്പിക്കുന്നതുകൊണ്ട് ആ 'ടൈറ്റിൽ' അദ്ദേഹം വെട്ടികളഞ്ഞു. കാശി വിദ്യാപീഠത്തിൽ നിന്ന് ശാസ്ത്രിപരീക്ഷ പാസ്സായതിനുശേഷം ലാൽ ബഹദൂർ ശാസ്ത്രിയായി. ഒക്ടോബർ 2 ഗാന്ധിജിയുടെയും ലാൽ ബഹദൂർ ശാസ്ത്രിയുടെയും ജന്മദിനമായത് വെറുമൊരു യാദൃശ്ചികതയാകാം. എങ്ങനെയായാലും നല്ലയൊരു ഗാന്ധിയനായിത്തന്നെ ലാൽ ബഹദൂർ ശാസ്ത്രി ജീവിച്ചു എല്ലാ അർത്ഥത്തിലും.



1904 ഒക്ടോബർ 2 ന് യു.പി. യിലെ മുഗൾസരായിയിൽ ഒരു ബ്രാഹ്മണ കുടുംബത്തിൽ ലാൽ ബഹദൂർ ശാസ്ത്രി ജനിച്ചു. പിതാവ് ശാരദപ്രസാദ് ശ്രീവാസ്തവ സ്കൂൾ അദ്ധ്യാപകനായിരുന്നു. മാതാവ് രാംദുലാരി ദേവി വീട്ടമ്മയും ലാൽ ബഹദൂറിന് ഒരു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. അമ്മയ്ക്കന്ന് 20 വയസ്സുമാത്രം പ്രായം. അമ്മ ഇളയമകനായ ലാൽ ബഹദൂറുൾപ്പെടെ മൂന്നു മക്കളെയുംകൂട്ടി പിതൃഭവനത്തിൽ പോയി താമസിച്ചു.

മിർജാപൂരിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ലാൽ ബഹദൂറിനെ വാരണാസിയിലുള്ള അമ്മാവന്റെ വീട്ടിലേക്കയച്ചു. അവിടെ കാലിൽ ചെരുപ്പില്ലാതെ മൈലുകൾ നടന്നാണ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. 1927–ൽ ലളിതാദേവിയെ വിവാഹം ചെയ്തു. സ്ത്രീധന സമ്പ്രദായത്തെ എതിർത്തിരുന്ന ലാൽബഹദൂർ ശാസ്ത്രി സ്ത്രീധനം വാങ്ങാൻ കൂട്ടാക്കിയില്ല. ഒടുവിൽ അമ്മായിഅച്ഛന്റെ നിർബന്ധത്തിനു വഴങ്ങി അഞ്ചുമുഴം ഖദർതുണി സമ്മാനമായി വാങ്ങി. ആ ദാമ്പത്യത്തിൽ ആറുമക്കൾ ജനിച്ചു. നാലു ആൺകുട്ടികളും രണ്ടു പെൺകുട്ടികളും.

പതിനൊന്നാം വയസ്സിൽ തന്നെ ശാസ്ത്രി ഗാന്ധിജിയുടെ സ്വാതന്ത്ര്യസമരാഹ്വാനത്തിൽ ആകൃഷ്ടനായിരുന്നു. 1920 ൽ നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കെടുത്ത് കുറച്ചുനാൾ ജയിലിലായി. 1930 ലെ ഉപ്പു സത്യാഗ്രഹത്തിലും പങ്കെടുത്തു. അദ്ദേഹം യു.പി.യിലെ ആഭ്യന്തര മന്ത്രിയായിരിക്കുമ്പോഴാണ് ആദ്യമായി വനിതാ കണ്ടക്ടറന്മാരെ നിയമിക്കുന്നത്. സമരങ്ങളെ നിയന്ത്രിക്കാൻ ലാത്തിക്കുപകരം ജലപീരങ്കി ഉപയോഗിക്കാനും ഉത്തരവിട്ടത് ശാസ്ത്രിയാണ്. അപ്പോഴും അദ്ദേഹം പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഹരിജനങ്ങളുടെയും ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ചിരുന്നു.

ലാൽ ബഹദൂർ ശാസ്ത്രിയുടെ സംശുദ്ധ രാഷ്ട്രീയത്തിന്റെയും ലളിതജീവിതത്തിന്റെയും ഉദാഹരണങ്ങൾ അനവധിയാണ്. ഒരിക്കൽ ആരുടെയോ ശുപാർശപ്രകാരം സ്വന്തം മകനു കിട്ടിയ പ്രമോഷൻ നീതിപൂർവ്വമല്ലെന്നു പറഞ്ഞ് അദ്ദേഹം കാൻസൽ ചെയ്യിച്ചു. അഞ്ചടിമാത്രം ഉയരമുള്ള അദ്ദേഹത്തിന്റെ വസ്ത്രം ഖദർദോത്തിയും കുർത്തയുമായിരുന്നു. ഔദ്യോഗിക ചടങ്ങിൽ ഒരിക്കൽ മാത്രമേ അദ്ദേഹം പൈജാമ ധരിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളൂ. 1961 ൽ ബ്രിട്ടനിലെ രാജ്ഞിക്ക് രാഷ്ട്രപതിഭവനിൽ വിരുന്ന് നൽകിയപ്പോൾ മാത്രം.

1937 ൽ യു.പി. നിയമസഭാംഗമായ ശാസ്ത്രി സ്വാതന്ത്ര്യാനന്തരം യു.പി. യിലെ ആഭ്യന്തരമന്ത്രിയായി 1950 ൽ കോൺഗ്രസ് ജനറൽ സെക്രട്ടറിയായി. രണ്ടുവർഷം കഴിഞ്ഞ് 1952 ൽ റെയിൽവേ മന്ത്രിയായി ലാൽ ബഹദൂർ ശാസ്ത്രിയെ നിയമിച്ചു.

ലാൽ ബഹദൂർ ശാസ്ത്രി റെയിൽവേ മന്ത്രിയായിരിക്കുമ്പോഴാണ് സതേൺ റെയിൽവേയിൽ 'അരിയല്ലൂർ ട്രെയിനപകടം' ഉണ്ടാകുന്നത്. 1956 നവംബർ 23 നായിരുന്നു ആ ദുരന്തം. അതിൽ 142 പേർ മരിക്കയും 110 പേർക്ക് പരുക്ക് പറ്റുകയും ചെയ്തു. അപകടത്തിൽ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് ലാൽ ബഹദൂർ ശാസ്ത്രി സ്വമേധയാ മന്ത്രിപദത്തിൽ നിന്നും രാജിവച്ചു. ഇന്ന് ചെറിയ പിഴവുകൾപോലും താഴെയുള്ളവരുടെ തലയിൽ കെട്ടിവച്ച് തടിതപ്പുന്ന മേലാളന്മാരല്ലേ അധികവും. ശാസ്ത്രിയുടെ രാജി പാർലമെന്റിനകത്തും പുറത്തും വലിയ പ്രശംസയ്ക്ക് കാരണമായി. ഇത് രാഷ്ട്രീയക്കാർക്കുള്ള ഒരു 'Gold Standard' എന്നാണ് പ്രധാനമന്ത്രി നെഹ്റു പ്രകീർത്തിച്ചത്.

1961–ൽ ആഭ്യന്തര മന്ത്രിയായ ശാസ്ത്രി 1964–ൽ നെഹ്റുവിന്റെ മരണാനന്തരം പ്രധാനമന്ത്രിയായി. ഉൽകൃഷ്ഠ ചിന്തയും ലളിത ജീവിതവും നയിച്ച ശാസ്ത്രി രാജ്യപുരോഗതിക്കുവേണ്ടി പല പരിഷ്ക്കാരങ്ങളും നടപ്പിലാക്കി. അതിൽ

# ക്നാനായദീപം അറിയിപ്പുകൾ

പ്രിയ വായനക്കാരെ,

ക്നാനായ ദീപത്തിന്റെ വരിസംഖ്യ **2020** ലെ കുടിശ്ശിക ആയിരിക്കുകയാണ്. 2020 ജനുവരി ലക്കം മുതൽ Rs. **150**/ (നൂറ്റി അൻപത്) രൂപയാണ്. കോവിഡ് കാലഘട്ടമായതിനാൽ വരിസംഖ്യ പിരിക്കുവാൻ ചുരുക്കമായേ കളക്ഷൻ ഏജന്റുമാർ ഭവനങ്ങളിൽ വരുന്നുള്ളു.

വരിസംഖ്യ കുടിശ്ശിക ദയവായി ക്നാനായ ദീപം ഓഫിസിലോ, ചുവടേ ചേർക്കുന്ന ബാങ്ക് അക്കൗണ്ടിൽ Online ആയോ അടക്കുക. നിങ്ങളുടെ കുടിശ്ശിക അറിയുന്നതിന് ക്നാനായദീപം മാസിക വരുന്ന അഡ്രസ്സ് ക്നാനായദീപത്തിന്റെ Whatsapp No. 8547584440 ൽ Message ആയി അയച്ചാൽ അറിയിക്കുന്നതാണ്. ദയവായി ദീപത്തിന്റെ കുടിശികകൾ അടക്കണമേ. ഇൻഡ്യയ്ക്ക് വെളിയിലേക്ക് ദീപം ഇപ്പോൾ അയക്കുവാൻ സാധിക്കുന്നില്ല. വിമാന സർവ്വീസുകൾ സാധാരണ നിലയിൽ ആകുമ്പോൾ മാത്രമേ സാധിക്കുകയുള്ളു. വിദേശത്തുള്ളവർ Play store ൽ നിന്നും knanayadeepam Mobile App. ഡൗൺലോഡ് ചെയ്യുക.

www.knanayadeepam.in - ലും ക്നാനായദീപം മാസിക വായിക്കാവുന്നതാണ്.

എന്ന്

മാനേജിംഗ് എഡിറ്റർ

ഫോൺ. 9447563240, 8547584440

kna.deepam@gmail.com.

## Bank Details

| | |
|---|---|
| A/c.No. 57004254154 | Knanayadeepam |
| Chef Editor and Mg. Editor | A/c.No. 12990200001178 |
| Knanayadeepam | Federal Bank, |
| SBI Chingavanam | Chingavanam. |
| IFSC SBIN 0070128 | IFSC. FDRL 0001299 |

## ക്നാനായദീപം വരിസംഖ്യ

| | |
|---|---|
| ഒരുവർഷം | Rs. 150/- |
| പത്തുവർഷം | Rs. 1500/ |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | Rs. 3000/ |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | Rs. 350/ |
| പേര് മാത്രം | Rs. 200/ |
| മാട്രിമോണിയൽ | Rs. 600/ |
| **ബ്ലായ്ക്ക് & വൈറ്റ്** | |
| ചരമം (ചെറിയ കോളം) | Rs. 850/ |
| കാൽപേജ് | Rs. 1700/ |
| അരപേജ് | Rs. 3500/ |
| ഫുൾപേജ് | Rs. 5000/ |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | Rs. 4000/ |
| അരപേജ് | Rs. 6500/ |
| ഫുൾപേജ് | Rs. 10000/ |
| കവർ ഇൻസൈഡ് | Rs. 12500/ |
| ബായ്ക്ക് കവർ | Rs. 15000/ |

**മാനേജിംഗ് എഡിറ്റർ**



# മലർവാടിക്കൂട്ടം

ആൾക്കണ്ണാടിയുടെ മുന്നിൽ മന്ത്രി വിഷണ്ണനായിരുന്നു. പ്രായക്കൂടുതൽ വല്ലാതെ തോന്നുന്നുണ്ട്. തല കഷണ്ടിയായിപ്പോയതിനാലാകും, അങ്ങനെ തോന്നുന്നത്. അല്പം മേക്കപ്പ് ചെയ്താൽ നന്നായിരിക്കും.

ഭൃത്യനെ വിളിച്ച് എവിടെ നിന്നെങ്കിലും രണ്ടുമൂന്നു നല്ല വിഗ്ഗുകൾ കൊണ്ടുവരാൻ മന്ത്രി കൽപ്പിച്ചു. അതിൽനിന്നും തനിക്കു യോജിച്ചതും, നല്ലതുമായ ഒരെണ്ണം അദ്ദേഹം സ്വന്തം തലയിൽ പിടിപ്പിച്ചുനോക്കി. കൊള്ളാം സുന്ദരനായിരിക്കുന്നു. ഇരുപതുവയസെങ്കിലും കുറഞ്ഞതുപോലുണ്ട്.

അടുത്ത ദിവസം രാജസദസ്സുണ്ടായിരുന്നു. മന്ത്രി കുതിരപ്പുറത്തു കയറി യാത്ര തിരിച്ചു. പുതിയ പ്രസരിപ്പോടെ ഭവ്യതയോടെ നഗരം ചുറ്റിയാണ് അദ്ദേഹം സഭാ മണ്ഡപത്തിൽ എത്തിയത്. സുഹൃത്തുക്കളും അനുചരന്മാരും, വിശിഷ്ടാതിഥികളും, അവിടെ എത്തിച്ചേർന്നിട്ടുണ്ട്. താൻ അല്പം വൈകിപ്പോയോ.

തിരക്കിട്ടു സഭാഗൃഹത്തിൽ പ്രവേശിക്കെ മന്ത്രിക്ക് ഒരബദ്ധം പറ്റി. അടുത്തുള്ള വിളക്കു കാലിൽ തട്ടിയതുമൂലം തലയിലെ കൃത്രിമ മുടി വീണുപോയി. കണ്ടുനിന്നവർക്ക് ചിരിയടക്കാൻ കഴിഞ്ഞില്ല.

പെട്ടെന്നുള്ള അമ്പരപ്പു മാറിയ മന്ത്രിയും മറ്റുള്ളവരുടെ കൂടെ ചേർന്നു. കൂടുതൽ ഉറക്കെ ചിരിച്ചു. എന്നിട്ട് ഇങ്ങനെ പറഞ്ഞു. "സ്വന്തം തലമുടി തന്നെ തലയിൽ നിന്നില്ല, പിന്നെ മറ്റൊരാളുടെ വച്ചു പിടിപ്പിച്ച തലമുടി അധികകാലം നിൽക്കുമോ?"

(ലജ്ജിക്കേണ്ടിയിടത്തും മനസാന്നിദ്ധ്യമുണ്ടെങ്കിൽ ചിരിക്കാം.)

സസ്നേഹം

കൊച്ചേട്ടൻ

## ശുഭചിന്തകൾ

***ശാന്തമായ മനസ്സ് ജ്ഞാനത്തിന്റെ ഏറ്റവും സുന്ദരമായ രത്നങ്ങളിൽ ഒന്നാണ്. മനസ്സിൽ വെറുപ്പും വിദ്വേഷവും നിറയുമ്പോൾ ശരീരം രോഗങ്ങളാൽ ഭാരപ്പെടും.***

***ശാന്തത ജീവിതത്തിന്റെ മുഖമുദ്രയാക്കാം.***

***ആരോഗ്യത്തോടെ മുന്നേറാം.***

# ക്ഷമയുടെ മാഹാത്മ്യം

റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ കമ്മിറ്റി അംഗം)

ഒരിക്കൽ ന്യൂയോർക്ക് പട്ടണത്തിന്റെ തെരുവീഥിയിൽ കൂടി ക്രിസ്ത്യാനിയായ ഒരു നീഗ്രോ വല്യമ്മ ഒരു കുട്ട ആപ്പിൾ തലയിൽ ചുമന്നുകൊണ്ട് പോവുകയായിരുന്നു. വികൃതിയായ ഒരു യുവാവ് ആ വഴിയെ വന്നു. അവൻ ആ സ്ത്രീയുടെ നേരെ ഓടിച്ചെന്ന് അവളെ മുട്ടി കുട്ട മറിച്ചിട്ടു. ആപ്പിൾ എല്ലാം ചിതറി വീണു. അവൾ അസഭ്യവാക്കു പറയുന്നതുകേട്ടു രസിക്കാനായി അവൻ കാത്തു നിൽക്കുമ്പോൾ അവൾ ആപ്പിൾ സാവധാനത്തിൽ പെറുക്കി കുട്ടയിൽ ഇട്ടുകൊണ്ട് ഇങ്ങനെ പറഞ്ഞു "എന്റെ മകനെ, ഞാൻ നിന്നോടു ക്ഷമിക്കുന്നതുപോലെ ദൈവം നിന്നോടു ക്ഷമിക്കട്ടെ". അത് അവന്റെ ഹൃദയത്തിൽ പരിവർത്തനത്തിന്റെ വലിയ മിന്നൽപ്പിണർ സൃഷ്ടിച്ചു. അവനു തന്റെ തെറ്റു ബോദ്ധ്യപ്പെട്ടു. അവൻ തന്റെ പോക്കറ്റിലുണ്ടായിരുന്ന മുഴുവൻ പണവും തപ്പിയെടുത്തു. അതു മുഴുവൻ അവർ വാങ്ങണമെന്നു നിർബന്ധിച്ചു. അവൾ ഒരു കാപ്പിരി സ്ത്രീ ആയിരുന്നെങ്കിലും അവൻ അവരെ അമ്മ എന്നു വിളിച്ചുകൊണ്ട് അവരോടു പറഞ്ഞു. ഞാൻ ഇനി ഒരിക്കലും ഇങ്ങനെയുള്ള മോശമായ പ്രവർത്തി ചെയ്യുകയില്ല. നോക്കുക, ക്ഷമയിൽ എത്രവലിയ ശക്തി അടങ്ങിയിരിക്കുന്നു. ക്ഷമകൊണ്ട് ഏത് എതിർപ്പിനെയും ജയിക്കാം. ഒരു എഴുത്തുകാരൻ പറയുന്നു തിന്മയ്ക്കു പകരം നന്മ ചെയ്യുന്നത് ദൈവസ്വഭാവം, നന്മയ്ക്കു പകരം തിന്മ ചെയ്യുന്നത് പിശാചിന്റെ സ്വഭാവം.

മനഃശാന്തി കിട്ടാനുള്ള ബന്ധപ്പാടിലാണ് ആധുനിക മനുഷ്യൻ. മനുഷ്യ മനസ്സാകുന്ന തടാകത്തിൽ തളം കെട്ടി കിടക്കുന്ന പക, വിരോധം, വൈരാഗ്യം, അസൂയ തുടങ്ങിയ മാരക സ്ഫോടക വസ്തുക്കൾ യഥാസമയം ഒഴുക്കികളയണം. അവ ക്രമേണ മനസ്സിനെയും ശരീരത്തെയും ഗുരുതരമായി ബാധിക്കും. അവിടെയാണ് ക്ഷമിക്കുക എന്നതിന്റെ സാദ്ധ്യതകൾ നാം കണ്ടെത്തേണ്ടത്. 'ക്ഷമിക്കുക' എന്ന പ്രയോഗം നമുക്കിന്നും സ്വീകാര്യമല്ല. ബില്ലിഗ്രാമിന്റെ വാക്കുകൾ ശ്രദ്ധിക്കുക. "ആശുപത്രികളിൽ കഴിയുന്ന ഭൂരിപക്ഷം രോഗികളും മറ്റുള്ളവരോടു ക്ഷമിക്കാൻ കഴിയാത്തതുമൂലം രോഗികളായി ത്തീർന്നവരാണ്". ഞാൻ അതു പൊറുക്കില്ല എന്ന പല്ലവി നമുക്കു സുപരിചിതമാണ്.

ശത്രുരാജ്യങ്ങൾക്കെതിരെ പ്രയോഗിക്കാൻ വൻശക്തികൾ തങ്ങളുടെ ആയുധപ്പുരയിൽ കരുതിവച്ചിട്ടുള്ളതിലും കൂടുതൽ നശീകരണ ആയുധങ്ങൾ മനുഷ്യമനസ്സാകുന്ന കലവറകളിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. സാധാരണക്കാരനു മറക്കാനേപറ്റൂ. പക്ഷേ അസാധാരണക്കാരനേ ക്ഷമിക്കാൻ പറ്റൂ. അതുകൊണ്ടാണ് മഹാത്മാഗാന്ധി പറഞ്ഞത് ക്ഷമിക്കുന്നത് ധീരതയുടെ ലക്ഷണമാണെന്ന്. ക്ഷമിക്കുന്നതിന്റെ ശക്തമായ അനേക നിമിഷങ്ങൾ ചരിത്രത്തിലുണ്ട്. നാം ചരിത്രത്തിൽ കണ്ട ഏറ്റവും വലിയ ക്ഷമ കാൽവറി ക്രൂശിലാണ്. തന്റെ ഭർത്താവിനെയും മക്കളെയും ചുട്ടുകരിച്ച ദുഷ്ടന്മാരോട് ക്ഷമിച്ച മിസ്സിസ് ഗ്ലാഡിസ് സ്റ്റെയിൻസിന്റെ മാതൃക ലോകചരിത്രത്തിലെ തന്നെ ക്ഷമയുടെ ഏറ്റവും ഉദാത്തമായ ഉദാഹരണമാണ്. ക്ഷമിച്ചില്ലെങ്കിൽ അവശേഷിക്കുന്നത് പ്രതികാരമാണ്. നെപ്പോളിയൻ പറയുന്നു യുദ്ധത്തിൽ വിജയത്തിനുശേഷം ശത്രുക്കളില്ല, മനുഷ്യർ മാത്രം. എത്ര മഹത്തായ ചിന്ത.മറ്റുള്ളവരോടു ക്ഷമിക്കാൻ കഴിയാത്തവർ ബന്ധങ്ങളുടെ പാലം തകർക്കുന്നവരാണ്. അവർക്കും നടക്കേണ്ട പാലമാണ്. ക്ഷമിക്കാനും ക്ഷമ പറയാനുമുള്ള മനസ്സില്ലാത്തവർ തങ്ങളുടെ കഴിവുകളെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ബന്ധങ്ങൾ നശിച്ചതാണ് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ രോഗം. മനുഷ്യബന്ധം ഫോർമലിൻ എന്ന രാസവസ്തുപോലെയാണ്. അതു മനുഷ്യജീവിതങ്ങളെ കേടുകൂടാതെ സംരക്ഷിക്കും. ക്ഷമിക്കാനുള്ള മനോഭാവത്തിന്റെ അഭാവമാണ് ഇന്ന് സമൂഹത്തിലും സഭകളിലുമുള്ള അശാന്തിയുടെ അടിസ്ഥാന കാരണം. നമുക്കു പരിചിതമായ പൊൻമുട്ടയിടുന്ന താറാവിന്റെ കഥയിലെ ഉടമസ്ഥൻ ഈ കാലഘട്ടത്തിന്റെ പ്രതിനിധിയാണ്. ദിവസം ഒരു പൊൻമുട്ട വീതം കിട്ടിയാൽ ദീർഘനാൾ കാത്തിരിക്കണം പണക്കാരനാകാൻ. ക്ഷമയില്ലാതെ അയാൾ ആ താറാവിനെ കൊന്നു. അതോടെ അയാളുടെ എല്ലാ സ്വപ്നവും തകർന്നു. അന്തിമമായ ജീവിത വിജയത്തിന്റെ അനിവാര്യഘടകം ക്ഷമാശീലമാണ്. സമയമില്ലാത്തതല്ല, ക്ഷമയില്ലാത്തതാണ് ഇന്നത്തെ കാതലായ പ്രശ്നം. വലിയ കണ്ടുപിടുത്തങ്ങളുടെയെല്ലാം പുറകിലുള്ളത് ക്ഷമാശീലമാണ്. നൂറുമീറ്ററിൽ ഓടി വിജയിക്കാൻ കായികതാരങ്ങൾ നൂറു കിലോ മീറ്ററുകൾ ഓടി ക്ഷമയോടെ പരിശീലിക്കുന്നു.

ദൈവം മനുഷ്യനു കൊടുത്തിട്ടുള്ള ശക്തമായ വികാരമാണ് കോപം അഥവാ ദേഷ്യം. ആ വികാരത്തെ നന്നായി ഉപയോഗിച്ച് വ്യക്തികളെയും കുടുംബങ്ങളെയും ശരിയായ രീതിയിൽ വാർത്തെടുക്കാം. ഒട്ടും ദേഷ്യം ഇല്ലാത്ത അച്ചനമ്മമാർ മക്കളെ വഴിതെറ്റിക്കും. ദേഷ്യം ആവശ്യത്തിനുപയോഗിച്ചു കുട്ടികളുടെ വ്യക്തിത്വം വികസിപ്പിച്ചെടുക്കണം. തെറ്റുകൾ ആവർത്തിക്കുമ്പോൾ മൗനമായിരിക്കാതെ ശകാരിക്കുകയും ന്യായമായി കോപിക്കുകയും ചെയ്യാവുന്നതാണ്. കോപം അതിരുവിട്ട് അക്രമത്തിലേക്കു വഴിമാറുമ്പോഴാണ് ആത്മസംയമനം നഷ്ടപ്പെടുന്നതും സംഘർഷം ഉണ്ടാകുന്നതും. മനുഷ്യസഹജമായ ഒരു വികാരമാണ് കോപം. വിശന്നു വീട്ടിലെത്തിയ ഭർത്താവ് ഭാര്യ കഞ്ഞിക്ക് അരിയിട്ടില്ലെന്നു കണ്ട് കോപിച്ചു കാട്ടിക്കൂട്ടിയ പരാക്രമങ്ങൾ മഹാകവി കുഞ്ചൻനമ്പ്യാർ വർണ്ണിച്ചിട്ടുള്ളത് എത്ര മനോഹരമായിട്ടാണ്. ചട്ടിയും കലവുമെല്ലാം തല്ലിയുടച്ചിട്ടൊന്നും 'അരിശം തീരാഞ്ഞവനാപ്പുരയുടെ ചുറ്റും മണ്ടി നടന്നുവത്രെ'. നിങ്ങൾ കോപിഷ്ഠനാകുന്നുവോ? മുഹമ്മദുനബി പറയുന്നു: നിൽക്കുമ്പോൾ കോപം തോന്നിയാൽ ഇരിക്കുക. എന്നിട്ടും കലി അടങ്ങിയില്ലെങ്കിൽ ചാഞ്ഞുകിടക്കുക. മനഃശാന്തി ലഭിക്കും. കോപം വച്ചുകൊണ്ടിരിക്കരുത്. മിക്ക ആളുകൾക്കും കോപം ഒരു ക്ഷണിക വികാരമായിരിക്കും. അല്പം ആലോചിക്കാൻ സമയം ലഭിച്ചാൽ കോപം കൊണ്ടുചെയ്യുന്ന പലതും നമുക്ക് ഒഴിവാക്കി ക്ഷമാശീലത്തിലേക്കു കടന്നു വരാനും സാധിക്കും.

കർത്താവിന്റെ അന്ത്യ അത്താഴം എന്ന ചിത്രത്തിന്റെ രചനയിലായിരുന്ന ലിയനാർഡോ ഡാവിഞ്ചി തന്റെ സുഹൃത്തുമായി കലഹിച്ചു തിരികെ മുറിയിൽ വന്നു യേശുവിന്റെ മുഖം വരയ്ക്കാൻ ശ്രമിച്ചിട്ടു സാധിച്ചില്ല. അദ്ദേഹം വളരെ നിരാശനായി പുറത്തിറങ്ങി വഴക്കാളിയെ തിരഞ്ഞു കണ്ടുപിടിച്ചു ക്ഷമാപണം നടത്തിയതിനുശേഷമാണ് ചിത്രം വരച്ചു പൂർത്തീകരിക്കാൻ സാധിച്ചുള്ളു. ക്ഷമ, കലാകാരനെ കൂടുതൽ കരുത്തനാക്കുന്നു. തുറന്ന മനസ്സോടെ നമ്മുടെ ദൈനംദിന പ്രവർത്തികൾ കൂടുതൽ ഊർജസ്വലതയോടെയും മികവുറ്റ തരത്തിലും നടത്താൻ ക്ഷമാശീലം നമ്മെ സഹായിക്കുന്നു. ക്ഷമാശീലം മഹാശീലം.




# യേശു സ്വീകരിച്ച സ്നാനവും, വിശ്വാസികൾ സ്വീകരിക്കുന്ന സ്നാനവും ഒന്നാണോ? (തുടർച്ച)

**2. ആദാമ്യ പാപം അതിന്റെ അന്തസത്തയിൽ ഇല്ലാതായി**

യേശു സ്നാനം ഏറ്റ്, തന്നെ സ്വയം വെളിപ്പെടുത്തി, തന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും (ഉല്പ.3:15) എന്ന ദൈവവാഗ്ദത്തം നിറവേറൽ ആരംഭിയ്ക്കുകയാണ്. സുറിയാനി സഭയിലെ ദനഹാ ശുശ്രൂഷയിൽ നാം ഇപ്രകാരം പാടുന്നു.

"തൻ കയ്യാൽ മെനയപ്പെട്ടോൻ - ദുരിത ദുരാഗ്രഹ
ബന്ധിതനായതു കണ്ടപ്പോൾ - ഉടയോനവനെത്താങ്ങി-
തോളിന്മേലേറ്റി- യോർദ്ദാൻ നദിയിലെ ജലമതി
ലവനുടെ മലിനത പോക്കി, ഏവം നിബി വചസാനിപതിത
നാമാദാമിൻ രൂപത്തിനു നവ്യത നൽകി."

ഇതേ ആശയം സ്നാന ശുശ്രൂഷയിലെ ഗീതകത്തിലും ഉണ്ട്.

"സ്നാനാർത്ഥിക്കരികെ നിന്നോതുന്നാത്മാവിൽ ദാവീദേവം
ദാഹിപ്പോരെ നാഥാന്തികമാർന്നു ബലപ്പെടുവീൻ.
നിപതിച്ചൊരു നിർദ്ധനനാദം നെടുവീർപ്പോടവനെ വിളിച്ചാൻ
നദി യോർദ്ദാനിൽ കർത്താവവനുത്തരമരുളി
മുന്നം ജർജ്ജരനായോനേ നുതനനാക്കി"

(തന്റെ കയ്യാൽ സൃഷ്ടിക്കപ്പെട്ടവനായ ആദം, പാപത്തിൽ ബന്ധിതനായി ദുരിതം അനുഭവിക്കുന്നതു കണ്ടപ്പോൾ, ഉടയവൻ അവനെ തോളിലേറ്റി, യോർദ്ദാനിലെ ജലത്തിൽ അവന്റെ പാപം ഒഴുക്കിക്കളഞ്ഞു. മുമ്പ് മരണാവസ്ഥയിലുണ്ടായിരുന്നവനെ പുതിയവനാക്കി തീർത്തു എന്നു സാരം).

യോർദ്ദാനിൽ കർത്താവിന്റെ സ്നാന സമയത്ത് ആദാമിന്റെ പാപം പോക്കി അവനെ ജീവിപ്പിച്ചുവെങ്കിൽ, പിന്നെ എന്തിനായിരുന്നു കുരിശു മരണം ഉൾപ്പെടെയുള്ള രക്ഷാകര പ്രവർത്തനങ്ങൾ എന്നു ചോദിച്ചേക്കാം. യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ ആരംഭം നിത്യതയിലാണു തുടങ്ങിയത്. തന്റെ ഏകജാതനെ ലോകത്തിലേക്കയക്കാൻ പിതാവായ ദൈവം തീരുമനിച്ചപ്പോൾ മുതൽ (യോഹ.3:16) രക്ഷാകര പ്രവർത്തനത്തിനു തുടക്കമായി. അതിന്റെ തുടർച്ചയായിട്ടാണ് മനുഷ്യാവതാരവും, പരസ്യശുശ്രൂഷയും, പീഡാനുഭവവും, കുരിശു മരണവും, പുനരുദ്ധാനവും ഒക്കെ സംഭവിക്കുന്നത്. അല്ലാതെ ഏതെങ്കിലും ഒരു സംഭവത്തിലൂടെ മാത്രം രക്ഷാകര പ്രവർത്തനം പൂർണ്ണമാകുന്നില്ലെന്ന് മനസ്സിലാക്കണം. സ്നാനം കഴിഞ്ഞ് മലയിൽ ഉപവസിച്ച് പ്രാർത്ഥിക്കാൻ പോയ യേശു നാൽപ്പതു ദിവസം കഴിഞ്ഞ് ആദ്യം ചെയ്യുന്നത്, തന്നെ എതിരിട്ട് പ്രലോഭിപ്പിച്ച സാത്താനെ വചനത്താൽ തോൽപ്പിക്കുകയായിരുന്നു. (മത്താ.4:1-11, ലൂക്കോ. 4:1-13). ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിങ്ങനെ ശാരീരികവും, മാനസികവും, ആത്മീയവുമായ മൂന്ന് പ്രലോഭനങ്ങളിൽ ആദ്യ മനുഷ്യൻ വീണുപോയെങ്കിൽ രണ്ടാം ആദാമായ യേശു തമ്പുരാൻ ഇവിടെ സാത്താനെ തോൽപ്പിച്ച് പ്രലോഭനങ്ങളെ അതിജീവിച്ചുകാണിച്ചു.(ഉല്പ.3:7,1.യോഹ. 2:16) ഇനി തന്റെ പരസ്യ ശുശ്രൂഷയിലൂടനീളം താൻ പിശാചിനെ തോൽപ്പിച്ചതിന്റെ പൂർത്തീകരണമായിരുന്നു പുനരുദ്ധാനത്താൽ സംഭവിച്ചത്.

സുറിയാനി സഭയിലെ 'പെങ്കിസാ' നമസ്ക്കാരത്തിൽ കർത്താവിന്റെ സ്നാന ശുശ്രൂഷയുമായുള്ള ബന്ധത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "തൃക്കയ്യാലുള്ള സൃഷ്ടിയെ പുനരാവർത്തിച്ച്, നാശപാത്രമായ തന്റെ സ്വരൂപത്തെ തന്റെ സ്നാനത്താൽ പുതുക്കുകയും ചെയ്ത, സൃഷ്ടിയല്ലാത്ത സൃഷ്ടിതാവെ ഇപ്പോൾ നിന്റെ പ്രതിഛായയാൽ ഞങ്ങളുടെ പഴക്കത്തെ പുതുക്കേണമെ" (ദനഹാ ശേഷം ഒന്നാം ഞായർ സന്ധ്യ) "ഉദരങ്ങളിൽ പ്രജകളെ രൂപീകരിയ്ക്കുന്നവൻ പാപത്തിൽ ജീർണ്ണിച്ച പഴയതായ തന്റെ ശ്രേഷ്ഠതയുടെ സ്വരൂപമായ ആദാമിന് യൗവനപ്രായം കൊടുത്തു. തന്റെ മാമോദിസായായ ആത്മീയ ചൂളയിൽ അവനെ നിർമ്മലീകരിച്ചു. കുറവും ആവശ്യവുമില്ലാത്തവൻ തന്റെ സ്നാനത്താൽ ജലത്തെ ശുദ്ധീകരിക്കാൻ മാമോദീസായ്ക്കുവന്നു. പാപാന്ധകാരത്തെ അതിൽനിന്നും നീക്കിക്കളഞ്ഞു. ശ്രേഷ്ഠമായ ഈ ജ്യോതിസ്സ് തന്റെ സ്നാനം മൂലം എല്ലാ സൃഷ്ടിക്കും കാന്തി നൽകി." (ദനഹാ ശേഷം ഒന്നാം ഞായർ സന്ധ്യ- സെദറ) പഴകിയ ആദാമിനെ തന്റെ പരിശുദ്ധ സ്നാനത്താൽ പുതുക്കുന്നതിനും അവന്റെ സന്താനങ്ങളെ സ്വർഗ്ഗീയ പിതാവിന് മക്കളാക്കുവാനുമായി പൂർണ്ണ മാനുഷിക പ്രായത്തിൽ താൻ യോർദ്ദാനിൽ എഴുന്നള്ളി (ദനഹാ ശേഷം രണ്ടാം ഞായർ സന്ധ്യ) "കല്പന ലംഘിച്ചുള്ള ഭക്ഷണം മൂലം ഞങ്ങൾ അതിൽനിന്നും ബഹിഷ്കൃതരായ അവകാശത്തിലേക്ക് ഞങ്ങളെ വീണ്ടും ഉയർത്തുന്നതും, പിതാവിനെ ഞങ്ങളുടെ പിതാവേ എന്നു വിളിക്കുന്നതുമായ പുത്രസ്വീകാര്യത്തിന്റെ കൃപ ഞങ്ങൾക്കു തരുവാൻവേണ്ടി രക്ഷാകരമായ സ്നാനത്തിന് എഴുന്നള്ളിയവനായ കർത്താവേ നിന്റെ ദിവ്യ സ്നാനത്തിന്റെ വിശുദ്ധ കതുരകളാൽ ഇപ്പോൾ ഞങ്ങളെ പ്രകാശിപ്പിക്കേണമേ.

"നീ സ്നാനമേറ്റ് കരകേറികൊണ്ട് പാപം മൂലം ആഴത്തിരമാലകളിൽ മുങ്ങിക്കിടന്നിരുന്ന ഞങ്ങളുടെ വർഗ്ഗത്തെ കരേറ്റി സ്വർഗ്ഗത്തിലേക്ക് കരേറുന്ന സുകൃത പാത ഞങ്ങൾക്കായി നീ ഒരുക്കി" "ഇതുമൂലം പുത്ര സ്വീകാര്യത്തിന്റെ ആത്മാവും, അനശ്വര വസ്ത്രവും നീ ഞങ്ങൾക്ക് നൽകി". (ദനഹാ- സന്ധ്യ- പ്രമിയോൻ സെദറ-പെങ്കീസ).

നീ പരിപൂർണ്ണനും എല്ലാവരേയും പൂർത്തീകരിക്കുന്നവനുമായിരിക്കെ ഞങ്ങളെ പൂർണ്ണമാക്കാൻവേണ്ടി കുറവുള്ള ഒരുവനെപ്പോലെ യോഹന്നാന്റെ അടുക്കൽ നീ വന്നു നിന്റെ സ്നാനത്താൽ ഞങ്ങൾ വെടിപ്പായി. ആദ്യപാപത്തിൽനിന്നും നീതീകരിക്കപ്പെടുവാൻ യോർദ്ദാൻ നദിയിൽ വച്ച് നീ മാമോദീസ കൈക്കൊണ്ടു (ദനഹ- രാത്രി- രണ്ടാം കൗമ- സെദറ). **(തുടരും)**

# കൊടുങ്ങല്ലൂർ പൈതൃക സ്മാരകം പൂർത്തീകരണത്തിലേക്ക്



ലോകപ്രശസ്ത ആർക്കിടെക്ട് **പത്മശ്രീ. ഡോ. ജി. ശങ്കർ** സമുദായ മെത്രാപ്പോലീത്തായെ സന്ദർശിച്ചശേഷം സമുദായത്തിന്റെ തോട്ടയ്ക്കാട്ട് സ്ഥലം ബഹുമാനപ്പെട്ട സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ കമ്മിറ്റി മെമ്പേഴ്സ് ആലിച്ചൻ ആറൊന്നിൽ, തോമസുകുട്ടി മറ്റക്കാട്ട്, നസ്രത്ത് കോളേജ് ഫാർമസി സെക്രട്ടറി പ്രസാദ് കോയിക്കൽ എന്നിവരുടെ സാന്നിധ്യത്തിൽ സന്ദർശിക്കുന്നു.



സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ കമ്മിറ്റി അംഗങ്ങളായ സാബു കണ്ണാട്ടിപ്പുഴയിൽ, വില്ലി വടാമറ്റം, ആലിച്ചൻ ആറൊന്നിൽ, തോമസുകുട്ടി മറ്റക്കാട്ട്

# 19-ാമത് ക്നാനായ കൺവെൻഷൻ പ്രവർത്തന ഉദ്ഘാടനം



19 –ാമത് ക്നാനായ കൺവെൻഷൻ പ്രവർത്തന ഉദ്ഘാടനം സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിക്കുന്നു. ഫാദർ തോമസ് ഏബ്രഹാം കടപ്പനങ്ങാട്ട്, ഫാദർ ജോൺ അമ്മനം കുന്നത്ത്, ഫാദർ ഷാജൻ വലിയവീട്ടിൽ പടിക്കൽ, ബാബു കൊന്നയിൽ പള്ളത്ത് എന്നിവർ സമീപം.

# കർഷക ഐക്യദാർഢ്യ ട്രാക്ടർ യാത്ര



മാർത്തോമ്മാ യുവജനസഖ്യം നയിച്ച കർഷക ഐക്യദാർഢ്യ ട്രാക്ടർ യാത്രയ്ക്ക് ക്നാനായ കോൺഗ്രസ് സമുദായ ആസ്ഥാനമായ മാർ അപ്രേം സെമിനാരിയിൽ സ്വീകരണം നല്കി. പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം, ട്രസ്റ്റി അനീഷ് റ്റി. സി. തകിടിയിൽ, ഫാ. ജോൺമാത്യു, ഫാ. ഷിബിൻ മണിമലേത്ത്, സജി താന്നിക്കൽ, ജേക്കബ് തോമസ് മറ്റയ്ക്കാട്ട്, അനീഷ് കയ്യത്ര, സുമിത്ത് മാക്കോന്തറ, ബിജു വഴിയിൽ എന്നിവർ പ്രസംഗിച്ചു.



Advt -O

## 50th Wedding Anniversary
17-01-2021



*Prayerful Greeting from*
Honey Kuriakose,
Reuel
and Reusha...
Tobjee Thomas,
Pretty,
Tania Tomas
and Tanisha

## K.K. KURIAKOSE and MOLLY KURIAKOSE
Kuzhiparampil, Kattodu

Advt -O

## 50-ാം വിവാഹവാർഷികം

15-02-2021



**എം. റ്റി. ചാക്കോ & അമ്മിണി ചാക്കോ**

മേപ്പള്ളിൽ, മഴുക്കീർ, കല്ലിശ്ശേരി

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി

Advt -O


## യാക്കോബായ സഭയുടെ രാപ്പകൽ സമരം



യാക്കോബായ സഭയുടെ രാപ്പകൽ സമരത്തിൽ കൈകൾ കൂട്ടിക്കെട്ടി അവകാശപ്രഖ്യാപനം നടത്തുന്നു. അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത, അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത, സ്ലീബാ പോൾ വട്ടവേലിൽ കോർ എപ്പിസ്കോപ്പ, ടി. ഒ. ഏബ്രഹാം തോട്ടത്തിൽ (ക്നാനായ സമുദായ സെക്രട്ടറി) എന്നിവർ സമീപം


## 1st Death Anniversary

16-02-2021



**SAM KURIAKOSE**
**(SAMKUTTICHAYAN)**
**Mangachalil, Vilakkuvettom, Punalur**
(Former Association Member)

"നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു.
ന്യായപതിയായ കർത്താവ് നീതിയുടെ കിരീടം
എനിയ്ക്കായി വച്ചിരിക്കുന്നു"


Advt -O

Inserted by Sorrowing Family



## First Death Anniversary

26-02-2021



**THANKACHAN**
**(P.C.ABRAHAM)**
**Kulangoor (Parapputhara)**
**Neelamperoor, Eara**

Advt -O


By Sorrowing Family Members

## 40 – ാം ചരമദിനം
10 – 2 – 2021



**Aleyamma Chacko**

## 10 – ാം ചരമവാർഷികം
4 – 11 – 2020



**V.M.Chacko**

വളയനാട്ട്, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



# In Loving Memory of

## Mrs. Mema Zachariah
**Nov 18, 1950 - Jan 17, 2021**

It is with deepest sorrow and regret that we announce the loss of our beloved Amma. She leaves behind her beloved husband Mr. Thomas Zachariah (Babuji) Coipurathu, (Springfield, MA) after 50 yrs of marriage to join eternal rest. She passed peacefully at home surrounded by her entire family. She is the daughter of Late Mr. P. M Punnoose & Late Mrs. Kunjamma Punnoose, Valiaparambil (Poovalil), Velianad.

**Children:** Tom (Anoop) & Sneha Zachariah (Neettukattu), Los Angeles, CA
Punnoose (Anand) & Maria Zachariah, Springfield, MA
**Grandchildren:** Joshua, Issac, Aisha & Hannah

**Siblings:** Late Mr. Markose Punnoose (Babu)
Late Adv P P Joseph (Rajan) & Alice
Mrs. Suma & Dr George Kurian (Chicago)
Mrs. Elizabeth (Luna) & Elias Zachariah

Advt - O

## 5-ാം ചരമവാർഷികം



**കെ. പി. തോമസ് (തോമാച്ചൻ)**

കൊണ്ടൂർ

മാതാ എഞ്ചിനീയറിംഗ് വർക്സ് , ചിങ്ങവനം

Advt -G

## 12 – ാം ചരമ വാർഷികം

4 – 03 – 2021



**ജോസഫ് സഖറിയ**

പാലക്കുടിയിൽ, ചിങ്ങവനം

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

## 40th Day of Demise

9-2-2021



**GEORGEKUTTY**

**Kuttisseril, Kurichy, Kottayam**

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

by Sorrowing Family

Advt -S

## 40 – ാം ചരമദിനം

**12-2-2021**



**ചിന്നമ്മ മാത്യു**

ആലഞ്ചേരിൽ, വാകത്താനം

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

**58 –ാം ചരമവാർഷികം**

3 – 3 – 2021

**14 –ാം ചരമവാർഷികം**

4 – 2 – 2021

**1 –ാം ചരമവാർഷികം**

2 – 2 – 2021







**മറിയാമ്മ പുന്നൂസ്**
(കൊച്ചുമറിയാമ്മ)

**പി. എം. പുന്നൂസ്**
(ബേബി)

**ഷൈനി മാത്യു**
(ഹാൻസിമോൾ)

പെരുമ്പള്ളിപറമ്പിൽ, കോട്ടയം

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

**1 –ാം ചരമവാർഷികം**

**7-2-2021**



**കെ. എൻ. രാജൻ**

ഇരണയ്ക്കൽ, തുരുത്തിക്കാട്


"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

**11 –ാം ചരമ വാർഷികം**

**21 – 2 – 2021**



**കെ. സി. തോമസ്** (തോമാച്ചൻ)

കടവിൽ, കാരാപ്പുഴ, കോട്ടയം

***സന്തപ്ത കുടുംബാംഗങ്ങൾ***

Advt - R



## 13 –ാം ചരമ വാർഷികം

17 – 3 – 2021

# കെ. സി. ജോസഫ്

**(അനിയൻകുഞ്ഞ്)**

**കോയിക്കൽ, അങ്ങാടി, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

കോയിക്കൽ സോമിൽ, അങ്ങാടി, റാന്നി.

കോയിക്കൽ ഫർണിച്ചർ മാർട്ട്, മാമൂക്ക്, റാന്നി
9446708529

കോയിക്കൽ ഫർണിച്ചേഴ്സ്, അങ്ങാടി, റാന്നി

9447395775

സന്തപ്തകുടുംബാംഗങ്ങൾ

Advt - S

## 15 –ാം ചരമ വാർഷികം

28 – 2 – 2021

## 21 –ാം ചരമ വാർഷികം

29 – 1 – 2021



**Chinnamma Thomas** **N. U. Thomas**

**Neduvoppil, Eara**

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - R

## 6th Death Anniversary

25-2-2021

## 18th Death Anniversary

21-7-2021



**Mariamma Chacko**

(Retd. H. M. St. Thomas HSS, Ranny

**Dr. P. T. Philip**

(Retd. Joint Director, AHD - Kerala)

**Paranickal, Vaikom, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 40-ാം ചരമദിനം

21-2-2021



Advt -O

**കെ.സി. സ്കറിയ (80)**

(ബേബി)

**കല്ലുകുളത്തിൽ, ചിങ്ങവനം**

(ക്യാപ്റ്റൻ (Rtd) ഇൻഡ്യൻ ആർമി)

*സന്തപ്ത കുടുംബാംഗങ്ങൾ*

## രണ്ടാം ചരമവാർഷികം

26-02-2021



Advt -O

**ശോശാമ്മ മാത്യു** (ലീലാമ്മ)

**ഉള്ളാട്ടിൽ, ഓതറ, തിരുവല്ല**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

# നോമ്പുകാലം

ഫാ. ഷാജൻ കുര്യൻ, വലിയവീട്ടിൽപടിക്കൽ


പുണ്യം പൂക്കുന്ന പൂക്കാലമാണ് നോമ്പുകാലം. മൂന്ന് നോമ്പ് വിശുദ്ധിയോടെ ആചരിച്ച് 18 ദിവസം കഴിയുന്നതോടെ വലിയനോമ്പിലേക്ക് വി. സഭ പ്രവേശിക്കുകയാണ്. വി. സഭയുടെ ആചാരാനുഷ്ഠാനങ്ങളിൽ വളരെ പ്രധാനപ്പെട്ട അനുഷ്ഠാനമാണ് നോമ്പാചരണം.

'നോമ്പ് ' എന്നതിന് നോവുള്ള അൻപ് അഥവാ വേദന ഉളവാക്കുന്ന സ്നേഹം എന്നാണ് അർത്ഥമാക്കുന്നത്. നമ്മുടെ വലിയനോമ്പിലെ പ്രാർത്ഥനയിൽ ഇപ്രകാരം നാം പ്രാർത്ഥിക്കുന്നു. “സ്നേഹം കൂടാതെ ഒരുവൻ നോമ്പ് നോക്കുന്നു എങ്കിൽ അവന്റെ വ്രതത്തിന് യാതൊരു വിശേഷതയും ഇല്ല. പ്രാർത്ഥന സ്നേഹിക്കപ്പെട്ടതാകുന്നു. സ്നേഹം അതിനെ കരേറ്റുന്നില്ലാ എങ്കിൽ അതിന്റെ ചിറക് ബലഹീനമുള്ളതാകുന്നു”. വലിയ നോമ്പിൽ യേശുവിന്റെ കുരിശിലെ സ്നേഹമാണ് നാം മാതൃകയാക്കുന്നത്. ഇവിടെ ആണ് നോവുള്ള സ്നേഹം ദർശിക്കുന്നത്. അതിന്റെ പരിസമാപ്തി ആണ് കാൽവരി കുരിശിൽ യേശു വെളിവാക്കുന്നത്.

മൂന്നു നോമ്പിലും വലിയ നോമ്പിലും ഉച്ചവരെ എങ്കിലും ഉപവസിച്ച് പ്രാർത്ഥിക്കണമെന്ന് സഭ നിഷ്കർഷിക്കുന്നു. അതുകൊണ്ടാണ് വലിയനോമ്പിൽ ശനിയും ഞായറും ഒഴികെ മറ്റു ദിവസങ്ങളിൽ വി. കുർബാന അർപ്പിക്കാത്തത്. അതായത് ഉപവാസ ലംഘനം ഉണ്ടാവാതിരിക്കാനാണ് ഈ ക്രമീകരണം തുടർന്നുപോകുന്നത്.

നാം ഭക്ഷണം വെടിയുമ്പോൾ ആയത് അർഹരായ വ്യക്തികളെ കണ്ടുപിടിച്ച് അവരിൽ ജീവകാരുണ്യമായി എത്തിച്ചേർക്കുമ്പോൾ മാത്രമേ നമ്മുടെ ഉപവാസം ദൈവം ആഗ്രഹിക്കുന്ന തലത്തിൽ എത്തുകയുള്ളൂ. ഇതിനെപറ്റിയാണ് യെശയ്യാ പ്രവാചകനിലൂടെ യഹോവയായ ദൈവത്തിന് ഇഷ്ടമുള്ള നോമ്പിനെപ്പറ്റിയും ഉപവാസത്തെക്കുറിച്ചും യെശയ്യ 58:5–7 ൽ വ്യക്തമാക്കുന്നത്. “എനിക്ക് ഇഷ്ടമുള്ള നോമ്പും മനുഷ്യൻ അനുതാപം ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ? തലയെ വേഴത്തെപ്പോലെ കുനിയിക്കുക, രട്ടും വെണ്ണീറും വിരിച്ച് കിടക്കുക, ഇതാകുന്നുവോ ഉപവാസം? ഇതിനോ നീ നോമ്പെന്നും യഹോവെക്കു പ്രസാദ ദിവസമെന്നും പേർ പറയുന്നതു? അന്യായ ബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്ക; എല്ലാ നുകത്തെയും തകർക്കുക; ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം? വിശപ്പുള്ളവർക്ക് നിന്റെ അപ്പം നുറുക്കികൊടുക്കുന്നതും, അലഞ്ഞ് നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്ത് കൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസ രക്തങ്ങൾ ആയിരിക്കുന്നവർക്ക് നിന്നെ തന്നെ മറയ്ക്കാതിരിക്കുന്നതും അല്ലയോ?

ആയതുകൊണ്ട് നോമ്പിൽ ദൈവത്തിന്റെ പ്രസാദം ലഭിക്കണമെങ്കിൽ യെശയ്യാ പ്രവചനത്തിലൂടെ കർത്താവ് അരുളി ചെയ്യുന്നതുപോലെ മറ്റുള്ളവർക്ക് നമ്മളിലൂടെ ദൈവത്തെ അനുഭവിച്ചറിയുവാൻ കഴിയണം. വലിയനോമ്പിന്റെ സന്ധ്യാപ്രാർത്ഥനയിൽ ഇപ്രകാരം നാം പ്രാർത്ഥിക്കുന്നു. “ശുദ്ധമുള്ള നോമ്പ് ജയത്തിന്റെ അടയാളവും ശത്രുവായ ദുഷ്ടന്റെ നേരെ തോൽക്കാത്ത ആയുധവും ആകുന്നു.” വി. മത്തായി 4:1–2, അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നടത്തി. അവൻ 40 പകലും 40 രാവും ഉപവസിച്ച ശേഷം അവന് വിശന്നു.



മൂന്നു കാര്യങ്ങളാണ് ഇവിടെ പറയുന്നത്.

1, അവൻ മരുഭൂമിയിൽ 40 ദിവസം ഉപവസിച്ചു.

2, അവൻ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടു.

3, അവൻ പ്രാർത്ഥിച്ചും ഉപവസിച്ചും സമയം ഉപയോഗിച്ചു.

ഇവിടെ യേശുവിന്റെ ദൗത്യം പിശാചിനെ തോൽപിക്കുക ആയിരുന്നു. പാപത്തെ കീഴടക്കുകയായിരുന്നു. വി. നോമ്പിൽ നമുക്ക് പാപത്തിന്റെ മേലുള്ള വിജയം നേടുവാൻ ജഡത്തെ കീഴടക്കുവാൻ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ ദൈവശക്തിനേടിയെടുക്കാൻ കഴിയണം. ആയതിന് മരുഭൂമിയുടെ അനുഭവത്തിലൂടെ കടന്നുപോകുന്നു. മരുഭൂമി നിശബ്ദതയുടെയും ഏകാഗ്രതയുടെയും നിശ്ചലതയുടെയും ഇടമാണ്. നോമ്പാകുന്ന മരുഭൂമി അനുഭവത്തിലൂടെ ശത്രുവാകുന്ന സാത്താനെ തോൽപിക്കുവാൻ നാം ശക്തരാകണം നോമ്പിൽ പല പരീക്ഷകളും പ്രലോഭനങ്ങളും ഉണ്ടാകാം. ഇവയെല്ലാം അതിജീവിച്ച് ദൈവശക്തിയിൽ തുടർന്നും നിലനിൽക്കുവാൻ നമുക്ക് ശക്തിനേടണം.

പരസ്പരം 'നിരപ്പ്' പ്രാപിച്ചിട്ട് വേണം വലിയനോമ്പിലേക്ക് പ്രവേശിക്കുവാൻ. ആയതുകൊണ്ടാണ് വലിയനോമ്പ് ആരംഭിക്കുന്ന തിങ്കളാഴ്ച 'ശുബുക്കോനെന ശുശ്രൂഷ വി.സഭ ക്രമീകരിച്ചിരിക്കുന്നത്. ഇത് പരസ്പരനിരപ്പ് പ്രാപിക്കുവാനുള്ള സന്ദേശമാണ് നൽകുന്നത്. ഈ ശുശ്രൂഷയിൽ വി.ഏവൻഗേലിയോൻ വായിച്ച് കഴിഞ്ഞിട്ട് നിരപ്പിനെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും പ്രസംഗിക്കണമെന്ന് പ്രത്യേകം പരാമർശിച്ചിരിക്കുന്നു. ഈ ശുശ്രൂഷയിൽ അവസാന ഭാഗത്ത് കാർമികനായ പട്ടക്കാരൻ വിശ്വാസികൾക്ക് അഭിമുഖമായി നിലത്ത് മുട്ട് കുട്ടി തന്നിൽനിന്ന് അറിവോടോ അറിവുകൂടാതെയോ വന്നുപോയിട്ടുള്ള തെറ്റുകളെ തന്നോട് ക്ഷമിക്കണമെന്ന് അപേക്ഷിക്കുകയും ആയതിന് വിശ്വാസികൾ കാർമികനോട് നിരപ്പ് പ്രാപിച്ച് കാർമികന് അഭിമുഖമായി നിലത്ത് മുട്ടുകുത്തുന്നു. തുടർന്ന് വിശ്വാസികൾ കാർമികനായ പുരോഹിതന്റെ കരങ്ങൾ മുത്തി പരസ്പരം കയ്യസൂരി നല്കി ശുശ്രൂഷ പൂർത്തിയാക്കുന്നു. എത്ര ഹൃദയസ്പർശിയായ ശുശ്രൂഷയാണിത്. ഈ ശുബുക്കോനോ ശുശ്രൂഷയുടെ മഹത്വം തിരിച്ചറിഞ്ഞ് ഈ നോമ്പിലേക്ക് വിശുദ്ധിയോടുകൂടി പ്രവേശിക്കുവാനും വലിയനോമ്പ് അർഥപൂർണ്ണമായി ആചരിക്കുവാനും നോമ്പിലെ യാമപ്രാർത്ഥനകൾ ജൽപ്പനങ്ങളായി തീരാതെ അർഥസമ്പുഷ്ടമായ ഈ പ്രാർത്ഥനകൾ അർഥം മനസ്സിലാക്കി സ്ഫുടമായും വ്യക്തമായും പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പാപങ്ങളെ ഓർത്ത് അനുതപിച്ച് കണ്ണുനീരോടെ പ്രാർത്ഥിക്കുവാനും അങ്ങനെ നമ്മുടെ ഹൃദയത്തിലെ പാപക്കറകൾ കഴുകിക്കളയുവാനും നമ്മുടെ നോമ്പിലും നമസ്കാരത്തിലും യഹോവയായ ദൈവം പ്രീതിപ്പെടുവാനും ഇടയായിത്തീരട്ടെ. നിനവെ നിവാസികളുടെ നോമ്പും നമസ്കാരവും മൂലം അവർ അവരുടെ ദുർമാർഗ്ഗങ്ങൾ വിട്ട് തിരിഞ്ഞു എന്ന് ദൈവം അവരുടെ പ്രവർത്തികളെ കണ്ട് അവരോട് മനസ്സലിഞ്ഞ് അവരുടെ മേലുള്ള അനർഥത്തെ മാറ്റികൊടുത്തതുപോലെ നമ്മുടെ നോമ്പും ഉപവാസവും പ്രാർത്ഥനയും മൂലം ദുർമാർഗ്ഗങ്ങൾ വിട്ട്തിരിഞ്ഞ് മാനസാന്തരത്തിൽ ആയിത്തീരുവാനും ദൈവസന്നിധിയിൽ നിന്ന് കരുണകളും കൃപകളും പ്രാപിക്കുവാനും സംഗതി ആകട്ടെ.

●

---

**11–ാം ചരമവാർഷികം**
**2- 3 - 2021**



**ചിന്നമ്മ ഉതുപ്പാൻ**
**മടുക്കമൂട്ടിൽ**
**പൂവൻതുരുത്ത്**

*സന്തപ്ത കുടുംബാംഗങ്ങൾ*

**1-ാം ചരമവാർഷികം**
**6-2-2021**



**തോമസ്കുട്ടി കെ. എസ്**
**കള്ളിക്കാട്ടിൽ**
**പഴവങ്ങാടി, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*



**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, യു.കെ.**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
**ഷൈല, ചിങ്ങവനം**
**ഒരു വിശ്വാസി, ചിങ്ങവനം**

# നിശബ്ദതയുടെ ശക്തി

ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

